PRATYABHIJNAHRIDAYAM

Advaitha series

ABSTRACT
A comparison of Advaithavedantha and Saivadwaitha , and text of Prathyabhijnahridayam of Kshemaraja

snalapat@gmail.com
Advaitha Philosophy

Pratyabhijnahridayam

പ്രത്യഭിജ്ഞാഹൃദയം

ഡോ സുവർണ്ണ നാലപ്പാട്ട്

1. ആമുഖം
2. ശൈവദർശനവാങ്മയം
3. സ്വാതന്ത്ര്യവാദവും ആഭാസവാദവും
4. ശങ്കരാദ്വൈതവും പ്രത്യഭിജ്ഞയിലെ ശൈവാദ്വൈതവും താരതമ്യം
5. പ്രത്യഭിജ്ഞാഹൃദയം മലയാളം വിവർത്തനം

A comparison of Vedanthic Advaitha and Shaivadwaitha

Patyabhijnahridaya of Kshemaraja with commentary

(Malayalam Translation of Pratyabhijnahridayam)

പ്രത്യഭിജ്ഞാഹൃദയത്തിന് ഒരു ആമുഖം

തന്ത്രശാസ്ത്രവും വൈദികമാണ്. ജോൺ വുഡ്റോഫിന്റെ മഹാനിർവ്വാണതന്ത്രത്തിനുള്ള ആമുഖത്തിൽ കാംഗ്രിമലകളിലെ ഗണപർവ്വതം ദേവയോനികളുടെ വാസസ്ഥാനമാണ്,അവരെ പരാമർശിച്ചാണ് മഹാനിർവ്വാണതന്ത്രം തുടങ്ങു ന്നത്. അവിടത്തെ മാനസസരോവരതീരത്താണ് മഹാനിർവ്വാണതന്ത്രം വെളിപ്പെട്ടത്. വെളിപ്പെടുക അഥവാ റെവലേഷൻ എന്നാൽ ദൈവികവെളിപാട്. ദൈവികദർശനം. അത് മനുഷ്യരാൽ ഗ്രഹിക്കപ്പെടുന്നത് വ്യത്യസ്തരീതികളിലാവാം. ടി.എസ് എലിയട്ടിന്റെ ഇടിമുഴക്കം പറഞ്ഞതെന്താണെന്ന് മൂന്നു ഗുണങ്ങളാൽ നയിക്കപ്പെടുന്ന മൂന്നുപേർ മൂന്നു വിധം വ്യാഖ്യാനിച്ചപോലെ. കവിഭാവനയിൽ ആ വെളിപാട് മൂന്നുപേരിലും പുതിയ മാറ്റത്തിനും ഭാവിക്കുമുള്ള പ്രത്യാശയാവുന്നു.

ഗംഗ വരണ്ടുകിടന്നു. തളർന്ന ഇലകൾ മഴ കാത്തു കിടന്നു. ഹിമവാനു മുകളിൽ ദൂരെദൂരെ കാർമേഘങ്ങൾ ഉരുണ്ടുകൂടുമ്പോൾ കാട് മൌനത്തിൽ മുങ്ങി പതുങ്ങിനിന്നു. ഇടിനാദം പറഞ്ഞു:- ദദദദദ . ആ നാദം പ്രജാപതിയുടെ മൂന്നു മക്കളും ശ്രവി ച്ചു.

ദത്ത,ദയത്വം ,ദമ്യത. മൂന്നുപേരും മൂന്നുവിദം വ്യാഖ്യാനിച്ചു. ധനത്തിൽ ആർത്തി പൂണ്ട മനുഷ്യ രാണ് ദാനം ചെയ്യണമെന്ന് പഠിച്ചത്. കരുണയില്ലാ ത്ത ദാനവരാണ് നാം ദയ കാണിക്കണം എന്ന് പഠിച്ചത്. ആഢംബരപ്രിയരായ ദേവന്മാരാണ് ദമം പരിശീലിക്കണമെന്ന് പഠിച്ചത് ഏതു ശാസ്ത്രവും ഏതു വാക്കും ഏത് അക്ഷരവും മഹത്താവുന്നത് നല്ല ചിന്തയിലേക്കും അതുവഴി നല്ല ഭാവിയിലേ ക്കും വാതിൽ തുറന്നുതരുമ്പോഴാണ്.

ഗണപർവ്വതത്തിനു മുകളിൽ പ്രപഞ്ചകർണ്ണികയാ യി മേരു. മുല്ലപ്പൂമാല പോലെ നക്ഷത്രഹാരങ്ങൾ. ലഹസ്രാരപത്മത്തിലിരുന്ന് ചന്ദ്രചൂഢനായ ശിവൻ യാമളത്തിലൂടെ തത്വം പഠിപ്പിക്കുന്നു. അത് നാം തന്നെ നമ്മെ കണ്ടെത്തലാണ്. ജീവാത്മാവു തന്നെ യാണ് ശിവശക്തിരൂപമായി സംവദിച്ചുകൊണ്ട് യാമളം പഠിപ്പിക്കുന്ന ശിവബോധം. കല്ലുകഭട്ടൻ വൈദികീ താന്ത്രികീ ചൈവ ദ്വിവിധാ ശ്രുതി കീർത്തിതാ എന്ന് തന്ത്രത്തെ ശ്രുതിയായിത്തന്നെ പറയുന്നു. വൈദികി(വേദം)പഠിക്കാനുള്ള ആരോ ഗ്യവും ആയുസ്സും കഴിവും സദാചാരവും കലി യുഗത്തിൽ ഇല്ലാത്തതുകൊണ്ടാണ് ഈ കാലത്ത് മനുഷ്യരോടുള്ള കരുണയാൽ ശിവൻ താന്ത്രികി ഉപദേശിച്ചത് എന്ന് പറയുന്നതിലെ സാംഗത്യം ആലോചനാർഹമാണ്. യാമളം,ദാമരം,ശിവസൂത്രം എന്ന് മൂന്നുവിധമായിരുന്നു ഉപദേശം.

ശരീരത്തിൽ മൂന്നേക്കാൽകോടി സൂക്ഷ്മവും സ്ഥൂല വുമായ നാഡികളുണ്ട്. ഇവയെല്ലാം സുഷുമ്ന എ ന്ന ബ്രഹ്മനാഡിയിലാണ് വന്നുചേരുന്നത്. സുഷുമ്ന അഗ്നിരൂമായ വാക്ക് അഥവാ സരസ്വതീരൂപമാണ്

.(പര). ഇടത്ത്(ഇഡ) വലത്ത് (പിംഗള) എന്നീ ച്ന്ദ്രസൂര്യനാഡികൾ ഗംഗായമുനകളാണ്. സുഷ്മ്‌ന യുടെ അകത്ത് സൂര്യരൂപിണിയായ വജ്രിണി, ചന്ദ്ര രൂപിണിയായ ചിത്രിണി ഇവയുണ്ട്.(സുഷുമ്ന യിലെ വിളർത്തഭാഗം ചന്ദ്രരൂപമായ ചിത്രിണി. കറുത്ത ഭാഗം സൂര്യരൂപിണിയായ വജ്രിണി. (സ്പൈനൽകോഡിലെ വെളുത്തും കറുത്തും കാ ണുന്ന ഭാഗം) ഇഡപിംഗളസുഷുമ്നകൾ (ഗംഗായമു നാസരസ്വതി) ആജ്ഞാചക്രത്തിൽ പരസ്പരം പി ണഞ്ഞ നാഗമിഥുനം പോലെ (വൈദ്യശാസ്ത്രചിഹ്ന മായ കഡ്യൂഷ്യസ് ദണ്ഡം) ഒരുമിക്കുന്നു. അതിനാ ൽ ആജ്ഞ മുക്തത്രിവേണിയായി അറിയുന്നു. മൂലാധാരം യുക്തത്രിവേണി എന്നും വിളിക്കപ്പെടു ന്നു. ആജ്ഞാചക്രം പരമമായ ഹകാരാർദ്ധമാണ്. ഹ,ക്ഷ ഇവ അരുണഛവിയോടെ പ്രണവാകൃതി യിൽ തോജോമയലിംഗമായി അവിടെ കാണപ്പെടു ന്നു. ഹംസരബപമായി പരശിവനും ശക്തിയും (സിദ്ധകാളി) അവിടെ ത്രികോണരൂപമായ ത്രിമൂ ർത്തികളായി (ബ്രഹ്മാ,വിഷ്ണു,മഹേശ്വരി) ജ്ഞാ നമുദ്ര, കപാലം,ഡമരു,അക്ഷമായ ധരിച്ച് ഇരിക്കു ന്നു. അവരാണ് ദീക്ഷ തരുന്നത്.

ദീക്ഷ നാലുവർണ്ണത്തിനും തരുന്നു. അവരവരുടെ കഴിവനുസരിച്ചാണ് ദീക്ഷ. കാളികാപുരാണം ഉദാത്തം,അനുദാത്തം,പ്രചയം എന്നീ ദീക്ഷകളാണ് ആദ്യച്ചെ മൂന്നുവർണ്ണത്തിനു പറയുന്നത്. ഔം എ ന്ന സ്വരമാണ് നാലാംവർണ്ണത്തിനു ദീക്ഷ. അനുസ്വാ രവും നാദവും ഔ എന്ന സ്വരവും ചേർന്നതാണ് ഔം. പ്രണവം ആദ്യമോ അവസാനമോ ഉച്ചരി ക്കാനും അധികാരമുണ്ട്. ദ്വിജന് ആദ്യവും അവ സാനവും അത് ഉച്ചരിക്കാമെന്ന ഭേദമേ ഉള്ളു.

തന്ത്രഗ്രന്ഥപഠനങ്ങളിൽ ഇതുവരെ ട്രസ്റ്റ് പഠിക്കയും പ്രസിദ്ധീകരിക്കയും ചെയ്ത ഗ്രന്ഥങ്ങൾഃ-

1. പത്മസിന്ധു(സൌന്ദര്യലഹരി)
2. ശ്രീവിദ്യാപ്രസ്ഥാനത്രയം (ലളിതാസഹസ്രനാമം, ഭാവനാ ഉപനിഷത്ത്, വരിവസ്യാരഹസ്യം)
3. ശാരദാതിലകതന്ത്രം (ലക്ഷ്മണദേശികേന്ദ്ര) രാഘവഭട്ടന്റെ ഭാഷ്യസഹിതം
4. സ്പന്ദശാസ്ത്രം
5. പരാത്രിശിഖാവിവരണം
6. യോഗിനീഹൃദയം
7. വാമകേശ്വരീമതം
8. ലളിതാത്രിശതീഭാഷ്യം
9. തന്ത്രസാരം
10. വിജ്ഞാനഭൈരവതന്ത്രം
11. ഉൽപ്പലദേവനും അഭിനവഗുപ്തനും ഇന്ത്യൻഫിലോസഫിയും
12. വാചസ്പതിമിശ്രനും അദ്വൈതവേദാന്തവും

ഈ ലിസ്റ്റിനോട് പ്രത്യഭിജ്ഞാഹൃദയം കൂടി ചേർക്കുകയാണ്. വേദാന്തദർശനത്തെ വേദാന്തസാരം, തന്ത്രദർശനത്തെ തന്ത്രസാരം മുതലായ ലഘുഗ്രന്ഥങ്ങളാൽ പഠിക്കാവുന്നപോലെ പ്രത്യഭിജ്ഞാദർശനത്തെ പഠിക്കാനുള്ള ലഘുഗ്രന്ഥമാണ് ക്ഷേമരാജന്റെ പ്രത്യഭിജ്ഞാഹൃദയം. ശൈവധർമ്മം സംസാരത്തിലെ പ്രാചീനധർമ്മമാണെന്ന് സർ ജോൺ മാർഷൽ പറയുന്നു. ചെമ്പുയുഗത്തിനു മുമ്പേ അതുണ്ട്. സൈന്ധവസംസ്കൃതിയിലെ ശിവലിംഗങ്ങൾ ഇതിനു നിദാനമാണ്. ശിവലിംഗം എന്നത് ത്രിമൂർത്തിസ

ങ്കൽപ്പമാണ്. താഴെ ചതുരമായി ബ്രഹ്മപീഠം, അതി
നുമുകളിൽ അഷ്ടദളപത്മമായി വിഷ്ണുയോനി. അ
തിലാണ് ശിവലിംഗം ഉറപ്പിച്ചിരിക്കുന്നത്.
ഭാരതത്തിലെ ശൈവാഗമത്തെ ഭൂമിശാസ്ത്രപരമാ
യി മൂന്നായി തിരിക്കാരുണ്ട്. രണ്ടെണ്ണം കർണ്ണാടക
ത്തിലും തമിഴകത്തും (കേരളം ഉൾപ്പെടെ) ദക്ഷിണേ
ന്ത്യയിലാണ്. മൂന്നാമത്തേത് ഉത്തരേന്ത്യയിലെ കാ
ശ്മീരത്തിലും.മൂന്നിലും സാമാന്യലക്ഷണങ്ങളും വി
ശേഷാന്തരങ്ങളുമുണ്ടെങ്കിലും പൊതുവെ ശൈവാ
ദ്വൈതമാണ് പ്രതിപാദ്യം. ഭാരതീയദർശനം ബൌ
ദ്ധികമായ വികാസത്തിനു മാത്രമുള്ള വസ്തുവല്ല,
വെറുമൊരു ചിന്താസരണിയുമല്ല. നിരർത്ഥകമായ
കുതൂഹലത്തിൽനിന്ന് മാത്രം ജനിച്ചതല്ല. ബൌദ്ധിക
വ്യായാമവുമല്ല. ഇവിടത്തെ ദാർശനികർ ജീവരഹ
സ്യം അറിയാനുള്ള ഗംഭീരമായ ആന്തരപ്രേരണയാ
ൽ പ്രചോദിതരായവരും, തീവ്രമായ അദ്ധ്യാത്മിക
സാധനയിൽ വ്യഗ്രരും ജീവനെ രൂപാന്തരപ്പെടുത്തു
ന്ന പ്രകാശത്തെ ദർശിച്ചവരുമായിരുന്നു. സഹജീവി
കളോടുള്ള കരുണയാൽ പ്രേരിതരായി, താനനുഭവി
ച്ച സത്യത്തെ താർക്കികബുദ്ധിയാലപഗ്രഥിച്ച്, സംശ
യരഹിതമാക്കി മാത്രം ഉപദേശിച്ചവരാണ്.
പിൽക്കാലത്ത്, ആചാരങ്ങളുടെ നൂലാമാലകളിൽ
ദർശനം വിസ്മൃതപ്രായമായപ്പോൾ, അവയെ വീ ണ്ടും
പുനരുദ്ധരിച്ച് പ്രചരിപ്പിച്ചവരാണ്. കാശ്മീ രിൽ
ഇപ്രകാരം പുനരുദ്ധരിച്ചവരുടെ കൂട്ടത്തിൽ
ആദ്യത്തെ നാമമാണ് വസുഗുപ്തന്റേത്. എണ്ണൂറുക
ളുടെ അവസാനത്തിൽ മുതൽ, ഒരു ജീവിതകാലം
മുഴുവനും പഠിച്ചാലും അവസാനിക്കാത്ത അത്ര യും
ശൈവദർശനവാങ്മയം വർദ്ധിച്ചു.

ശൈവദർശനവാങ്മയം

ആഗമം,സ്പന്ദം,പ്രത്യഭിജ്ഞ എന്ന് മൂന്നുവിധമായി ശാസ്ത്രം പഠിപ്പിക്കപ്പെട്ടു. പ്രത്യഭിജ്ഞാദർശനത്തി ന്റെ സാരമാണ് ക്ഷേമരാജന്റെ പ്രത്യഭിജ്ഞാഹൃദ യം. ഗുരുവായ അഭിനവഗുപ്തന്റെ ബഹുമുഖപ്ര തിഭക്ക് മാറ്റുകൂട്ടും വിധം പ്രതിഭാശാലിയായിരു ന്നു ക്ഷേമരാജനും. ഗുരു തന്ത്രം,യോഗം, ദർശനം, കാവ്യം, നാട്യശാസ്ത്രം ഇവയിലെല്ലാം അനുപമവി ശേഷജ്ഞൻ. ശിഷ്യനായ ക്ഷേമരാജന്റെ കൃതികൾഃ- പ്രത്യഭിജ്ഞാഹൃദയം,സ്പന്ദസന്ദോഹം(സ്പന്ദനിർണ്ണ യം),സ്വഛന്ദോദ്യോതം, നേത്രോദ്യോതം, വിജ്ഞാന ഭൈരവോദ്യോതം, ശിവസൂത്രവിമർശിനി, സ്തവ ചിന്താമണിടീക,പരാപ്രവേശിക, തത്വസന്ദോഹം. വേദാന്തത്തിൽ വേദാന്തസാരത്തിനുള്ള സ്ഥാനം ശൈവത്രികവാങ്മയത്തിൽ പ്രത്യഭിജ്ഞാഹൃദയ ത്തിനുണ്ട്. .സംക്ഷിപ്തമായി കുശലതയോടെ പ്ര ത്യഭിജ്ഞയെ അവതരിപ്പിക്കുന്നു. ഗ്രന്ഥാരംഭത്തിൽ പറയുന്നുഃ-

ഇഹ യേ സുകുമാരമതയോകൃത തീക്ഷ്ണതർക്ക ശാസ്ത്രപരീക്ഷയാഃ ശക്തിപാതോന്മിഷിത പാരമേ ശ്വര സമാവേശാഭിലാഷഃ കതിശ്ചിത് ഭക്തിഭാജഃ തേഷാമീശ്വരപ്രത്യഭിജ്ഞോപദേശതത്വം മനാക് ഉന്മീല്യതേ. (ലോകത്തിൽ ചിലർ സുകുമാരബുദ്ധിക ളായി കഠിനമായ തർക്കശാസ്ത്രപരീക്ഷണം ചെയ്യു ന്നില്ല. പരമേശ്വരാവേശവശാൽ,അതിനുള്ള അഭിലാ ഷം വന്നാൽ അവരിലും ശക്തിപാതം വികസിതമാ യിത്തീരും. അവർക്ക് ഈശ്വരപ്രത്യഭിജ്ഞയുടെ ഉ പദേശം കൊണ്ട് തത്വം ഉന്മീലനം ചെയ്യപ്പെടും.)

തർക്കം ഉള്ളതുകൊണ്ട് ഉൽപ്പലന്റെ ഗംഭീരഗ്രന്ഥം പഠിക്കാൻ സാധിക്കാത്തവർക്ക് എളുപ്പമായ ഒരു ലഘുഗ്രന്ഥം രചിച്ചു,ക്ഷേമരാജൻ.തുടക്കക്കാർക്കും ഇത് ഉപകാരമാവും. പ്രത്യഭിജ്ഞ അഥവാ പ്രതി അഭിജ്ഞ (ഓരോരുത്തരിലുമുള്ള ഓർമ്മ) ഒരു വീ ണ്ടും ഗ്രഹിക്കലാണ്. ജീവൻ ശിവമാണ്. ആ വാ സ്തവസ്വരൂപം മറന്നിരിക്കുന്നു. പ്രത്യഭിജ്ഞ വീ ണ്ടും ആ സ്വസ്വരൂപം ഓർമ്മവരലാണ്, ഗ്രഹി ക്കലാണ്. താൻ ശിവനാണെന്നതിന്റെ അറിവിന്റെ ഉദയമാണ്. ശിവനല്ലാതെ ഒന്നില്ല. ആ ശിവനാണ് ഞാൻ. ശിവോഹം. ഈ ദർശനത്തിൽ മന്തവ്യമായ മുഖ്യശീർഷകങ്ങൾ- പരമാർത്ഥതത്വം, ജഗത്ത്, സ്വാതന്ത്ര്യവാദം, ആഭാസവാദം, ഷഡധ്വാ, ശാങ്കരാ ദ്വൈതവാദതാരതമ്യം , ജീവനും ബന്ധവും മോക്ഷ വും ഇവയെല്ലാമാണ്. ആദ്യം പരമാർത്ഥതത്വം ,ജഗത്ത് ഇവയെ പരിശോധിക്കാം.

പരമാർത്ഥം- ചിത് അഥവാ പരമാർത്ഥസംവിത്ത്. പരിവർത്തനശീലമായ പദാർത്ഥങ്ങളിലെല്ലാം നി ർവ്വികാരമായി പരിവർത്തനരഹിതമായി ഇരിക്കു ന്ന തത്വം.അവിഭാജ്യമായ ചേതന മാത്രമാണത്. വേദനാസമാനമായ അവ്യവഹിതത്വം വരുന്നത് അഹം,ഇദം ഇവയുടെ ഉൽപ്പത്തിയും, ജ്ഞന,ജ്ഞേ യഭേദവും വരുന്നത്, ഒന്നും തന്നെ അതല്ല. പ്രത്യ ഭിജ്ഞാശാസ്ത്രത്തിന്റെ ശബ്ദത്തിൽ ഇത് പ്രകാശ വിമർശമയം ആണ്. പരമാർത്ഥം അഥവാ പരമത ത്വമാണ് പരമേശ്വരൻ. അത് പ്രകാശമാത്ര മാത്രമല്ല. എല്ലാം അവനാലാണ് പ്രകാശിക്കപ്പെടുന്നത്. കഠോ പനിഷത്ത്ഃ- തമേവ ഭാന്തമനുഭാതി സർവ്വം തസ്യ ഭാസാ സർവ്വമിദം വിഭാതി. ശങ്കരവേദാന്തവും അ തിനെ പ്രകാശമെന്ന് വിളിക്കുന്നു. സൂര്യനും താര

വും രത്നവും പ്രകാശിക്കുന്നത് ഈ പ്രകാശത്താ ലാണ്. ഒരേ സമയം പ്രകാശവിമർശശക്തിയാണ്. സ്വന്തം ഈക്ഷണം ചെയ്യാനുള്ള ശക്തിയാണത്. സ്വയംവിമർശശക്തി(നിരീക്ഷണശക്തി) ബോധത്താൽ ബോധത്തെ വീക്ഷിക്കുന്നു.അകൃത്രിമമായ ശുദ്ധസ്വാ ഭാവികമായ അഹം സ്ഫുരണം ചെയ്യുമ്പോൾ അ ഹം,ഇദം ഇവയുടെ വ്യവധാനത്താൽ ശൂന്യ,അവ്യ വഹിതമായ സ്വം എന്ന ബോധം ഉണ്ടാവുന്നു. ഈ ബോധപ്രകാശം പ്രകാശം മാത്രമാണ്,വിമർശമില്ല എന്ന് വരുന്ന പക്ഷം അവിടെ നിരീശ്വരത്വവും ജഡത്വവും സംഭവിക്കുന്നു. യദി നിർവ്വിമർശഃ സ്യാദ് അനീശ്വരോ ജഡശ്ച പ്രസ്രജേത് (പരാപ്രാ വേശികം). വിമർശം ബോധത്തിന്റെ സ്വബോധമാണ്. ജഗത്സൃഷ്ടിസ്ഥിതിസംഹാരകാരണമാണ്. സൌന്ദര്യല ഹരിയിലെ ആദ്യശ്ലോകം ശക്തിയില്ലാതെ സ്പന്ദി ക്കാനും കൂടി അശക്തനാണ് ശിവനെന്ന് പറയുന്നത് ഈ ശക്തിയെയാണ്.ചിത്തിന്റെ ചിദ്രൂപിണീശക്തി യാണ് വിമർശം. വിമർശശക്തിനാമങ്ങളാണ് പരാ വാക്ക്, പരാശക്തി, സ്വാതന്ത്ര്യശക്തി, ഐശ്വര്യശ ക്തി, കർതൃത്വശക്തി, സ്ഫുരത, സാരം,ഹൃദയ, സ്പന്ദശക്തികളെല്ലാം. അതിനാൽ പരമമായ തത്വം ചിന്മാത്ര മാത്രമല്ല, ചിത്ശക്തികൂടിയാണ്. സർവ്വ സംഗ്രാഹിയായ ചിത്ത് അനുത്തരമാണ്. അതിനേ ക്കാൾ പരമമായി മറ്റൊന്നില്ല. വിശ്വോത്തീർണ്ണവും വിശ്വമയവുമാണ് അത്.

ജഗത്ത്ഃ-പരമാർത്ഥതത്വത്തിന് അനന്തം ശക്തികളു ണ്ട്. ത്രികാലങ്ങളും ബീജരൂപത്തിൽ അതിലടങ്ങി യിരിക്കുന്നു.അസ്ഥാസ്യദേകരൂപേണ വപുഷാപേന്മ ഹേശ്വരഃ മഹേശ്വരത്വം സംവിത്വം തദന്യക്ഷദ്

ഘടാദിവത് (തന്ത്ര. 3.100) ഏകമായ മഹേശ്വരന് അനന്തം രൂപമെടുക്കാൻ കഴിവില്ലായിരുന്നുവെങ്കിൽ, മഹേശ്വരത്വം ജഡമായ ഘടത്തിനു തുല്യമായേനേ. ശക്തി ശക്തിമാനിൽനിന്ന് വിഭിന്നമല്ല. അതിന്റെ തന്നെ രൂപമാണ്. പരമമായ അനുഭൂതിയി ൽ ഇദം എന്നത് അഹം തന്നെയാണ്. വിമർശശ ക്തി ശൂന്യമല്ല. അതിൽ സർവ്വവും ഉണ്ട്.

യഥാന്യഗ്രോധബീജസ്ഥഃ ശക്തിരൂപോ മഹാദ്രുമഃ
തഥാ ഹൃദയബീജസ്ഥം വിശ്വമേതച്ചരാചരം
(പരാപ്രാവേശിക)മഹേശ്വരഹൃദയബീജത്തിലിരിക്കുന്ന അവ്യക്തമായ
വിമര്ശശക്തി,മഹാവൃക്ഷമായി ജഗത്തായി രൂപമെടുക്കുന്നു. ഈ ഉദാഹരണം ഉപ
നിഷത്തുകളിലുള്ളതാണ്.(ഛാന്ദോഗ്യം നോക്കുക) മറ്റൊരുദാഹരണവും ഉപനിഷത്തിൽനിന്ന് സ്വീകരിച്ചിരിക്കുന്നു.മയിൽക്കുഞ്ഞ് മയൂരാണ്ഡരസത്തിലിരിക്കുന്ന പോലെ. രണ്ട് ഉദാഹരണവും ശങ്കരഭാ ഷ്യം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. (സുധാസിന്ധു ഉപനിഛദ് ഭാഷ്യം നോക്കുക). മഹേശ്വരശക്തിയാണ് ചിതി,പരാശക്തി, പരാവാക്ക് എന്ന് നേരത്തെ പറഞ്ഞു. അനന്തം ശക്തികളിൽ 5 എണ്ണം മുഖ്യമായി പറയുന്നു.

1. ചിത്ത്.ആത്മപ്രകാശനത്തിന്റെ ശക്തി
2. ആനന്ദം അഥവാ സ്വാതന്ത്ര്യം
3. ഇഛാശക്തി
4. ജ്ഞാനശക്തി
5. ക്രിയാശക്തി.

ചിത്തും ആനന്ദവും മഹേശ്വരരൂപം തന്നെയാണ്. സ്വാതന്ത്ര്യമാനന്ദശക്തിഃ എന്ന് തന്ത്രാലോകസാരം.

ഇഛാക്രിയാജ്ഞാനശക്തികൾ മഹേശ്വരന്റെ ശക്തി. കളാണ്. ഇഛ സർജ്ജനപ്രവൃത്തി. സദാശിവനും സാദാഖ്യയുമാണ്. ജ്ഞാനശക്തി ഈശ്വരനാണ്. ക്രി യാശക്തി ഏതു രൂപവും എടുക്കാനാവുന്ന സ ർവ്വാകാരയോഗിത്വം ക്രിയാശക്തിഃ (തന്ത്രാലോക സാരം) ഇത് ശുദ്ധവിദ്യ (സദ്വിദ്യ).വിശ്വം അഥവാ ജഗത്ത് മഹേശ്വരശക്തിയുടെ ഉന്മേഷം അഥവാ പ്രസരം മാത്രമാണ്.ശിവന് വിശ്വാതീർണ്ണവും വിശ്വ മയവുമായി രണ്ട് ഭാവമുണ്ട്.ശിവതത്വം പരമശി വന്റെ സ്പന്ദമാണ്. തത്വസന്ദോഹത്തിൽ ശിവതത്വ ത്തിന് 36 സർജ്ജനാത്മകരൂപം പറയുന്നു. യദമനുത്തരമൂർത്തിര്നിജേഛയാഖിലമിദം ജഗത്ഭ്രസ ഷ്ടും പ്രസ്പന്ദേ സസ്പന്ദഃപ്രഥമഃശിവതത്വമുച്യതേ തജ്ജ്ഞൈഃഅനുത്തരമായ പരമശിവം സ്വേഛയാൽ ജഗത്തിനെ സൃഷ്ടിക്കാൻ സ്പന്ദമാനമായി. അതിന്റെ ആദ്യസ്പന്ദം ശിവസ്പന്ദം എന്ന് അറിയുന്നു. ഈ ശിവന്റെ ശക്തിയാണ്.ശക്തിതത്വം നിഷേധ്യവ്യാപാര രൂപയാണ്. ആദ്യം ഇദമെന്നതിനെ നിഷേധിക്കുന്നു. ആ സ്ഥിതിയെ ശൂന്യാതിശൂന്യമെന്ന് പറയുന്നു. ചിത്തിൽ(പരസംവിദം)അഹവും ഇദവും അഭിന്ന മാണ്. ശിവതത്വത്തിൽ ശക്തിയുടെ വ്യാപാരത്താൽ ഇദം പ്രത്യാഹൂതമാവുന്നു. കേവലം അഹം അവ ശേഷിക്കുന്നു. ക്ഷേമരാജൻ ഇതിനെ അനാശ്രിതശിവ മെന്ന് വിളിക്കുന്നു. അതിന്റെ ശബ്ദംഃ ശ്രീപരമശിവ ....പൂർവ്വം ചിദൈക്യാത്മസ്ഥിതിമയാനാശ്രിത ശിവപര്യായശൂന്യാതിശൂന്യത്മതയാ പ്രകാശാഭേദേന പ്രകാശമാനതയാ സ്ഫുരതി.

ശിവൻ വിശ്വരൂപത്തിൽ ഭാസിതമാണ്. അതിനാൽ അഹമിദം എന്ന ഏകാത്മാനുഭവത്തിൽ ഒരു വ്യവധാനം ആവശ്യമാവുന്നു. എന്നാലിവിടെ, ഒരു സ്ഥായിഅവസ്ഥയാണ്. ഏകാത്മരൂപമായ അഹം,ഇദം എന്നിവയെ വിവിക്തമായി അറിയുമ്പോഴും അതിൽ വിഛേദ്യമില്ല.കാരണം അത് ഒരേ ആത്മാവിന്റെ ,ചിത്തിന്റെ അംഗങ്ങളാണ്.ശക്തി ചിത്തിനെ അഹം, ഇദത്തിൽ വേദകൻ,വേദ്യം എന്ന് അഭിസ്പന്ദിതമാക്കിത്തരുന്നു. ശിവശക്തി ഭിന്നമല്ല,ശിവന്റെ സർജ്ജനോന്മുഖത മാത്രമാണ്. ശക്തി ശിവന്റെ അഹംവിമർശമാണ്.മഹേശ്വരാനന്ദൻ മഹാർത്ഥമഞ്ജരിയിൽഃ-സ ഏക വിശ്വമേഷിതും ജ്ഞാതും കർത്തും ചോന്മുഖോഭവൻ ശക്തിസ്വഭാവഃ കഥിതോ ഹൃദയത്രികോണമധുമാംസലോല്ലാസഃ

സ്വഹൃദയത്തിലെ ഇഛാജ്ഞാനക്രിയാശക്തിസ്വരൂപമായ ത്രികോണത്തിന്റെ മാധുര്യത്താൽ പരിവർദ്ധിതമായ ഉല്ലാസത്താൽ ശിവൻ തന്നിൽത്തന്നെ സ്ഥിതിചെയ്യുന്ന വിശ്വത്തെ ഈക്ഷണം ചെയ്യുന്നതിൽ ഉന്മുഖനായി, ശക്തിസ്വഭാവം പ്രാപിക്കുന്നു. ഇതിനുള്ള മഹേശ്വരാനന്ദന്റെ വ്യാഖ്യാനം- യദി സ്വഹൃദയവർത്തിനമുക്തരൂപമർത്ഥതത്വം ബഹിഃ കർതൃമുന്മുഖോ ഭവതി തദാ ശക്തിരിതി വ്യവഹ്രീയതേ

സ്വഹൃദയത്തിൽ ബിന്ദുരൂപമായിരിക്കുന്ന അർത്ഥതത്വങ്ങളെ എപ്പോൾ ശിവൻ ബഹിർമുഖമാക്കുന്നതിന്ന് .ഉന്മുഖമാവുന്നുവോ, അതിനെ ശക്തി എന്ന് പറയുന്നു. ശക്തി ചിത്തിന്റെ ക്രിയാശീലതയാണ്. വിമർശം അഥവാ ഉന്മുഖതയുടെ സദൃശമായ വിചാരം ഛാന്ദോഗ്യവാക്യത്തിലും കാണാം.

സദൈവ സോമ്യ ഇദമഗ്ര ആസീദമേകമേവാദ്വിതീ
യം തദൈക്ഷത ബഹുസ്യാമ പ്രജായേത ഇതി

രണ്ടാമതൊന്ന് ഇല്ലാതിരുന്ന അവസ്ഥയാണ് അദ്വ
യാവസ്ഥ. അത് ഈക്ഷണം ചെയ്ത് ഞാൻ പല തായി
പ്രജനനം ചെയ്യട്ടെ എന്ന് ഇഛിച്ചു. ഈ ക്ഷിതൃത്വം
വിമർശം അഥവാ ഉന്മുഖതക്ക് സദൃശം. ഇവിടെ
ശങ്കരവേദാന്തം ഇതിന്റെ നിഹിതാർത്ഥം
പ്രസ്ഫുടിതമാക്കിയിട്ടില്ലെന്ന് പറയുന്നത് ശരിയല്ല.
വളരെ വ്യക്തമായിത്തന്നെ ശങ്കരാചാര്യർ ഇത്
സ്ഫുടമാക്കിയിട്ടുണ്ട്. (സുധാസിന്ധു ഉപനിഷദ്
വ്യാഖ്യാനം നോക്കുക)

ശൈവദർശനം ശിവനെ ശുഷ്കതാർക്കികരൂപമായി
ട്ടല്ല അറിയുന്നത്. കലാകാരദൃഷ്ടിയിലാണ് അറിയു
ന്നത്. കലാകാരൻ സ്വന്തം ആനന്ദത്തെ തന്നിൽനിന്ന്
വേറിട്ട് കാണുന്നില്ല. ഗാനം.ചിത്രം,കവിത,നാടകം
എല്ലാം സ്വന്തം സൃഷ്ടിയായി, സ്വാത്മാവായി കാ
ണുന്നു.സൃഷ്ടിയും സ്രഷ്ടാവും ഏകമാണ്. സർവ്വോ
ത്തമകലാകാരനായ പരമശിവനും തന്റെ വൈഭവ
ത്തിന്റെ ആനന്ദപൂർണ്ണമായചമത്കാരത്തെ ഓരോ
സൃഷ്ടിയിലും ദർശിക്കുന്നു. ക്ഷേമരാജൻ ഉൽപ്പല
ദേവന്റെ സ്തോത്രാവലിയുടെ വ്യാഖ്യാനത്തിൽ ഈ
വിചാരത്തെ ഇങ്ങനെ വ്യക്തമാക്കുന്നു.
ആനന്ദോഛലിതാ ശക്തിഃസൃജത്യാമാനമാത്മനാം
.ശക്തി ആനന്ദത്താൽ ഉഛലിതമായി, താൻതന്നെ
സ്വയം സൃഷ്ടിരൂപത്തിൽ പ്രകടമാവുന്നു. സമസ്ത
സൃഷ്ടിയും ശിവന്റെ സൃഷ്ടികൽപ്പനയുടെ ബാഹ്യാ
ഭിവ്യക്തിയാണ്.ശക്തിതത്വത്തിൽ മഹേശ്വരന്റെ
ആനന്ദാനുഭവത്തിനാണ് പ്രാധാന്യം.ശിവനും ശക്തി
യും രണ്ടായിരിക്കുന്നില്ല. അവർ സൃഷ്ടിസംഹാര

ങ്ങളിൽ ഒന്നായിരിക്കുന്നു. ശിവൻ ഈക്ഷിതരൂപ ത്തിലും ശക്തി ആനന്ദരൂപത്തിലുമാണ്. .എല്ലാ ആഭാസങ്ങളുടേയും ബീജമാണ് ശിവശക്തിതത്വം. സദാശിവ(സാദാഖ്യ)തത്വം ഇദത്തിന്റെ പ്രതിജ്ഞാപ നത്തിന് വേണ്ട ഇച്ഛയാണ്. സദാശിവനിൽ ഇച്ഛാ പ്രാധാന്യമാണ്.ഈ അവസ്ഥയിൽ അനുഭവമാവുന്ന താണ് ഞാനുണ്ട് എന്നത്. ഞാനുണ്ട് എന്ന അവസ്ഥ യുടെ പ്രതിജ്ഞാപനം സാദാഖ്യാതത്വം. സദ് എന്ന തിന്റെ അർത്ഥം ഇപ്പോഴുള്ളതും വരാനുള്ളതുമായ ഇദം എന്ന് ധ്വനിതമാണ്. ഞാനുണ്ട്, ഇത് ഉണ്ട് എന്നതുകൊണ്ട്. ഈ അവസ്ഥാനത്തിൽ അഹം ഇദം എന്നാൽ ഇദം ഇപ്പോഴും അസ്ഫുടമാണ്. അതിനാൽ ഈ അവസ്ഥയെ നിമേഷം എന്ന് പറയുന്നു.നിമേഷാന്തഃസദാശിവഃ. ഈ അവസ്ഥയിൽ അഹം അസ്ഫുടരൂപമുള്ള ഇദത്തെ സ്വാംശമായി അറിയുന്നു. അപ്പോഴും പ്രമുഖത അഹത്തിനാണ്. ചിത്രകാരന്റെ ഉള്ളിൽ ചിത്രത്തിന്റെ പ്രാഥമികാവ സ്ഥയിൽ ഒരു അസ്ഫുടരൂപം ഉള്ളപോലെ സദാ ശിവനിൽ ഇദം അഥവാ വിശ്വത്തിന്റെ അസ്ഫുടരൂ പമുണ്ട്. രാജാനകആനന്ദൻ ഷഡ്ത്രിംശദ് തത്വസ ന്ദോഹത്തിനുള്ള വിവരണത്തിൽ പറയുന്നുഃ- തത്ര പ്രോന്മീലിതമാത്രചിത്രകൽപ്പതയാ ഇദമംശസ്യ അസ്ഫുടത് സാത് ഇച്ഛാപ്രാധാന്യം.ഇദം എന്ന വിശ്വം അസ്ഫുടമായി ചിത്രകാരന്റെ മനസ്സിലെ ചിത്രം പോലെ ഇരിക്കുന്നു. അവിടെ ഇച്ഛക്കാണ് പ്രാധാന്യം. ക്ഷേമരാജൻ പ്രത്യഭിജ്ഞാഹൃദയത്തിൽ പറയുന്നുഃ-
സദാശിവതത്വേ അഭിന്നാച്ഛാദിതാ
സ്ഫ്ടുടേദന്താമയം വിശ്വം സദാശിവതത്വത്തിൽ ഇദന്താമയമായ വിശ്വം അസ്ഫുടമാണ്, അസ്പഷ്ട മാണ്, അഹന്തയാൽ ആച്ഛാദിതമാണ്. അഹംഭാവ

ത്തിനാണ് പ്രാധാന്യം.സദാശിവൻ പ്രഥമാഭാസമാണ്. ആഭാസത്തിന് ഒരു ദ്രഷ്ടാവ്(പ്രമാതാവ്)വേണം. ദൃശ്യം(പ്രമേയം)വേണം, ഈ സർവ്വവ്യാപിദശയിൽ അതല്ലാതെ മറ്റൊന്നുമില്ല.ചേതന സ്വയം തന്റെ ത ന്നെ പ്രമേയവും പ്രമാതാവുമാണ്.

പരമേശ്വരീയാനുഭവത്തിന്റെ പദവതിയായ അവ സ്ഥയിൽ സമയം അനുഭവത്തിന്റെ ഇദം അംശമാ ണ്. അധികം സ്ഫുടമായി വരികയും ചെയ്യുന്നു. ഇതാണ് ഈശ്വരതത്വം. ഇത് ഉന്മേഷമാണ്. വിശ്വ ത്തിന്റെ സ്ഫുടരൂപമായി വിടരുന്നതാണ് ഉന്മേഷം. ഇതിൽ ജ്ഞാനത്തിനാണ് പ്രാധാന്യം. രാജാനകആന ന്ദന്റെ വിവരണം- അത്ര വേദ്യജാതസ്യ സ്ഫുടാവ ഭാസനാത് ജ്ഞാനശവത്യുദ്രേകഃ ഇതിൽ കൂടുതൽ വേദ്യമായി സ്ഫുടമായി പ്രമേയം പ്രത്യക്ഷപ്പെടുന്ന തിനാൽ, ജ്ഞാനശക്തിപ്രാധാന്യം. ചിത്രകാരന്റെ മനസ്സിലെ ചിത്രം ആദ്യത്തെ രൂപരേഖയായി പുറ ത്തുവരുന്നപോലെ പിന്നീട് അത്യധികം സ്ഫുടമായ രൂപം ഉണ്ടാവുന്നുണ്ട്. സദാശിവനിലെ അസ്ഫുടം ഈശ്വരനിൽ സ്ഫുടമാവുന്നു. സദാശിവന്റെ പരാമ ർശം അഹം ഇദം. ഈശ്വരപരാമർശം ഇദം അഹം.

സദ്വിദ്യാ(ശുദ്ധവിദ്യ) സമാധ്യൃതപുടന്യായേന ഇദ വും അഹവും തുല്യമാണ്. അവിടെ ക്രിയാ ശക്തി പ്രാധാന്യമാണ്. ഇദവും അഹവും സമമാണെങ്കി ലും അവയുടെ പൃഥക് വിശിഷ്ടത പ്രതീതമാകുന്നു ണ്ട്. ഈ അവസ്ഥാനുഭവം ഭേദാഭേദവിമർശനാത്മ കമാണ്. ഇദം അഹങ്ങളുടെ സമാനാധികരണം അറിയേണ്ടതുണ്ട്.അഭേദാവസ്ഥ അഥവാ പരാപര

ശിവതത്വം അഹം പരാമർശം, സദാശിവതത്വം അഹമിദം ,ഈശ്വരതത്വം ഇദമഹം , ശുദ്ദവിദ്യ രണ്ടും

സമാനരൂപം (അഹം അഹം, ഇദം ഇദം, അഥവാ അഹം ച ഇദം ച) പരാപരദശ അഥവാ ഭേദാഭേദദശ. ഇതിൽ പദാർത്ഥങ്ങളുടെ വാസ്തവി കസംബന്ധത്തിന്റെ പരാമർശമുള്ളതിനാൽ സദ് അഥവാ ശുദ്ധവിദ്യ എന്ന് പറയുന്നു. ഇതുവരെയു ള്ള പരാമർശമെല്ലാം മാനസികം അഥവാ ചൈത്യ മാണ്, അഥവാ ശുദ്ധാഖ്യാ ആണ്. കാരണം ഇവി ടം വരെ മഹേശ്വരന്റെ രൂപഗോപനം ഇല്ല. ഇവ യെല്ലാം അപരിമിതമായ അനുഭവസത്യങ്ങളാണ്

ഇനി പറയാൻ പോകുന്നവ പരിമിതമായ അനുഭ വസത്യങ്ങളാണ്. ്വം ആരംഭിക്കുന്നു മായയും അതിന്റെ പഞ്ചകഞ്ചുകവുമാണ്. മായാതത്വം മുതൽ മഹേശ്വരന്റെ സ്വരൂപഗോപനം ആരംഭിക്കുന്നു. അ ശുദ്ധാദ്ധ്വം ആരംഭിക്കുന്നു.സ്വരൂപഗോപനം മായ യും പഞ്ചകഞ്ചുകവും വഴിയാണ്.മായാശബ്ദം മാ ധാതുവിൽനിന്ന് നിഷ്പന്നം. മാപനം അഥവാ അള ക്കുക എന്നത് പൃഥക് (നാനാ)ആക്കുന്നു. പരിമിത മാക്കുന്നു. ഏതനുഭവത്തെ മേയമായി പരിമിത പ്പെടുത്തുന്നുവോ, അഹത്തിനെ ഇദത്തിൽനിന്നോ മറിച്ചോ ,അല്ലെങ്കിൽ ഇദത്തെ അഹത്തിൽനിന്ന് നാനാത്വമാക്കുന്നുവോ, ഭേദം ഉൽപ്പന്നമാക്കുന്നു വോ, വസ്തുക്കളെ പരസ്പരം ഭിന്നിപ്പിച്ച് കാണിക്കുന്നുവോ അതാണ് മായ. (ജീവനിലുള്ള ഭേദബുദ്ധിയാണ് മായ എന്ന് ശങ്കരാചാര്യർ).സദ് വിദ്യ വരെ അനുഭവം സാർവ്വഭൌമികമാണ്. അപരിമിതമാണ്. ഇക്കാണുന്ന സമസ്തവിശ്വവും അഹമാണ്. മായയുടെ പ്രഭാവത്തോടെ ഇദമെ ന്നാൽ ഇദം- അന്യവസ്തുക്കളിൽനിന്ന് പരിമി തമായ ഭിന്നമായ പരിമിതവസ്തു മാത്രമാണ്. മായ മൂലമുള്ള പൂർണ്ണസങ്കോചം അഥവാ പരി മിതത്വത്തിന്റെ

പ്രാരംഭം ഇതാണ്.മായ ആത്മാവിൽ ആവരണമിട്ട്, ഭേദബുദ്ധി ഉണ്ടാക്കുന്നു. മായയുടെ പരിണാമം പഞ്ചകഞ്ചുകമാണ്. സംക്ഷേപിച്ച് അവ യെ പറയുന്നുഃ-

1. കലാ. പരമേശ്വരരൂപം ഗോപിതമായി അണു സൃഷ്ടിക്കപ്പെട്ട് അതിനാൽ സർവ്വകർതത്വവും സങ്കുചിതമാകുന്നതിനാൽ,കിഞ്ചിത്കർതൃത്വ ശക്തിയായി പരിണതമാകുന്നതാണ് കല.
2. വിദ്യ. പരമേശ്വരന്റെ സർവ്വജ്ഞത്വം സങ്കുചിത മായി കിഞ്ചിത് ജ്ഞാനത്തിൽ പരിണതി വരു ന്നത് വിദ്യ
3. രാഗം. പരമേശ്വരന്റെ പൂർണ്ണതൃപ്തി സങ്കുചി തമായി ഭോഗത്തിൽ ആസക്തി വരുന്നത് രാഗം.
4. കാലം. നിത്യത്വം സങ്കുചിതമായി അതീതം, വർത്തമാനം,അനാഗതം എന്ന് പരിഛിന്നമാകു ന്നത് കാലം
5. നിയതി. സ്വാതന്ത്ര്യം സങ്കുചിതമായി വിശിഷ്ട കാര്യത്തിന് വിശിഷ്ടകാരണം എന്ന നിയമം ധാരണയായി, അഥവാ വ്യാപകത്വം സങ്കുചിത മായി വിശിഷ്ടദേശത്തിൽ പരിഛിന്നമാകുന്നത് നിയതി.

പരിമിതവ്യക്തി അഥവാ ജീവന്റെ തത്വവേദക,വേ ദ്യം ആയി 12 പുരുഷന്മാരെ പറയുന്നതാണ് അടു ത്തത്. ശിവൻ കഞ്ചുകസഹിതമായ മായയെ സ്വീ കരിച്ചാൽ സാർവ്വഭൌമത്വം ,ജ്ഞാനം,ഐശ്വര്യം ഇവ സങ്കുചിതമാവുന്നു.ഒരു പരിമിതവ്യക്തിത്വമാ യി ചുരുങ്ങുന്നു. ഇത് കേവലം മാനവീയവ്യക്തി ത്വം മാത്രമല്ല. പ്രത്യേകവേദനാശീലമുള്ള പ്രാണിയാ ണ് പുരുഷൻ. പുരുഷനെ അണു എന്നും പറയു ന്നു. അത്

ഒരു പ്രത്യേകദൈശികബിന്ദുവല്ല. മഹേ ശ്വരന്റെ പൂർണ്ണത്വത്തിന്റെ പരിമിതത്വത്തിന് കാര ണമായ ജീവാണുവാണ്. പൂർണ്ണതാവാഭാവേന പരിമിതത്വാണുത്വം .

മായ, പഞ്ചകഞ്ചുകം, ജീവാണു (പുരുഷൻ) ഇവ ക്കുശേഷം പ്രകൃതി പറയുന്നു. ശുദ്ധവിദ്യാനുഭൂ തിയിൽ, അഹം അംശത്തിന്റെ അഭിവ്യക്തി പുരു ഷനും ഇദം അംശം അഭിവ്യക്തി പ്രകൃതിയുമാണ് ത്രികം അനുസരിച്ച് പ്രകൃതി അഥവാ പ്രധാനം കലയുടെ വേദ്യരൂപമായ കാര്യമാണ്. വേദ്യമാത്രം സ്ഫുടം .ഭിന്നം പ്രധാനം സൂയതേ കലാ (തന്ത്രാ ലോകം) പുരുഷൻ വേദകനും പ്രകൃതി വേദ്യമാത്ര വും. പ്രകൃതി തന്റെ ഗുണസാമ്യാവസ്ഥയിലിരി ക്കുന്നു. പ്രകൃതിയുടെ അവധാരണം സാംഖ്യത്തി ലും ത്രികയിലും അൽപ്പം വ്യത്യാസമെ ഉള്ളു. സാംഖ്യത്തിൽ ഏകമായ പ്രകൃതി എല്ലാ പുരുഷ ന്മർക്കും (ജീവൻ) സാമാന്യമാണ്. ത്രികം പ്രത്യേ കപുരുഷന്ന് പ്രക-തി ഭിന്നമാണെന്ന് കരുതുന്നു. വേദ്യത്തിന്റെ യോനി പ്രകൃതിയാണ്. പ്രകൃതിയിൽ സത്വരജസ്തമോഗുണം (ത്രിഗുണം) ഉണ്ട്. ഇവ ശി വന്റെ ജ്ഞാനം, ഇഛാ,ക്രിയാശക്തിയുടെ സ്ഥൂലരൂ പങ്ങളാണ്. പുരുഷൻ ഭോക്താവും പ്രകൃതി ഭോ ഗ്യവുമാണ്.

ബുദ്ധിയും അഹങ്കാരവും മനസ്സും മാനസവ്യാപാര തത്വങ്ങളാണ്. ഇവ പ്രകൃതിവിശേഷങ്ങളാണ്. അന്തഃകരണം ഇന്ദ്രിയം,ഭൂതം ഇവയാണ്. അന്തകര ണം ആന്തരസാധന.ഇതിൽ ബുദ്ധിയും അഹങ്കാര വും മനസ്സും അന്തർഭൂതമാണ്. പ്രകൃതിയുടെ പ്ര ഥമതത്വം ബുദ്ധിയാണ്. വ്യവസായാത്മിക (നിശ്ച

യാത്മിക)യാണ് ബുദ്ധി.(ഭഗവദ്ഗീത വ്യവസായാത്മികാ ബുദ്ധിഃ) ബുദ്ധിക്ക് രണ്ടുവിധം അനുഭവമുണ്ട്. ബാഹ്യമായ ഇന്ദ്രിയാനുഭവം, ആന്തരികസംസ്കാരകൽപ്പനയാലുള്ള അനുഭവം. അഹങ്കാര ത്താൽ അഹം പ്രതീതമാവുന്നു. ബാഹ്യമായി വേദ്യമാകുന്ന അഭിമാനവിഷയങ്ങളെ മമ എന്ന് വിചാരിക്കുന്നു. അഹങ്കാരം ബുദ്ധിയുടെ പരി ണാമമമാണ്. മനസ്സ് അഹങ്കാരത്തിന്റെ പരിണാമ മാണ്.
ഇന്ദ്രിയസഹയോഗത്താൽ പ്രത്യക്ഷാനുഭവം ചെയ്യുന്നു,സങ്കൽപ്പവികൽപ്പവും ചെയ്യുന്നു.
പ്രത്യക്ഷതത്വങ്ങൾഃ- ജ്ഞാനേന്ദ്രിയങ്ങൾ അഥവാ ബുദ്ധീന്ദ്രിയങ്ങൾ അഹങ്കാരത്തിന്റെ പരിണാമമമാണ്. ഇവ ഘ്രാണം,രസന, ചക്ഷു,സ്പർശം,ശ്രവണം എന്ന് അഞ്ച്. കർമ്മേന്ദ്രിയങ്ങൾ അഹങ്കാരപരി ണാമം തന്നെയാണ്. ഇവ വാഗിന്ദ്രിയം, ഹസ്തം, പാദം, പായു, ഉപസ്ഥം ഇവയാണ്. ഇവയുടെ ശക്തിയാൽ ഭിന്നേന്ദ്രിയങ്ങളാൽ ഭിന്നകാര്യങ്ങളെ ചെയ്യുന്നു,അറിയുന്നു. പഞ്ചതന്മാത്രകളും അഹങ്കാരപരിണാമമമാണ്. വിശേഷപ്രത്യക്ഷത്തിന്റെ സാമാന്യതത്വങ്ങളാണ് അവ. ശബ്ദസ്പർശരൂപരസഗന്ധതന്മാത്രകളാണ് പഞ്ചതന്മാത്രകൾ. പഞ്ചമഹാഭൂതങ്ങളാണ് ഭൌതികതത്വങ്ങൾ. പഞ്ചതന്മാത്രയുടെ പരിണാമമമാണവ. ശബ്ദതന്മാത്ര ആകാശം, സ്പർശതന്മാത്ര വായു, രൂപതന്മാത്ര അഗ്നി, രസതന്മാത്ര ജലം, ഗന്ധതന്മാത്ര ഭൂമി.(പൃഥ്വി)

സ്വാതന്ത്ര്യവാദവും ആഭാസവാദവും.

പരമാർത്ഥം അഥവാ പരമസത്തയെ ചിത്ത്, പരമശിവ,മഹേശ്വരൻ എന്ന് ഈ ദർശനം വിളിക്കുന്നു. പ്രകൃതിയിൽ കാണുന്ന രചനയും വിന്യാസവും

ആധാരമാക്കിയാണ് സാധാരണ ഈശ്വരാത്മകമായ ആദ്യകാരണത്തെ അനുമാനിക്കുന്നത്. ഈ ദർശന ത്തിൽ പരമാർത്ഥത്തെ മഹേശ്വരനെന്ന് വിളിക്കു ന്നില്ല. പരമസത്യത്തിന് ,അതിന്റെ ഇഛക്ക്, നിര പേക്ഷമായ പ്രഭുതയുടെ (സ്വാതന്ത്ര്യം) ദൃഷ്ടിയാലാ ണ് മഹേശ്വരനെന്ന നാമം. നിരപേക്ഷ,നിർബാധ, പ്രഭുതാ അഥവാ സ്വാതന്ത്ര്യം ഒരു അന്ധശക്തിയല്ല. ചിത്തിന്റെ സ്വഭാവമാണ്. ഈ സ്വാതന്ത്ര്യമാണ് മ ഹേശ്വരന്റെ കൽപ്പനയുടെ വേദ്യരൂപമായി ഉപ സ്ഥാപനം ചെയ്യുന്നത്. തനിക്ക് ബാഹ്യമായ ഒരുപ കരണത്തേയും ആശ്രയിക്കാത്തതിനാണ് സ്വതന്ത്രമെ ന്ന് പറയുന്നത്. എന്തിനും സമർത്ഥമാണ് സ്വാത ന്ത്ര്യശക്തി. ദേശകാലകാരണങ്ങൾക്കെല്ലാം അതീതമാ യി, സ്വന്തം സത്തയെ മാത്രം ആശ്രയിക്കുന്നു. ചിതിഃപ്രത്യവമർശാത്മാ പരാവാക് സ്വരസോദിതാ സ്വാതന്ത്ര്യമേതന്മുഖ്യം തദൈശ്വര്യപരമാത്മനഃ (ഈ ശ്വരപ്രത്യഭിജ്ഞാവിവരണം) ചിതി(മഹേശ്വരശക്തി) സ്വതന്ത്രമായ സ്വസംവിത്തി പരാവാക്ക് എന്ന് പറ യുന്നു. സ്വയം നിത്യോദിതമായസ്വാതന്ത്ര്യം.ഇതാണ് പരമശിവന്റെ മുഖ്യാശൈശ്വര്യം. പരാവാക്ക്,വിമ ർശം,ഐശ്വര്യം ഇവ സ്വാതന്ത്ര്യത്തിന്റെ പര്യായ വാചികളാണ്.

സാ സ്ഫുരത്താ മഹാസത്താ ദേശകാലാവിശേഷി ണീ സൈഷാ സാരതയാ പ്രോക്താ ഹൃദയം പര മേഷ്ടിനഃ(ഈ.പ്ര.വിമർശിനി) ചിതി സ്ഫുരിക്കുന്ന സ്ഥലത്ത് ,വികാരഹീനമായിരുന്നാലും സർവ്വാധികാ രവും ജനിപ്പിക്കുന്ന ജനനിയാണ്. മഹാസത്തയായ അത് സ്വതന്ത്രമാണ്. ദേശകാലങ്ങൾക്കും പരമാണ്. അതാണ് പരമശിവന്റെ ഹൃദയസ്വരൂപം. മഹേശ്വര

രൂപമായ സ്വാതന്ത്ര്യം കൂടാതെ, ബാഹ്യോപാദനര ഹിതമായി, ബാധാരഹിതമായി, ആർക്കും ഒന്നും ചെയ്യാനുള്ള സ്വാതന്ത്ര്യം ലഭിക്കില്ല.

സ്വാതന്ത്ര്യം ച നാമ യഥേഛൈ തത്രേഛാപ്രസര സ്യ അവിഘാതഃ നമ്മുടെ ഇഛാനുസാരമാണ് സ്വാതന്ത്ര്യഭാവം. ഇഛാപ്രസരമില്ലാതെ എല്ലാം ചെയ്യാൻ സാധിക്കില്ല. സുന്ദരശബ്ദത്തിൽ സ്വാ തന്ത്ര്യ വാദത്തെ അഭിനവഗുപ്തൻ വ്യാഖ്യാനിച്ചി ട്ടുണ്ട്. തസ്മാദതപ്ലവനീയഃ പ്രകാശവിമർശാത്മാ സംവിത്സ്വഭാവഃ പരമശിവോ ഭഗവാൻ സ്വാതന്ത്ര്യാ ദേവ രുദ്രാദിസ്ഥാവരാന്ത പ്രമാതൃരൂപതയാ നീല സുഖാദിപ്രമേയരൂപതയാ ച അനതിരിക്തയാപി അതിരിക്തയാ ഇവ സ്വരൂപാനാമാദികയാ സംവി ദ്രൂപനാന്തരീയക സ്വാതന്ത്ര്യ മഹിമ്നാപ്രകാശ ഇതി അയം സ്വാതന്ത്ര്യവാദ പ്രോന്മീലിതഃ (ഈ.പ്ര. വിമ ർശവിമർശിനി) പ്രകാശവിമർശരൂപിയും സംവിദ്രൂ പിയുമായ പരമശിവൻ സദാ ഉദിതമാണ്. സ്വസ്വാ തന്ത്ര്യത്തിന്റെ മാഹാത്മ്യത്താൽ മഹി മുതൽ രുദ്ര ൻ വരെ സ്ഥാവരം മുതൽ പ്രമാതാവരെ നീല, സുഖം മുതലായ പ്രമേയങ്ങൾ വരെ സകലരൂപമാ യും പ്രകടമാവുന്നു. പ്രമാതാ പ്രമേത്തിൽനിന്ന് അ ഭിന്നവും ഭിന്നവുമായി ഭാസിക്കുന്നു. ആ സ്വരൂപ ത്തിൽ,എന്നാലും ഒരു മാറ്റവുമില്ല. ഇത് സ്വാതന്ത്ര്യ വാദത്തിന്റെ പ്രസ്തുതീകരണം.

ആഭാസവാദം- മഹേശ്വരന്റെ സർജ്ജനദൃഷ്ടിയിൽ ഈ ദർശനത്തെ സ്വാതന്ത്ര്യവാദമെന്ന് പറയുന്നു. അഭിവ്യക്തി(ആവിർഭാവം)യുടെ ദൃഷ്ടിയിൽ ആഭാ സവാദമെന്ന് പറയുന്നു. മയിലിന്റെ വർണ്ണവിചിത്ര മായ പീലിയോടുകൂടിയ രൂപം മയൂരാണ്ഡരസത്തി

ൽ അവിഛിന്നമായി അവ്യക്തമായി അടങ്ങിയിരി
ക്കുന്നപോലെ സമസ്തവിശ്വവും മഹേശ്വരനിൽ
അഭിന്നരൂപമായിരിക്കുന്നുണ്ട്. ശങ്കരാചാര്യരും ഈ
ഉപമ കൊണ്ട് ബ്രഹ്മത്തിൽ പ്രപഞ്ചം അടങ്ങിയിരി
ക്കുന്നതിനെ മയൂരാണ്ഡരസന്യായം എന്ന് വിളി
ക്കുന്നു. സമസ്തവിശ്വാധിഷ്ഠാനം ചിത്ത് (സംവി
ത്ത്)ആണ്.ചിത്രവിചിത്രമായി സദാ പരിവർത്തനം
ചെയ്യുന്ന ആഭാസം അതിന്റെ ആവിർഭാവമാത്ര
മാണ്. ഏതുരൂപത്തിൽ പ്രകടമായാലും -പ്രമേയ
മോ,പ്രമാതാവോ,ജ്ഞാനമോ ജ്ഞാനസാധനമോ ഇ
ന്ദ്രിയരൂപമോ- അവയെല്ലാം പരമചിത്തിന്റെ ആഭാ
സം മാത്രമാണ്.ആ(ഈഷത് അർത്ഥാത് സങ്കുചിത
രൂപം) ഭാസ(പ്രകാശനം). സങ്കുചിതരൂപങ്ങളിലും
പ്രകാശിക്കുന്നത് ആഭാസമെന്ന പേരിലറിയപ്പെടു
ന്നു. എല്ലാ പ്രകാരത്തിലുള്ള ആവിർഭാവവും പ
രിമിതമാണ്. പരിസീമിതമാണ്. എന്തെല്ലാം അറിയ
പ്പെടുന്നുവോ അതെല്ലാം ആഭാസത്തിന്റെ വിന്യാസ
മാത്രമാണ്.

ദർപ്പണബിംബേയദ്വൻ നഗരഗ്രാമാദിചിത്രമവിഭാഗി
മാതിവിഭാഗൈനൈവ ച പരസ്പരം ദർപ്പണാദപി ച
വിമലതമ പരമഭൈരവബോധാത് തദ്വത്
വിഭാഗശൂന്യമപി അന്യോന്യം ച തതോപി ച
വിഭക്തമാഭാതി ജഗദേദത് (പരമാർത്ഥസാരം)

ശങ്കരാചാര്യരുടെ വിശ്വം ദർപ്പണദൃശ്യമാനനഗരീ
എന്ന ദക്ഷിണാമൂർത്തിസ്തവവും ഇതു പറയു
ന്നുണ്ട്.ദർപ്പണത്തിലെ പ്രതിബിംബം ദർപ്പണത്തി
ൽനിന്ന് അഭിന്നമാണ്. എന്നാൽ പരസ്പരം ദർപ്പ
ണത്തിൽനിന്നും ഭിന്നവുമാണ്. ഇപ്രകാരം ആഭാ സം
ശിവഭിന്നമല്ല. ജഗത്ത് പരമശിവന്റെ വിമല

സംവിത്തില്ലിന്ന് അഭിന്നമെങ്കിലും പരസ്പരവും സംവിത്തിൽനിന്ന് ഭിന്നമായും ഭാസിതമാവുന്നു. ആഭാസം ദർപ്പണത്തിൽ പ്രതിബിംബിച്ച രൂപസ മാനമാണ്. ദർപ്പണത്തിലെ നഗര,ഗ്രാമപ്രതിബിംബം ,ദർപ്പണത്തിൽനിന്ന് അഭിന്നവും ഭിന്നവുമായി ഭാ സിക്കുന്നപോലെ. ഉപനിഷത്തിൽ പ്രജാപതി ഇന്ദ്ര നേയും വിരോചനനേയും പഠിപ്പിക്കുന്ന കഥയിലും ഈ ദർപ്പണപ്രതിബിംബം ഉദാഹരണമായി വരുന്നു ണ്ട്. ദർപ്പണത്തിന്റെ ഉപമയിൽ രണ്ട് അപവാദം മാനനീയമായി പറയുന്നു.

1. ദർപ്പണത്തിൽ ബാഹ്യപദാർത്ഥമാണ് പ്രതിബിം ബിക്കുന്നത്. മഹേശ്വരന്റെ സാർവ്വഭൌമചേതന ബാഹ്യപദാർത്ഥമല്ല.ദർപ്പണത്തിൽ ബാഹ്യപ്ര കാശം കൊണ്ടാണ് പ്രതിബിംബം ഉണ്ടാവുന്നത്. സാർപ്പഭൌമചേതനയിൽ സ്വപ്രകാശത്താലാണ്. അത് സർവ്വപ്രകാശത്തിന്റേയും പ്രകാശമാണ്. ഒരു ബാഹ്യപ്രകാശത്തിന്റെ ആവശ്യകതയും ഇല്ല.
2. ദര്പ്പണം അചേതനമാണ്. പ്രതിബിംബത്തെക്കു റിച്ച ബോധം അതിനില്ല.മഹേശ്വരൻ ചൈതന്യ മാണ്. പ്രതിബിംബം പോലെ കൽപ്പിക്കുന്ന എല്ലാ വസ്തുക്കളുടേയും പൂർണ്ണബോധമുള്ള താണ്. ബോധത്തിന്റെ ബോധമാണ് അന്തർവിഭാതി സകലം ജഗദാത്മനീഹ യദ്വം വിചിത്രരചന മുകുരാന്തരാലേ ബോധഃ പുനർനിജവിമർശനസാരയുക്ത്യാ വിശ്വം പരാമൃശതി നോ മുകുരസ്ഥഥാ (യോഗരാജത്തിൽനിന്ന് ഉദ്ധരിച്ച്)

പരമസംവിത്തിന്റെ വിമർശശക്തിയാൽ അതിന്റെ ബോധം സംവിത്തിലുണ്ട്, ദർപ്പണത്തിലില്ല. സമു

ദ്രത്തിലെ തരംഗസമാനമായി ചേതനയിൽ ആഭാസം ഉയരുന്നു. തരംഗത്തിന് ഉത്ഥാനം,പതനം ഉ ണ്ട്. ഇവ കൊണ്ട് സമുദ്രത്തിന് ലാഭവുമില്ല, നഷ്ട വുമില്ല,മാറ്റവുമില്ല. അതുപോലെയാണ് ആഭാസത്തിന്റെ ആരോഹണാവരോഹണം ചേതനക്ക്. ആഭാസം പ്രകടമോ ലീനമോ ആകട്ടെ, അതിന്റെ അധിഷ്ഠാനരൂപിയായ ചേതനക്ക് വികാരമോ പരിവർത്തനമോ ഇല്ല. ആഭാസം മഹേശ്വരകൽപ്പനയുടെ ബഹിഃപ്രക്ഷേപമാത്രമാണ്.

ചിദാത്മൈവഹി ദേവോന്തഃസ്ഥിതമിച്ഛാവശാദ് ബഹിഃ യോഗീവ നിരുപാദാനമർത്ഥജാതം പ്രകാശയേത് (ഈ.പ്ര.വി) ദേവന്റെ അന്തഃസ്ഥിതമായ പദാർത്ഥസമൂഹത്തെ, സ്വേച്ഛയാൽ പുറ ത്ത് പ്രകാശിപ്പിക്കുകയാണ് ചിത്സ്വരൂപൻ, യോഗി സങ്കൽപ്പമാത്രയിൽ വസ്തുവിനെ പുറത്ത് ആഭാസമാക്കുന്നപോലെ. കുംഭകാരൻ കുംഭം സൃഷ്ടിക്കുംപോലെ ജഗത്ത് ആഭാസിതമാ ക്കുന്നു. അതിന് ബാഹ്യോപാധികളൊന്നും മഹേ ശ്വരന് ആവശ്യമില്ല. സ്വേച്ഛയാ സൃഷ്ടിചെയ്യാൻ സമർത്ഥമാണ് മഹേശ്വരന്റെ ജ്ഞാനസ്വരൂപമായ പദാർത്ഥം. സ്വേച്ഛയാ ജ്ഞേയരൂപമായി പ്രകടമാവുന്നു. അവന്റെ അഹംസ്വരൂപമാണ് ഇദംസ്വരൂപമായ ജഗത്ത്. ജീവന് അത് ബാഹ്യരൂപമായിട്ടാണ് പ്രതീതമാവുന്നത്. (ആഭാസിതമാവുന്നത്). ചിത്സ്വരൂപമായ മഹേശ്വരനാണ് പ്രകാശവും പ്രമേയവും പ്രമാതാവും. അതിനാൽ ആഭാസം മിഥ്യയല്ല. ആഭാസം മഹേശ്വരന്റെ പൂർണ്ണതമേൽ ഒരു മാറ്റവുമുണ്ടാക്കുന്നില്ല. ഈ അർത്ഥത്തിലാണ് സ്വാതന്ത്ര്യവാദം വിവർത്തവാദത്തിന് വിപരീതമാകുന്നത്. ആഭാസവാദം പരിണാമവാദത്തിനും വിപരീതമാണ്.

ഷഡധ്വ്യാഃ- പരാശക്തിയുടെ ദൃഷ്ടിയിൽ ഈ ദർശ നത്തിലെ സൃഷ്ടിവർണ്ണനയാണ്. സൃഷ്ടിമൂലത്തിൽ ഒരു അസീമപ്രഭവിഷ്ണുത അഥവാ ശക്തിയുടെ ക്രമമുണ്ട്. അതിനെയാണ് നാദം എന്ന് പറയുന്ന ത്. ക്രിയാശീലമായ ബിന്ദുവിൽ ഘനീഭൂതമാണ് നാദം. സകലഅഭിവ്യക്തിക്കും (സൃഷ്ടി) മൂലം അതാണ്. സൃഷ്ടിയുടെ പരാവസ്ഥയിൽ വാചകം, വാച്യം,അർത്ഥം ഇവ ഏകമാണ്. അതിനുശേ ഷം സൃഷ്ടിയുടെ 6 അദ്ധ്വാക്കൾ(അവസ്ഥ)ഉണ്ടാ വുന്നു. വർണ്ണം(കല) പരമാർത്ഥമായ അനന്തത്തി ന്റെ പ്രതാപമാണ്. അതാണ് സൃഷ്ടിക്കായി ശക്തി രൂപമായി പ്രകടമാവുന്നത്. പരമശിവന്റെ വി ശ്വോത്തീർണ്ണാവസ്ഥ നിഷ്കലമാണ്. വിശ്വമയാവ സ്ഥ സകലവുമാണ്. അത് സൃഷ്ടിസംബന്ധമാണ്. ഈ സന്ദർഭത്തിൽ നാദബിന്ദുവിന്റെ അനന്തരം ഏതു കലയുടെ പ്രയോഗമുണ്ടോ അതിന്റെ അർത്ഥം സൃഷ്ടിയുടെ ഒരു ക്രമാവസ്ഥ എന്നാണ്. കല ആ അവസ്ഥയാണ്. ഒന്നിനുശേഷം ഒന്ന് ദൃ ശ്യമായി പ്രകടമാവുന്നതാണ്. പരാവാക്കിൽ വാ ച്യവാചകങ്ങൾ ഏകം. അത് ഇവിടെ ദ്വന്ദ്വഭാവ ത്തിൽ അനുഭവമാകുന്നു. ഈദ്വന്ദ്വഭാവത്തിന്റെ വിഭിന്നതയുടെ ആദ്യഅദ്ധ്വാ വർണ്ണം, കല ഇവ യുടെ വിപരീതത്വമാണ്. സ്വാമി പ്രത്യാശാനന്ദ സരസ്വതി ഒരു ലേഖനത്തിൽ വർണ്ണത്തിന് ഈ സന്ദർഭത്തിൽ അക്ഷരം, നിറം, വർഗ്ഗം എന്നല്ല , ബിന്ദുവിൽ വേദ്യമാകുന്നതിന്റെ പ്രക്ഷിപ്തമായ ഒരു പ്രക്രിയാരൂപമെന്നാണ് അർത്ഥം പറയുന്ന ത്. അതിനാൽ വർണ്ണത്തിന്റെ ഭാവം അർത്ഥ ത്തോടു സംബന്ധമായ പ്രക്രിയാരൂപത്തിന്റെ വിശിഷ്ടമാനഅഭിസൂചകം (Measure index) എന്നാണ്. വർണ്ണം പ്രക്രിയയുടെ രൂപം (functional form) ആണ്. കല വിധേയധർമ്മവും (procedure). സൂക്ഷ്മഭൂമി യിൽ

പ്രവർത്തിക്കുന്ന അദ്ധ്വാന മന്ത്രവും തത്വ വുമാണ്. മന്ത്സൃഷ്ടിയുടെ പിന്നത്തെ ക്രമം തത്വ *ത്തിന്റെ ഉപയുക്തമായ പ്രക്രിയാരൂപം (ആധാരാ* ത്മകവ്യവസ്ഥ)ആണ്. തത്വം സൂക്ഷ്മനിർമ്മിതിയുടെ അന്തർവിഹിതമായ സൂത്രം(ഉത്സം)ആണ്. മൂന്നാമത്തേയും അവസാനത്തേയും ദ്വന്ദ്വപദം ഭുവനത്തിന്റേതാണ്. ഭുവനം പ്രമാതാവിന് പ്രതീതിയോഗ്യമായ ജഗത്ത് ആണ്. പദം ആ ജഗത്തിന്റെ മാനസികപ്രതിക്രിയയും ശബ്ദദ്വാരാ വാസ്തവിക നിരൂപണവുമാണ്. ഷഡദ്ധ്യാക്കളുടെ സംക്ഷേപം ഇപ്രകാരം സാരണിയായി പറയാം.-

1. വാചകം-വാച്യം. ത്രികത്തിലെ കാലാദ്ധ്വാ വാചകം , ദേശാദ്ധ്വാ.വാച്യം. കാലദേശങ്ങൾ Timespace.
2. വർണ്ണം -കലാ . വർണ്ണാദ്ധ്വാ,കലാദ്ധ്വാ. വർണ്ണം പ്രമാസ്വരൂപം. പ്രമാതൃപ്രമാണപ്രമേയവിശ്രാന്തിസ്ഥാനം .
3. മന്ത്രം -തത്വം
4. പദം-ഭുവനം

വർണ്ണം രണ്ടുവിധം. മായീയവും അമായീയവും. അമായീയത്തിൽനിന്നാണ് മായീയം ഉണ്ടാവുന്നത്. അമായീയം അകൃത്രിമവും അനന്തവും സങ്കോചരഹിതവുമാണ്. അമായീയവർണ്ണത്തിന്റെ വാചകശക്തി,മായീയവർണ്ണം. അഗ്നിയിൽ ഉഷ്ണത പോലെ നിഹിതമായിരിക്കുന്നു.

അഞ്ചുകലകൾഃ- നിവൃത്തി,പ്രതിഷ്ഠാ, വിദ്യാ

,ശാന്തി, ശാന്ത്യതീതകല. ഓരോ കലയിലും എത്ര തത്വം,എത്ര ഭുവനം എന്ന് കണക്കുണ്ട്. അഭിനവഗുപ്തൻ 115 ഭുവനമെന്നും മറ്റുള്ളവർ 224 എ ന്നും പറയുന്നു.

ശാങ്കരഅദ്വൈതവും ശൈവാദ്വൈതവാദവും പ്രത്യഭിജ്ഞാദർശനത്തിൽ. (താരതമ്യം.)

പലരും ശാന്തബ്രഹ്മവാദം. കേവലാദ്വൈതവാദം, മായാവേദാന്തവാദം മുതലായ പേരുകളിൽ ശങ്ക രാദ്വൈതത്തെ വ്യവഹരിക്കാറുണ്ട്. ശൈവാദ്വൈത ത്തിനാകട്ടെ, ഈശ്വരാദ്വയവാദം, പ്രത്യഭിജ്ഞാദർശ നം, ത്രികദർശനം എന്നെല്ലാമാണ് പേരുകൾ. എന്റെ അറിവിലും അനുഭവത്തിലും ഇവ തമ്മിൽ പേരുകളിലല്ലാതെ സത്തയിൽ ഭേദമില്ല. എങ്കിലും വാദത്തിനായി പലരും ചൂണ്ടിക്കാട്ടിയ ഭേദങ്ങളെ ഇവിടെ വിവരിക്കുന്നു.

ശങ്കരാചാര്യർ ബ്രഹ്മത്തെ നിഷ്ക്രിയമെന്ന് വിളിച്ച തിനാലാണ് ശൈവാദ്വൈതവാദം അതിനെ ശാന്തബ്ര ഹ്മവാദം എന്ന് വിളിക്കുന്നത്. അവരുടെ അഭിപ്രാ യത്തിൽ ഇവ തമ്മിലുള്ള പ്രഥമവ്യത്യാസം ചി ത്ത് അഥവാ ബ്രഹ്മത്തിന്റെ വൈശിഷ്ട്യമാണ് പ്രകാ ശം അഥവാ ജ്ഞാനം.ശൈവാദ്വൈതം ചിത്ത് പ്ര കാശവിമർശരൂപമെന്ന് പറയുന്നു.ശങ്കരന് ബ്രഹ്മം ജ്ഞാനമാത്രമാണ്. ഇവിടെ ജ്ഞാതൃത്വവും കർതൃ ത്വവുമാണ് വൈശിഷ്ട്യം. ശങ്കരാചാര്യർ ക്രിയ കേ വലം ജീവധർമ്മമാണെന്നും ബ്രഹ്മത്തിന്റേതല്ല എ ന്നും പറയുന്നത് ക്രിയാശബ്ദത്തിന് സങ്കുചിതമായ അർത്ഥം കൊടുക്കലാണെന്ന് ശൈവാദ്വൈതം. .ശൈ വത്തിൽ വ്യാപകാർത്ഥമനുസരിച്ച് ജ്ഞാനവും ഒരു ക്രിയയാണ്. .കർതൃത്വം കൂടാതെ ചിത്ത് (പരമേശ്വ രൻ)ജഡസമാനമാവും.ഒന്നും ചെയ്യാനാവാത്തതാ വും. പരമേശ്വരൻ സ്വതന്ത്രനാകയാൽകർത്താവു മാണ്.പാണിനിയുടെ സ്വതന്ത്രഃകർത്താഃഎന്ന പ്രകാ രം സ്വതന്ത്രനായ കർത്താവാണ്, സ്വാതന്ത്ര്യവും കർതത്വവും

ഏകമാണ്. ബ്രഹ്മം ശാന്തവും നി ഷ്ക്രിയയവുമാണ്.അതിൽ അവിദ്യ ഉപഹിതമാവുമ്പോൾ ഈശ്വരനെന്ന് പറയുന്നു. അപ്പോഴാണ് കർതൃത്വം വരുന്നതെന്ന് ശങ്കരാചാര്യർ .കർതൃത്വത്തിൽ അവിദ്യ ഉണ്ട്.

തദേവമവിദ്യാത്മകോപാധിപരിഛേദാപേക്ഷമേശ്വരസ്യേശ്വരത്വം സർവ്വജ്ഞത്വം സർവ്വശക്തിത്വം ച ന പരമാർത്ഥതോ വിദ്യയാപാസ്തസർവ്വോപാധി സ്വരൂപേ ആത്മനിശിത്രിശിതവ്യതാവാദി വ്യവഹാര ഉപപദ്യതേ.(ശങ്കരൻ).ഈശ്വരന്റെ ഈശ്വരത്വം സർവ്വജ്ഞത്വം സർവ്വശക്തിമത്വം ഇവയെല്ലാം അവിദ്യാജന്യമായ പരിമിതികളില്ലാത്തതാണ്. ഏതു വിദ്യയാൽ ആത്മാവിൽ എല്ലാ ഉപാധികളും നിരസ്തമാകുന്നുവോ, അതാണ് ഈശിത്വ, ഈശിതവ്യ, സർവ്വജ്ഞത്വാദി വ്യവഹാരങ്ങൾക്ക് ഉപയുക്തമല്ലാത്ത (അതൊന്നും വേണ്ടാത്ത) അവസ്ഥ.

ശൈവാദ്വൈതം- ജ്ഞാതൃത്വവും കർതൃത്വവും പരമേശ്വരരൂപമാണ്. കർതൃത്വമില്ലാതെ പരമേശ്വരി കൽപ്പനയില്ല. കർതൃത്വം ഈശ്വരന്റെ ഉപാധിയല്ല. പ്രത്യുത സ്വരൂപമാണ്. അവ പഞ്ചകൃത്യം(സൃഷ്ടി, സ്ഥിതി,സംഹാരം വിലയം,അനുഗ്രഹം) സദാ നടത്തുന്നു. അത് ജീവരൂപം എടുക്കുമ്പോൾപോലും പഞ്ചകൃത്യം നടത്തുന്നു. ശിവൻ സദാ പഞ്ചകൃത്യകാരിയാണ്. ബ്രഹ്മം നിഷ്ക്രിയവും. മഹേശ്വരാനന്ദൻ നിഷ്ക്രിയബ്രഹ്മൻ അസത്തിനു സമമാണെന്നും കൂടി പറയുന്നു. പരമേശ്വരന്റെ അസാധാരണസ്വഭാവം പഞ്ചകൃത്യം സദാ ചെയ്യുന്നു എന്നതാണ്.

ശങ്കരൻ ജീവനിലുള്ള ഭേദബുദ്ധിയെയാണ് മായ എ ന്നു വിളിക്കുന്നത്. അത് അനിർവ്വചനീയവും നാ നാത്വം തോന്നിക്കുന്നതുമായ ബ്രഹ്മശക്തിയാണ്. നാമരൂപാത്മകമായി നാനാത്വം തെന്നിക്കുന്ന ജഗത്ത്

മിഥ്യ എന്ന് പറയുമ്പോൾ, നാനാത്വത്തെയാണ് മാ യ അഥവാ മിഥ്യ എന്ന് പറയുന്നത്. ഏകത്വത്തെ സത്യമെന്നും പറയുന്നു. ജാവനിലുള്ള ബേദബുദ്ധി മായ. ജീവനോ, ബ്രഹ്മമല്ലാതെ വേറെ ഒന്നല്ല, അ തായത് ഗണിതസമവാക്യപ്രകാരം ബ്രഹ്മസത്യം ജഗന്മിഥ്യ ജീവോ ബ്രഹ്മൈവനാപരഃ എന്നത് ഇങ്ങ നെ എഴുതാം.

ബ്രഹ്മം = സത്യം

ജഗത്ത് = മിഥ്യ(ജീവനിലെ ഭേദബുദ്ധി)

ബ്രഹ്മം = ജീവൻ.

അതായത് ബ്രഹ്മം= ജീവൻ= ജഗത്ത്

ശൈവാദ്വൈതം ബ്രഹ്മത്തിനു പകരം ശിവനെന്ന് ഉപയോഗിക്കുന്നു. മായ ഈശ്വരനെ ഗ്രസിക്കുന്ന വസ്തുവാണെന്ന് ശങ്കരൻ പറഞ്ഞിട്ടില്ല, പറഞ്ഞിട്ടു ണ്ടെന്ന് ശൈവാദ്വൈതി തെറ്റിദ്ധരിക്കുന്നു. ജീവനെ ഗ്രസിക്കുന്നു എന്ന് പറയുന്നത്, നാനാത്വമെന്ന തെ റ്റിദ്ധാരണയെയാണ്. സ്വാതന്ത്ര്യത്താൽ സ്വശക്തിയി ൽ സ്വയം ആരോപിച്ച ആത്മസങ്കോചമാണ് കർതൃ ത്വം. മായ ഈശ്വരന്റെ ജീവരൂപമായ കർതൃത്ത്വ ത്തിന്റെ ഒരു പ്രരൂപമാണ്. മായ,അവിദ്യ ഇവയെ ശൈവവും സ്വീകരിക്കുന്നുണ്ട്. അവരുടെ പ്രശ്നം ശങ്കരന്റെ മായയെ മനസ്സിലാക്കാനാവാഴ്കയാണ്. ജഗത്ത് എന്ന സത്യം ബ്രഹ്മത്തിന്റെ (ശിവത്തിന്റെ) കാഴ്ചപ്പാടിലാണ്. ജഗത്ത് എന്ന മായാ(മിഥ്യ) ജീ വാത്മാവിന്റെ ദൃഷ്ടിയിലും. അതേ ജീവൻ ബ്രഹ്മാ നുഭവം (ശിവാനുഭവം) ഉണ്ടാവുമ്പോള് പ്രപഞ്ച ത്തേയും ശിവമായി സത്യമായി ദർശിക്കുന്നു. ഇതാണ് ശങ്കരനും പറഞ്ഞത്, ശൈവാദ്വൈതവും പറയുന്നത്. ഈശ്വരന്റെ ശക്തിവിലാസം ആവു മ്പോൾ ജഗത്ത് സത്യമാണ്. ഏകാത്മകമാണ്. ജീവന്റെ

സങ്കുചിതമായ സീമിതമായ ജ്ഞാനത്തിലെ നാനാത്വമാകുമ്പോളാണ് മായയായി മിഥ്യയായി അനുഭവപ്പെടുന്നത്.

സദസദ്ഭ്യാമനിർവ്വചനീയാ എന്ന് ശങ്കരൻ മായയെ പറയുന്നത്, പരാപരാ, ഭേദാഭേദാ എന്ന ശക്തിയാ യാണ്. പരാശക്തിയായല്ല. അവിടെ അദ്വൈതവാദം വ്യാവൃത്തിമൂലകം ആണ്, അനുവൃത്തിമൂലകമല്ല എന്ന ശൈവാദ്വൈതിയുടെ വിചാരം തെറ്റാണ്. കാരണം അത് ഒരേ സമയം വ്യാവൃത്തിമൂലകവും അനുവൃത്തിമൂലകവും (Exclusive and Inclusive)ഭേദാഭേ ദവും ആണ്. ശൈവാദ്വൈതി പറയുന്നുഃ മായ ശി വമയം, ശിവപ്രരൂപം, പൂർണ്ണവും അനുവൃത്തി പൂർവ്വവും സർവ്വസംഗ്രഹവും. ദ്വൈതാഭാസം അനിവാര്യമാണ്. പരിമിതപ്രമാതാവായ ജീവൻ അനുഭവമുണ്ടെങ്കിലും പരമശിവന്റെ അനുഭവക ൽപ്പനയുടെ രൂപത്തിൽ അതിൽ വിദ്യമാനമായി രിക്കുമ്പോൾ അത് സത്യമാണ്. ഈശ്വരാനുഭവം അസത്യമല്ല. ജീവനിലെ ആത്മാവിലാണ് അത് സത്യം ആയിരിക്കുന്നത്. ബുദ്ധിയിലോ മനസ്സിലോ അല്ല. ഇന്ദ്രിയശരീരത്തിലുമല്ല. ആത്മാവില്ലെന്ന് ശഠിക്കുന്ന ജീവാത്മാവ് ഏകമായ ഈശ്വരാനുഭവ ത്തെ തിരസ്കരിക്കുന്നതുകൊണ്ടാണ് നാനാത്വം അഥവാ മായക്ക് അടിമപ്പെടുന്നത്. ആത്മാവ് ഉ ണ്ടെന്ന് ഗ്രഹിച്ച ജീവാത്മാവിന് മായയെ ജയിക്കാ നും കഴിയും, പരമാത്മതത്വത്തിൽ അനുഭവം നേ ടാനും കഴിയും. ശാന്തെദ്വൈതവാദത്തില് ബ്രഹ്മ വും ജീവാത്മാവും ഏകസ്വരൂപമാണ്,ശാന്തമാണ്, നിഷ്ക്രിയമാണ്. ക്രിയ നടക്കുന്നത് ബുദ്ധിയിലാണ്. അത് ജീവനെ ബ്രഹ്മത്തിൽനിന്ന് ഭിന്നമാക്കുന്ന ഘട കമാണ്. പരമശിവന്റെ വിശ്വോത്തീർണ്ണാവസ്ഥ എ ന്ന് ശിവാദ്വൈതി വിളിക്കുന്നതിനോടു ബ്രഹ്മവും, വിശ്വമയമെന്ന് വിളിക്കുന്ന സൃഷ്ടിക്രിയയോടു

മായയും താരതമ്യപ്പെടുത്താം. മുക്തിയിൽ നാനാത്വ മുള്ള ജഗത്ത് നിരസ്തമാകുന്നു എന്ന് ശങ്കരവചനം കാണുക. .ജഗത്ത് ശിവചേതനാസ്ഫുരണമെന്ന് ശൈവാദ്വൈതം. (ആത്മചേതനാചമത്കാരം). അതാണ് നാമരൂപമായി പ്രതീതമാവുന്ന നാനാത്വമുള്ള സൃഷ്ടിയായി ജീവന് തോന്നുന്നത്. .

സംക്ഷേപിച്ച് ശാന്തബ്രഹ്മവാദവും ഈശ്വരാദ്വയവാദവും തമ്മിൽ ഉണ്ടെന്നു പറയപ്പെടുന്ന വ്യത്യാസങ്ങളെ ഇങ്ങനെ പറയാം.

ശാന്തബ്രഹ്മവാദം	ഈശ്വരാദ്വയവാദം
1. ചിത്ത്(ബ്രഹ്മം)ജ്ഞാനമാത്രം ,നിഷ്ക്രിയം	പ്രകാശവിമർശമയം ജ്ഞാതൃത്വം, പഞ്ചകൃത്യം
2. അവിദ്യയുടെ മാന്ദ്യം വരുമ്പോളാണ് ക്രിയയാൽ നാനാത്വം വരുന്നത്. ജീവ നിലെ ഭേദബുദ്ധിയാണ് മായ.	മഹേശ്വരൻ സ്വതന്ത്രനാകയാൽ ക്രിയ ഉണ്ട്. മായ മഹേശ്വരഭിന്ന മല്ല. അതിനാലാണ് തത്വഭേദം ഘടിതമാകുന്നത്.
3. മായ അനിർവ്വചനീയം	മഹേശ്വരശക്തിയാകയാൽ സത്യം
4. മായക്ക് പരമേശ്വരന്റെ അസംഹതവും ശിഥിലവും മായ രൂപത്തോടേ ബന്ധ മുള്ളു.സംഹതവും ഏക വുമായ രൂപത്തോടില്ല. അതിനെ മായ ആവരണം ചെയ്യുന്നില്ല.	ശിവമയി. ചിന്മയിയാണ് മായ. ശിവന്റെ ബീജശക്തിയാണ്. പൃഥക്തത്വമല്ല. ജീവാത്മാവിലും കൂടി ശിവന്റെ പഞ്ചകൃത്യം ബന്ധനമല്ല.
5. നാമരൂപാത്മകമായ ജഗ ത്താണ് മിഥ്യ. ബ്രഹ്മത്തിൽ ഏകാത്മകമായിരിക്കുന്ന ജഗത്തല്ല.	ശിവരൂപം സത്യം. മഹേശ്വരവൈഭവം ജഗത്ത്. ആഭാസം ശിവപരികൽപ്പന. അസത്യമല്ല.
6. ജീവാത്മാവിലും ആത്മാ വ് ബ്രഹ്മംപോലെ നിഷ്ക്രിയം. ക്രിയ ബുദ്ധി യിലാണ്, ആത്മാവിലല്ല.	ജീവനെ ശിവന്റെ പഞ്ചകൃത്യം ബന്ധിക്കുന്നില്ല.
7. മോക്ഷാവസ്ഥയില് വിശ്വം നിരസ്തമാവുന്നു.	ശിവചേതന അകൃത്രിമമായ

	അഹംചേതനാരൂപമായി പ്രതീതമാവുന്നു.
8. വിദ്യയാൽ അവിദ്യ നിരസ്തമാവുന്നതാണ് മുക്തി.	വിദ്യയാൽ ബൌദ്ധിജ്ഞാനം മാത്രം നിരസ്തമാകുന്നു. പൌരു ഷജ്ഞാനം നിലനിൽക്കും.അത്തരം വ്യക്തി ശൂന്യാവസ്ഥയിൽ പതി ക്കുന്നു.പൌരുഷജ്ഞാനവും നിര സ്തമാകുന്നത് കേവലം ശക്തിപാ തം കൊണ്ടാണ്.
9. ശ്രവണമനനനിദിദ്ധ്യാസനങ്ങ ളാൽവിദ്യലഭിക്കുന്നു. അതി ന് ഈശ്വരാനുഗ്രഹം, സദ്ഗുരു ഇവ വേണം.	സിദ്ധഗുരുവിൽനിന്നും ഭഗവദനു ഗ്രഹം കൊണ്ടും നേടുന്നു.

ബ്രഹ്മത്തിൽ ക്രിയ ഉണ്ടോ. നിഷ്ക്രിയമാണോ. മാ യയുടെ സ്വഭാവം എന്ത്. അത് ജീവാത്മാവിനെ യോ മഹേശ്വരനേയോ മൂടുന്നത്. നാനാത്വം ജീവാ ത്മാവിലാണോ മഹേശ്വരനിലാണോ. മിഥ്യ എന്ന തിന് ശങ്കരാചാര്യർ കൊടുത്ത അർത്ഥവും ശൈവാ ദ്വൈതി കൊടുത്ത അർത്ഥവും എങ്ങനെ ഇതിനെ വിശദമാക്കുന്നു. ക്രിയ ബുദ്ധിയിലാണെന്ന് ശങ്കര നും അത് (ബൌദ്ധികജ്ഞാനം)വിദ്യയാൽ നീങ്ങുന്നു എന്ന് രണ്ടുപേരും പറയുന്നത് , ഒരേ അർത്ഥമാ ണ്. വിദ്യ നേടാൻ ഗുരുവും ഈശ്വരാനുഗ്രഹവും വേണം എന്ന് രണ്ട് കൂട്ടരും പറയുന്നു. അതോ ടൊപ്പം ഗുരുവാക്യവും ആഗമജ്ഞാനവും ശ്രവണ മനനനിദിദ്ധ്യാസനങ്ങളും കൂടി വേണമെന്നും അപ്ര കാരമാണ് വിദ്യനേടി അവിദ്യയെ നീക്കുന്നതെന്നും

പറയുന്നത് ജീവാത്മാവിനോടാണ്, മഹേശ്വരനോട ല്ല. ഇത്രയും വ്യക്തമായ സ്ഥിതിക്ക് ശൈവാദ്വൈതി ശങ്കരാദ്വൈതത്തിൽ ആരോപിക്കുന്നതെല്ലാം വെ റും ആരോപണം മാത്രമാണ്. ഒന്നും തെളിയിക്കപ്പെ ട്ടിട്ടേ ഇല്ല.

ജീവൻ ശരീരമനസ്സുകളുടെ പ്രതിമാ മാത്രമല്ല, അ തിന് പഞ്ചമഹാഭൂതനിർമ്മിതമായ സ്ഥൂലശരീരവും, മനസ്സ്,അഹങ്കാരം,ബുദ്ധി ഇവയോടുകൂടിയ അന്തഃ കരണവുമുണ്ട്.പഞ്ചതന്മാത്രകളോടുകൂടിയ സൂക്ഷ്മ ശരീരമായ പുര്യഷ്ടകമാണത്. മൃത്യുവേളയിൽ സൂക്ഷ്മശരീരത്തിലിരുന്ന് ആത്മാവ് സ്ഥൂലശരീരം ഉപേക്ഷിക്കുന്നു. പ്രാണശക്തി ഈശ്വരീയമാണ്. അത് വിശ്വത്തിലും ജീവനിലും പ്രവർത്തിക്കുന്നു ണ്ട്. മനുഷ്യരിൽ കുണ്ഡലിനീശക്തി (സൂക്ഷ്മകുണ്ഡ ലിനി) സുഷുപ്താവസ്ഥയിലുമുണ്ട്. എല്ലാത്തിനും കേന്ദ്രഭൂതമായി ഇരിക്കുന്ന ചൈതന്യം (ശിവം) ബ്രഹ്മം ആത്മാവാണ്. ആണവമലം ഹേതുവായാ ണ് ജീവൻ പരിസീമിതമായി അണുരൂപമായിരിക്കു ന്നത്, കാലദേശപരിമിതമായി തോന്നുന്നത്. അതാ ണ് ആണവമലം.

ജീവന്റെ ബന്ധം ജന്മജാതമായ അഖ്യാതി അവിദ്യ കാരണമാണ്.അതാണ് ആദ്യത്തെ അവച്ഛേദകഉപ ബന്ധം. സർവ്വവ്യാപിചൈതന്യം അതിനാൽ അണു ദശ(പരിമിതം) ആയിരിക്കുന്നു. ഇഛാശക്തിയുടെ സങ്കോചത്താലാണ് ഇത് സംഭവിക്കുന്നത്. ഇതിനാ ലാണ് ജീവൻ തന്റെ സർവ്വവ്യാപിചൈതന്യത്തെ ഭിന്നഭിന്നവ്യക്തിത്വങ്ങളായി മനസ്സിലാക്കുന്നത്.(അ വിദ്യ, നാനാത്വം, മായ). ഭിന്നഭിന്നവ്യക്തിയായി സങ്കുചിതമായി മനസ്സിലാക്കുന്നത്. ഇത് ആത്മപ രിച്ഛേദത്തിന്റെ ചേതനയാണ്.

മോക്ഷമാകട്ടെ വാസ്തവികമായ ബ്രഹ്മ(ശിവ)സ്വ രൂപത്തിന്റെ പ്രത്യഭിജ്ഞയാണ്. അകൃത്രിമമായ അഹമവിമർശത്തിന്റെ ഉദയമാണ് മോക്ഷം. ഉൽപ്പ ലദേവൻ ഇതിനെ സ്പഷ്ടമാക്കുന്നത്:- അഹം പ്രത്യവമർശോ വിമർശനാപി വാഗ്വപുഃ നാസൌ വികൽപ്പഃ സഹ്യുക്തോ ദ്വയാപേക്ഷീവിനിശ്ചയഃ (ഈ.പ്ര). ശുദ്ധമായ അഹംവിമർശം വികൽപ്പമല്ല. വികൽപ്പം ദ്വയാപേക്ഷി അഥവാ സാപേക്ഷമാണ്. അഹംവിമർശം ആത്മബോധം (അഥവാ അനാത്മ ബോധത്തിന്റെ ഉപേക്ഷ ശരീരമാണ് ഞാനെന്ന വി ചാരം)കൊണ്ട് ഭവിക്കുന്നു. അതിനാലത് സാപേക്ഷ മല്ല. അത് അവ്യവഹിതമായ അപരോക്ഷാനുഭൂതി യാണ്. ഈ അനുഭൂതി സ്വയം ലഭിക്കുമ്പോളാണ് വാസ്തവസ്വരൂപബോധം (പ്രത്യഭിജ്ഞ) ഉണ്ടാവുന്ന ത്. ഈ ബോധത്തെയാണ് ശങ്കരാചാര്യർ മോക്ഷം എന്ന് പറയുന്നത്. അഭിനവഗുപ്തനും, മോക്ഷോ ഹി നാമ നൈവാന്യഃ സ്വരൂപപ്രഥനം ഹി തത് (തന്ത്രാലോകം) എന്ന് പറയുന്നു. സ്വസ്വരൂപത്തിന്റെ ഉന്മേഷം മോക്ഷം. അത് ചിത്തിന്റെ ശുദ്ധചേതന യുടെ (ശിവചൈതന്യം) ഉദയമാണ്. ശുദ്ധമായ അഹംവിമർശം കൊണ്ടാണ് അത് ലഭിക്കുന്നത്. സകലവിശ്വവും അഹംമയമായി, ശിവമയമായി പ്രതീതമാവലാണ് മോക്ഷം..സർവ്വോച്ചമായ ആനന്ദ മാണ് ജഗദാനന്ദം. ഇതിന് ബുദ്ധിമാത്രം പോരാ . ഈശ്വരകടാക്ഷവും വേണം എന്ന് രണ്ടുകൂട്ടരും കരുതുന്നുണ്ട്. ഇതിനെ താന്ത്രികഭാഷയിൽ ശക്തി പാതാനുഗ്രഹം എന്ന് വിളിക്കുന്നു.

പൂർവ്വജന്മസംസ്കാരത്താൽ ഉന്നതാവസ്ഥ പ്രാപിച്ച ജീവനാണ് ഈശ്വരാനുഗ്രഹത്തിന് (തീവ്രശക്തിപാത ത്തിന്) അധികാരിയാവുന്നത്. അത്തരം ഒരാൾ വി ശേഷസാധനകളൊന്നും കൂടാതെ മോക്ഷം പ്രാപി ക്കുന്നു. ക്രമവികാസത്താൽ

മദ്ധ്യമശക്തിപാതത്തിന് അധികാരിയായ ജീവന് ഗുരുസേവനം,ദീക്ഷ ഇവക ളോടെ സാധന അനുഷ്ഠിക്കേണ്ടതുണ്ട്. അങ്ങനെ ഉചിതസമയത്ത് മുക്തി പ്രാപിക്കാം. ക്രമവികാസം മന്ദമായാൽ, മന്ദശക്തിപാതത്തിനേ അധികാരിയാ വുന്നുള്ളു. അവിദ്യ കൊണ്ടാണ് ക്രമവികാസം മന്ദമാകുന്നത്. അതിനെ നീക്കാനായി, അദ്ധ്യാത്മിക സാധനയും ജ്ഞാനവും ലഭിക്കാനായി ഉൽക്കണ്ഠ ജനിച്ച്,ജാഗ്രതയോടെ മുന്നേറി, പതുക്കെ മോക്ഷം പ്രാപിക്കണം. അവിദ്യയുടെ മാന്ദ്യം (ശങ്കരചാര്യർ പറയുന്നപോലെ) നീങ്ങി വിദ്യയുടെ തീവ്രത കൂടു മ്പോളാണ്, ശക്തിപാതം സംഭവിക്കുന്നത്. അപ്പോൾ ശങ്കരാചാര്യർ പറഞ്ഞിടത്തുതന്നെ ശൈവാദ്വൈത വും എത്തുന്നു.

ഉപായങ്ങൾഃ-നൈതികവും അദ്ധ്യാത്മികവുമായ സാധനകളാലാണ് അനുഗ്രഹം.അനുഗ്രഹാർജ്ജന ത്തിന് നാലു മുഖ്യഉപായം.അനുപായം, ശാംഭവോ പായം,ശാക്തോപായം,ആണവോപായം. അനുപായ മൊഴികെ മറ്റു മൂന്നും മലങ്ങളെ നീക്കാനാണ്. അ നുപായശബ്ദത്തെ ഉപായമെന്ന് പറയുന്നത് കഠിന മാണ്. അത് സർവ്വഥാ അനുഗ്രഹത്തിൽ ആശ്രിതമാ ണ്. ഒറ്റ ശബ്ദമോ, കടാക്ഷമോ കൊണ്ടുതന്നെ ശക്തി പാതം സംഭവിക്കും. ആത്മസാക്ഷാത്കാരം എന്ന പ്രകാശം ലഭിക്കും. അനുപായത്തിൽ സാധകന്റെ അത്യന്തം അൽപ്പമാത്രമായ നാമമാത്രമായ പ്രയ ത്നമേ ഉള്ളു. തീവ്രതമമായ ശക്തിപാതത്താലാണ് സാക്ഷാത്കാരം. ചിലപ്പോൾ ഒരു സിദ്ധപുരുഷദ ർശനം (സ്വപ്നത്തിലാണെങ്കിലും) മതി ഇത് ലഭി ക്കാൻ. അനുപായത്തെ ആനന്ദോപായമെന്നും പറ യാറുണ്ട്.

ആണവോപായം (ക്രിയോപായം). കരണങ്ങളെ ആ ത്മസാക്ഷാത്കാരത്തിന് ഉപയോഗപ്പെടുത്തുന്നു.

ഇതിലാണ് പ്രാണായാമം, ഇഷ്ടദേവതാപൂജ മുത ലായവ. (ഇവിടെ ക്രിയകളിലെ നാനാത്വം ഉണ്ട്). അവസാനം സുഷുമ്നയുടെ ഉന്മീലനത്താൽസാക്ഷാ ത്കാരം ലഭിക്കുന്നു.മന്ത്രജപം, പൂജ മുതലായവ പ്രധാനഅംഗങ്ങളാണ്. ഇതിനെ ഭേദോപായം എ ന്നും പറയുന്നു. കാരണം ഭേദങ്ങളെ ആധാരമാക്കി യാണ് ഈ സാധന പ്രതിഷ്ഠിതം.

ശാക്തോപായം (ജ്ഞാനോപായം). മാനസികസാധന യിലാണ് പ്രതിഷ്ഠിതം. ആന്തരികവികാസം സംഭ വിക്കുന്നതിനാൽ സമാവേശലാഭം ഉണ്ടാവുന്നു. വിശേഷമന്ത്രശക്തിയെ ഉപയോഗിക്കുന്നു.അതിനാൽ പ്രാതിഭാജ്ഞാനം ഉണ്ടാവുന്നു.ക്രമത്തിൽ ദ്വൈത ഭാവം കുറഞ്ഞ് ചേതന പരസംവിത്തിൽ നിമഗ്ന മാവുന്നു.ശിവോഹം എന്നും വിശ്വയം എന്റെ ആ ത്മാവിന്റെ പ്രസരമാണെന്നുമുള്ള ഭാവന ഉറയ്ക്കു ന്നു. ഭേദാഭേദോപായമെന്നും പറയും.കാരണം ഭേ ദബുദ്ധി. താദാത്മ്യബുദ്ധി, രണ്ടും ഇതിൽ പ്രയോഗി ക്കുന്നുണ്ട്. ഇതിൽ പ്രത്യേകം പ്രയാസമൊന്നും കൂ ടാതെ കുണ്ഡലിനി ഉയർന്ന്, ആത്മസാക്ഷാത്കാരം സമ്പന്നമാകുന്നു.

ശാംഭവോപായം.അനന്തവും പ്രൌഢവുമായ ഇത് പ്രൌഢരായ സാധകർക്കുള്ള ഉപായമാണ്. ശിവ തത്വം നിദിദ്ധ്യാസനം ചെയ്യുന്നവർ ശിവചേതനായു ക്തരാവുന്നു. (ഇത് ശങ്കരാചാര്യർ പറഞ്ഞതു തന്നെയാണെന്ന് പട്ടിക നോക്കി കാണുക) അനവ രതഅഭിജ്ഞതയുടേയും ജാഗരൂകതയുടേയും മാർഗ്ഗ മാണ് ശാംഭവോപായം. സാധകൻ (ജീവാത്മാവ്) ആദ്യം പഞ്ചകൃത്യങ്ങളെ മനനം ചെയ്യുന്നു.പിന്നെ കൽപ്പക്ഷയത്തിന്റെ സാധന. വിശ്വം കേവലം ചി ത്തിന്റെ പ്രതിപലനമാണെന്ന് മനനം ചെയ്യുന്നു. ഒടു വിൽ ഈ സാധനകളെയെല്ലാം ത്യാഗം ചെയ്ത്,

ശുദ്ധ,അകൃത്രിമ,അഹംവിമർശത്തെ പ്രാപ്തമാക്കുന്നു.

ക്ഷേമരാജൻ പറയുന്നത് മദ്ധ്യത്തിന്റെ വികാസത്താൽ, ചിദാനന്ദലാഭം ലഭിക്കുമെന്നാണ്. അതിന്നുപരി പറഞ്ഞ മൂന്ന് ഉപായത്തിന്റെ ദൃഷ്ടിയിൽ മദ്ധ്യത്തി ന് വ്യത്യസ്തഭാവമാണ്. ആണവോപായദൃഷ്ടിയിൽ മദ്ധ്യസുഷുമ്നാനാഡിയാണ് ഇതിനെ വികസിപ്പിക്കുന്നത്. ശാക്തോപായദൃഷ്ട്യാ മദ്ധ്യപരസംവിത്ത് ഇതിനെ പ്രാപ്തമാക്കുന്നു. ശാംഭവോപായദൃഷ്ട്യാ മദ്ധ്യം ശുദ്ധഅകൃത്രിമമായ അഹമാണ്. അതാണ് സകലത്തിനും മദ്ധ്യം. അഥവാ കേന്ദ്രം. എല്ലാ ഉപായവും ഈ മദ്ധ്യത്തെ പ്രാപ്തമാക്കാനാണ്. ഇതിന്റെ വികാസത്തിന് ക്ഷേമരാജൻ വികൽപ്പക്ഷ യം, ശക്തിസങ്കോചം, ശക്തിവികാസം, അവിച്ഛേദം ,ആദ്യന്തകോടി അധ്യാസം ഇവ അനുശാസിക്കുന്നു. ഇതിലെ വികൽപ്പക്ഷയം ശാംഭവോപായവും ശക്തിസങ്കോചവികാസങ്ങൾ ശാക്തോപായവും ,അവിച്ഛേദവും ആദ്യന്തകോടി നിഭാലനവും ആണവോപായവുമാണ്. .

പ്രത്യഭിജ്ഞാഹൃദയം പഞ്ചകൃത്യാമനനം, വികൽപ്പക്ഷയം ഇവയുടെ അഭ്യാസത്തിന് അത്യന്തഗുരുത്വം പറയുന്നു. ശിവന്റെ പഞ്ചകൃത്യം ജീവനിൽ സദാ ചലിക്കുന്നു. സാധകന്റെ ഉച്ചചേതനയെ പ്രാപ്തമാക്കാൻ രഹസ്യമായി പഞ്ചകൃത്യം സദാ മനനം ചെയ്യണം. ജീവൻ നിയതദേശകാലങ്ങളിൽ നീലം മുതലായ പ്രത്യക്ഷങ്ങളെ ചെയ്യുന്നത് സൃഷ്ടി. നീലാദി ആഭാസങ്ങളുടെ നൈരന്തര്യം സ്ഥിതി. അഹംഭാവത്തിന്റെ ആനന്ദവിമർശനസമയത്ത്, ആഭാസത്തിന്റെ സംഹാരം . സംഹൃതമാവുമ്പോൾ പോലും സംസ്കാരവശാൽ അതിന്റെ ആഭാസം നിലനിൽക്കുന്നു. അത് വിലയദശ. ഹഠപാകക്രമത്തിൽ ചിത്തിൽ അവ വിലീനമാകുമ്പോൾ അനു

ഗ്രഹദശ. ഈ അബ്യ്യാസത്താൽ സാധകൻ ശുദ്ധ ചിദാനന്ദത്തിന് അധികാരിയാവുന്നു. വികൽപ്പ ക്ഷയത്തിന് മറ്റൊരു വിധി പറയുന്നുഃ-

ചിത്തം നാനാപ്രകാരമായ വൃത്തികളുടെ ആമേട സ്ഥലം. സമുദ്രത്തിൽ ഒന്നൊന്നായി ലഹർ(തിര) പോലെ അവ ഉയരുന്നു. ആ വൃത്തികളാൽനാം ചലിതരാവുന്നു. പിന്നെ ശാന്തചേതനയുടെ നിസ്ത രംഗാവസ്ഥയെ അറിയാതാവുന്നു,മറന്നുപോകുന്നു. വികൽപ്പക്ഷയാഭ്യാസം നമ്മെ ക്ഷോഭമുക്തരാക്കു ന്നു. അപ്പോൾ ചേതനയുടെ യഥാസ്വരൂപമായ ശാന്തി പ്രാപ്തമാകുന്നു. അതിന്റെ ഉപരിതലത്തിൽ വികൽപ്പം വിഹരിക്കുന്നുണ്ട്. . എന്നാലും അന്ത രംഗം പരമശാന്തമായിരിക്കും. ഇത് ചിത്തവൃത്തി യുടെ പരിപൂർണ്ണനിരോധത്താൽ, കേവലപ്രതിരോ ധത്താലാണ് സംഭവിക്കുന്നത്. കേവലം നിശ്ശേഷതാ ദ്വാരാ, അകിഞ്ചിച്ചിന്തകത്വസഹിതമായ സാവധാന ത കൊണ്ട്, ഇത് പ്രാപ്തമാകുന്നതാണ്. പെട്ടെന്ന് ലഭിക്കുന്നതല്ല. (ശാന്തബ്രഹ്മവാദിയുടെ ശാന്തമായ ബ്രഹ്മവും ഈ അവസ്ഥയും ഒന്നാണെന്ന് ഈ മാർഗ്ഗം എടുത്തുപറഞ്ഞിട്ടും ശൈവാദ്വൈതി മന സ്സിലാക്കുന്നില്ല എന്നത് വിസ്മയകരമാണ്.

ഈ സാധനകളാൽ സമാവേശപ്രാപ്തി ഉണ്ടാവുന്നു. അതിനെ പൂർണ്ണവും സമഗ്രവുമാക്കാൻ ക്രമ മുദ്രാസാധന ചെയ്യണം. ക്രമമുദ്രാസാധന ജീവന്റെ ചേതനയെ സർവ്വവ്യാപിചേതനയുമായി തന്മയീഭ വിപ്പിക്കുന്നു.ജഗദാനുഭവവും ഇതോടൊപ്പം സംഭ വിക്കുന്നു. സമാവേശം കൊണ്ടുമാത്രം ജീവന്മുക്തി വരില്ല, കേവലസമാധി അവസ്ഥയിലാണ് പൂർണ്ണത വരുന്നതെന്ന് ഈ ദർശനം പറയുന്നു.(കേവലസമാ ധിയിൽ ചേതന നിഷ്ക്രിയമാണ് എന്നാണ് ബ്രഹ്മാ ദ്വൈതവും പതഞ്ജലിയോഗവും പഠിപ്പിക്കുന്നത്. അവിടെ ക്രിയയൊന്നുമില്ല. ഇതിനെ എതിർക്കുന്നത്

ശൈവാദ്വൈതത്തിന്റെ പോരായ്മകളിലൊന്നാണ്).
സമാധിയിലെ ഉത്ഥാനാവസ്ഥയിൽ പോലും സമാ
വേശം ലുപ്തമാകാതെ അവിചലിതമായി ഇരി ക്കുക
എന്നതാണ് കേവലസമാധി ലഭിച്ച വ്യക്തി യിൽ
സംഭവിക്കുന്നത്. അപ്രകാരം നിർബീജസ മാധി
ലഭിച്ചവരിൽ, ജഗത്ത് മൃണ്മയമല്ല, ദിവ്യപ്ര
കാശപരിധാനത്താൽ സമലംകൃതമാണ്. സർവ്വ
വ്യാപിയായ ചേതനയുടെ അഭിവ്യക്തിയും വിലാ
സവും ആയി പ്രതീതമാവുന്നു. സാധകൻ അനുഭ
വിക്കുന്നത് താൻ ചേതനതന്നെയാണ്, ഈ ശരീ രമോ
മനസ്സോ ബുദ്ധിയോ അല്ല എന്നാണ്. അതു
കൊണ്ടാണ് ജഗത്ത് പരിഹാരത്തിന്റെ വിഷയമല്ല,
ആനന്ദവിഷയമാണ് എന്ന് (ജഗദാനന്ദം) പ്രതീതി
വരുന്നത്.അകൃത്രിമഅഹം വിമർശനം ഉദയം ചെ
യ്യുമ്പോൾ ജഗത്ത് പ്രതിയോഗിയായല്ല, അഭിവ്യക്തി
യായാണ് അനുഭവപ്പെടുക. ഇതാണ് ജീവന്മുക്തി.
ജഗത്തിന്റെ ഉദയം ഈശ്വരന്റെ(ശിവന്റെ, ബ്രഹ്മത്തി
ന്റെ) ശുദ്ധഅഹം വിമർശത്താലാണ്. മാനവാവസ്ഥ
യിൽ അഹംവിമർശതാദാത്മ്യം അന്നപ്രാണമനോ
മയകോശങ്ങളാലാണ് ഉണ്ടാവുന്നത് (ശരീരവും മ
സ്തിഷ്കവും ഉൾപ്പെട്ട ബുദ്ധി വരെയുള്ള തത്വങ്ങ ൾ)
എന്ന നിഗമനം ഈ ദർശനം മുന്നോട്ടു വെക്കു ന്നു.
ഇവിടെയാണ് ഈ ദർശനത്തിന്റെ പിഴവും
വൈരുദ്ധ്യാത്മകതയും. ബുദ്ധിക്കോ മനസ്സിനോ
ചെല്ലാനാവാത്തതും ചൈതന്യമയവും, ഈശ്വരാനു
ഗ്രഹം കൊണ്ടു മാത്രം സംഭവിക്കുന്നതുമായ ശ
ക്തിപാതത്തെ പ്രതിപാദിക്കുന്ന അതേ ദർശനം എ
ങ്ങനെ ശരീരത്തിലെ ബുദ്ധിയെ ഇത്രയേറെ വിശ്വ
സിക്കുന്നു. വേദാന്താദ്വൈതം ബുദ്ധിക്ക് ചെല്ലാനാ
വാത്തതും പൂർണ്ണവുമായ ആത്മചൈതന്യത്തെയാ
ണ് അംഗീകരിക്കുന്നത്. ജഗത്ത് ബുദ്ധിയുടെ അഹ
ത്തിന്റെ പ്രതിയോഗിയായി പ്രതീതമാവുന്നു. മാനവ

കർത്തവ്യം അഹവും ഇദവും ഒന്നാവുന്ന അഹം വിമർശനത്തെ പ്രാപ്തമാക്കലാണ് എന്ന കാര്യത്തി ൽ സംശയമില്ല. അതിൽ ബുദ്ധിക്കും പങ്കുണ്ട്, എന്നല്ലാതെ ബുദ്ധി കൊണ്ടുമാത്രം തന്മയത സാധിക്കയില്ല. പൂർണ്ണസമാധിയിലെ ജഗദാനന്ദം ബുദ്ധി കൊണ്ടല്ല സാധിക്കുന്നത്.

സാമാന്യജീവൻ സകലമാണ്,നിഷ്കലമല്ല. അതിൽ കർമ്മ,മായീയ,ആണവമലങ്ങളുണ്ട്. പ്രലയാകല ആണവമലമുക്തമാണ്.കർമ്മമായീയമലങ്ങളുണ്ട്. ജ്ഞാനവും കർമ്മവുമില്ല. പ്രലയസമയത്ത് പ്രത്യേകസകല പ്രലയാകല ആവുന്നു. വിജ്ഞാനകല അതിനേക്കാൾ ഒന്നധികം ഉച്ചാവസ്ഥയിലാണ്. മായയുടെ ഉപരിയും ശുദ്ധവിദ്യക്ക് താഴെയുമാണ്. കർമ്മ മായീയമലമുക്തമാണ്, ആണവമലമുണ്ട്. ജ്ഞാനവും ഇഛയുമുണ്ട്, ക്രിയയില്ല. വിജ്ഞാനകലക്ക് മുകളിൽ മന്ത്ര,മഹേശ്വര, മന്ത്രമഹേശ്വര, ശിവപ്രമാതൃ(ഉത്തരോത്തരം ഉത്കർഷം) എന്ന് ഏകത്വചേതനയുടെ ന്യൂനാധികമാത്ര അധികരിക്കുന്നു. കേവലശിവപ്രമാതാവിന് പ്രത്യേകവസ്തു ശിവമായിത്തന്നെ പ്രതീതമാവുന്നു. ശുദ്ധഅഹംചേതന (വിമർശം) എല്ലാ സൃഷ്ടിശക്തിക്കും മൂലം അഥവാ ഉദ്ഗമസ്ഥലമാണ്. ശിവന്റെ ശുദ്ധമായ അഹംചേതനയിൽനിന്ന് നിമേഷ(തിരോധാന)പ്രാരംഭം ഉണ്ടാവുന്നു. ഉന്മേഷം ശുദ്ധഅഹംചേതന വരെ എത്തുന്നു. ഇപ്പോൾ ജീവപഥികൻ സ്വധാമത്തിലേക്ക് (സ്വദേശത്തേക്ക്) മടങ്ങുന്നു. മാർഗ്ഗത്തിൽ ശിവന്റെ അത്ഭുതാനുഭവവൈഭവം കൊണ്ട്, സമൃദ്ധനാവുന്നു. ഓരോരോ ആവരണം നീങ്ങി പരമതത്വത്തെ ഹൃദയത്തിൽ സ്ഥിമായി സ്ഥിതമാക്കുന്നു. അഭിനവഗുപ്തന്റെ വാക്കുകളിൽ ഇപ്പോൾ, യാത്രക്കാരന്റെ മുഖത്തുനിന്ന് ഈ വാക്കുകൾ പുറപ്പെടുന്നു:-

സ്വതന്ത്രോ സ്ഥാത്മാ സ്ഫുരതി സതതം ചേതസി ശിവഃ
പരാശക്തിശ്ചേയം കരണസരണിപ്രാന്ത മുദിതാ
തദാഭോഗൈകാത്മാ സ്ഫുരതി ച സമസ്തം ജഗദിദം ന
ജാനേ കുത്രായം ധ്വനിരനുപതേത് സംസൃതിരിതി.
(മഹേശ്വരാനന്ദന്റെ മഹാർത്ഥമഞ്ജരിയിൽ നിന്ന്
ഉദ്ധരണി.).

സ്വാതന്ത്ര്യത്താൽ പരിപൂർണ്ണനായ സ്വഛന്ദരൂപമാ യ ശിവനാണ് എന്റെ ചേതനയിൽ സദാ സ്ഫുരി ച്ചുകൊണ്ടിരിക്കുന്നത്. പ രാശക്തിയാണ് എന്റെ ഇന്ദ്രിയങ്ങളുടെ പ്രാന്തത്തിൽ ക്രീഡയാടുന്നത് ഈ സമസ്തജഗത്തും ചേതനയുടെ ചമത്കാരത്താൽ സ്ഫുരിതമാവുന്നു. എവിടെനിന്നാണ് സംസാര ത്തിന്റെ (സംസൃതിയുടെ) ധ്വനി എന്റെ കാതിൽ പതിക്കുന്നത്. അറിയുന്നില്ല.

പ്രത്യഭിജ്ഞാഹൃദയം

1. നമഃശിവായസതതം പഞ്ചകൃത്യവിധായിനേ
   ചിദ്ഘനസ്വാത്മപരമാർത്ഥാവഭാസിനേ
2. ശാങ്കരോപനിഷത്സാരപ്രത്യഭിജ്ഞാമഹോദധേ
   ക്ഷേമോണോദ്ധ്രിയതേ സാരഃസംസാരവിഷ
   ശാന്തയേ

നമഃശിവായ. സതതം പഞ്ചകൃത്യാവിധായിയും, ചിദാനന്ദഘനരൂപിയും, സ്വാത്മരൂപമായ പര മാർത്ഥത്തെ അവഭാസിപ്പിക്കുന്നവനുമായ ശിവന് നമസ്കാരം ശങ്കരോപനിഷത്തിന്റെ സാരമായ പ്ര ത്യഭിജ്ഞ എന്ന മഹാസമുദ്രത്തിൽനിന്ന് സംസാര വിഷമെന്ന കാളകൂടത്തെ ശാന്തമാക്കുന്നതിന്ന്, . ശ്രേഷ്ഠമായ സാരം മാത്രം (അമൃതം) ക്ഷേമരാ ജൻ ഉദ്ധരിക്കുന്നു.

സംസാരത്തിൽ ചില ഭക്തർ സുകുമാരമതികളും മനനശക്തി വികസിതമാകാത്തവരും കഠിനതർക്ക ശാസ്ത്രപരിശ്രമം ചെയ്യാനാകാത്തവരും, എന്നാൽ പരമേശ്വരസമാവേശം അഭിലഷിക്കുന്നവരുമായി ജീവിക്കുന്നുണ്ട്. അവരിൽ ശക്തിപാതം വികസ്വരമാക്കാൻ ഈശ്വരപ്രത്യഭിജ്ഞയിലെ ഉപദേശം അൽപ്പാൽപ്പമായി തുറന്നുകൊടുക്കുന്നു.സ്വാത്മരൂപിയായ ദേവതയാണ് സർവ്വത്തിനും കാരണം. അതാണ് പരമാർത്ഥപ്രാപ്തിക്ക് സരളോപായം. അതാണ് ജീവന്റെ ഉത്കൃഷ്ടഫലം. ഇതിനെ സ്പഷ്ടമാക്കാനായി പറയുന്നുഃ-

സൂ1. ചിതിഃ സ്വതന്ത്രാ വിശ്വസിദ്ധിഹേതുഃ .

സ്വതന്ത്രമായ ചിതിയാണ് വിശ്വത്തിന്റെ സിദ്ധിക്കുള്ള ഹേതു. സദാശിവൻ മുതൽ ക്ഷിതിവരെയുള്ള വിശ്വത്തിന്റെ സിദ്ധി അഥവാ പ്രകാശനം (സൃഷ്ടി), സ്ഥിതി, പ്രമാതാക്കളും (ജ്ഞാതാ) വിശ്രാന്തിരൂപമായ സംഹാരവും, പരഉച്ചരൂപമായ ചിതിയുടെ സ്വാതന്ത്ര്യമാണ്. ഉത്തമമായ വിമർശമയിയാണ്. അത് ശിവഭട്ടാരകനിൽനിന്ന് അഭിന്നമാണ്. ഹേതു (കാരണം)ആണ്. പ്രസരണത്തിൽ ജഗത്തിന്റെ അസ്തിത്വവും സ്ഥിതിയും സംഭവിക്കുന്നു. പ്രസരണം സമാപ്തമാകുമ്പോൾ, ജഗത്ത് സംഹൃതമാകുന്നു. ഇതിന്നു സാക്ഷി സ്വാനുഭവം തന്നെയാണ്. മായാ,പ്രകൃതി ഇവ ചിത്പ്രകാശഭിന്നമാണ്. അപ്രകാശിതമായാൽ അസ്തിത്വമില്ലാത്തവയാണ്. അതിനാൽ വിശ്വത്തിന്റെ അസ്തിത്വത്തിന് അവ കാരണമല്ല. അവ പ്രകാശിതമാവുമ്പോൾ പ്രകാശത്തിൽനിന്ന് അഭിന്നവുമാണ്. പ്രകാശരൂപി ചിതിഹേതുവാണ്. ദേശകാലരൂപങ്ങൾ ആരുടെ സൃഷ്ടിയോ ആ ചിതി വ്യാപകം, നിത്യോദിതം, പരിപൂർണ്ണം. ചിത്തും ജഗത്തും അഭിന്നമെങ്കിൽ

കാര്യകാരണബന്ധം എങ്ങനെ പറയും എന്ന സം ശയം വരാം. ഉത്തരം സ്വഛവും സ്വതന്ത്രവും ആകയാൽ ഭഗവതി ചിത് നാനാപ്രകാരം അനന്ത ജഗദ്രൂപമായി ഉല്ലസിക്കുന്നു. കാര്യകാരണഭാവം അതിലാണ് പ്രയുക്തമായിരിക്കുന്നത്. ചിത്താണ് പ്രമാണ,പ്രമേയ, പ്രമാതൃക്കളായ മായാവിശ്വത്തി ന്റെ പ്രകാശനഹേതു. അത് സ്വതന്ത്ര,അപരിഛിന്ന, സ്വപ്രകാശരൂപമാണ്. അതിനെ സിദ്ധമാക്കാൻ പ്രമാണം ഉപയുക്തമല്ല. അതിനു സാധിക്കുന്ന പ്രമാണമൊന്നും ഇതുവരെ ഉപപന്നവുമല്ല. ത്രികാ സാരത്തിൽ പറയുന്നുഃ

സ്വപദാ സ്വശിരഛായാം യദ്വുല്ലംഘിതു മീലിതേ പാദോദ്ദേശേ ശിരോ നസ്യാത്തഥേയം ബൈന്ദവീ കലാ. ശിരസ്സിന്റെ ഛായ പാദത്തെ ലംഘിക്കുന്നില്ല. ശിരസ്സ് പാദസ്ഥാനത്ത് ഇരിക്കയുമില്ല. അതുപോലെ യാണ് ബൈന്ദവീകല. ചിതി വിശ്വസിദ്ധിയാൽ പര മഅദ്വയവുമായി(ചിത്ത്) സമരസമാകുന്ന സംഹാര ത്തിനും ഹേതുവാകയാൽ സ്വതന്ത്രമാണ്. (സൃഷ്ടി സ്ഥിതിസംഹാരഹേതു). ഈ സ്വാതന്ത്ര്യം മനസ്സിലാ യാൽ ചിത്ത് ശക്തി ഭോഗമോക്ഷരൂപിയായ വിശ്വ ശക്തിയുടേയും ഹേതുവാണ്. നീല,സൂക്ഷ്മ,ദേഹ, പ്രാണാദിപദാർത്ഥങ്ങളുടെ സിദ്ധി (പ്രമാണത്തിന്റെ ആരോഹക്രമം) വിമർശമായ പ്രമാതാവിൽ ആവേ ശമാണ്. അതേ സിദ്ധി ചിതിശക്തിയെ അറിയാനു ള്ള ഹേതു(ഉപായം)വുമാണ്. വിജ്ഞാനഭട്ടാരകൻ വിജ്ഞാനഭൈരവത്തിൽഃ

ഗ്രാഹ്യഗ്രാഹകസംവിത്തിഃ സാമാന്യം സർവ്വദേ ഹിനാം യോഗിനാം തു വിശേ ഷോയം സംബന്ധേ സാവധാനതാഃ ജ്ഞേയം, ജ്ഞാനം, ജ്ഞാതാവ് എ ന്നിവ ദേഹമെടുത്തവർക്കെല്ലാം സാമാന്യവും യോ ഗികൾക്ക് വിശേഷവുമാണ്. ഈ സംബന്ധത്തിൽ ഗ്രാഹ്യം(ജ്ഞേയം) സർവ്വദാ ഗ്രാഹകവുമായി

(ജ്ഞാനം) സംബന്ധമുള്ളതാണ്. ജ്ഞാതാവുമായി ബന്ധമില്ലാതെ ജ്ഞേയമില്ല. ജ്ഞാതാവിന്റെ ഉദയം- അദ്ദേഹത്തിന്റെ വിശ്രാന്തി എന്തിലോ അത്- യോഗിക്ക് സദാ ഭാനമായിരിക്കുന്നു. സൂത്രത്തിൽ ചിതി ഏകവചനം (ദേശകാലാദിപരിഛിന്നമല്ല). സമസ്ത ഭേദവാദം അവാസ്തവികത എന്ന് വ്യക്തമാക്കു ന്നു.

സൂത്രം 2. സ്വേഛയാ സ്വഭിത്തൌ വിശ്വമുന്മീല യന്തി .

സ്വന്തം ഇഛയിൽ, സ്വഭിത്തിമേൽ വിശ്വം ഉന്മീല നം ചെയ്യുന്നു. സ്വാതന്ത്ര്യലക്ഷണം സ്വന്തം ഇഛ, സ്വന്തം ആധാരം(ഭിത്തി) . ചിതി വിശ്വത്തെ വ്യക്ത മാക്കുന്നു. മര്റൊന്നിന്റെ ആവശ്യമില്ല. ദർപ്പണത്തി ലെന്നപോലെ എന്ന ബ്രഹ്മവാദിയുടെ ഉപമയെ ഇ വിടെ ദർപ്പണത്തിന്റെ ആവശ്യമില്ല എന്ന് നിരസി ക്കുന്നതിലെ നിരർത്ഥകത കാണാതെ പോകരുത്. ദർപ്പണത്തിലെന്നപോലെ എന്നത് ദർപ്പണത്തിൽ എന്നല്ല അർത്ഥം. അത് വേഗം മനസ്സിലാകാനുള്ള ഒരു ഉപമ മാത്രമാണ്. ആദ്യം നിശ്ചിതരൂപമായി, പിന്നീട് ദർപ്പണത്തിലെ നഗരം പോലെ ഭിന്നസമാ നം വ്യക്തമാക്കുന്നു. ഭിത്തി, ചുമർ. ചുമരിലെ ചിത്രം പോലെ . ചുമരും ചിത്രവും സ്വേഛയും എല്ലാം ആത്മാവുതന്നെ. ഉന്മീലനശബ്ദം നേരത്തേ അവ്യക്താവസ്ഥയിലായിരുന്ന ഒന്നിന്റെ പ്രകട(വ്യ ക്ത)മാകൽ. സൃഷ്ടിക്കുമുമ്പുള്ള ജഗത്തിന്റെ പ്രകാശ രൂപസ്ഥിതിയിലാണ് മാറ്റം. വിശ്വരൂപം വിഭാഗേന പ്രതിപാദിക്കാൻ സൂത്രം 3 ആരംഭിക്കുന്നു.

സൂ 3. തന്നാനാ അനുരൂപഗ്രാഹ്യഗ്രാഹകഭേദാത്

തത് നാനാപ്രകാരം. വിശ്വം (തത്) നാനാപ്രകാരം. എങ്ങനെ . അനുരൂപങ്ങളെക്കൊണ്ട്. പരസ്പരം ഔചിത്യാവസ്ഥിതിയിൽ, പരസ്പരം ഉപയുക്തമാ യ, ഗ്രാഹ്യഗ്രാഹകഭേദത്താൽ. വൈചിത്ര്യത്താൽ.

എന്നാൽ സദാശിവതത്വത്തിൽ അഹന്താഛാദിത അസ്ഫുടഇദന്താമയമായ പരാപരരൂപം വിശ്വം ഗ്രാഹ്യം, ശ്രീസദാശിവഭട്ടാരകാധിഷ്ഠിത മന്ത്രമഹേശ്വരാഖ്യമായ പ്രമാതൃവർഗ്ഗം പരമേശ്വരേഛാവികൽപ്പിതമായ അവസ്ഥ. ഗ്രാഹ്യഗ്രാഹകങ്ങളുടെ അനുരൂപതഃ- ഞാൻ(അഹം)അഹന്ത, ഇദം(ഇദന്ത) ഇവ സദാശിവതത്വത്തിൽ അസ്ഫുടമാണ്. മന്ത്രമഹേശ്വരനാമമുള്ള പ്രമാതാവ് അതിന്ന് അനുരൂപമായ രൂപം. ഈശ്വരതത്വത്തിൽ എപ്രകാരം വി ശ്വം ഗ്രാഹ്യവിഷയമാണോ , അഹം മമ സമാനരൂ പമായി സ്ഫുടമാണോ, അപ്രകാരം മഹേശ്വരവ ർഗ്ഗഗ്രാഹകൻ (പ്രമാതാവ്) ശൈവസമാനരൂപത്തിൽ ഒന്നായി സ്പഷ്ടമാണ്. മഹേശ്വരവർഗ്ഗത്തിന്റെ അ ധിഷ്ഠാതാവ് പൂജ്യനായ ഈശ്വരനാണ്. ശുദ്ധവി ദ്യാപദത്തിൽ,ഭിന്നഭിന്നമന്ത്രം പ്രമാതാ(ജ്ഞാതാവ്) ആയിരിക്കുന്നു. അപ്രകാരം, അവരാൽ ജ്ഞേയം (പ്രമേയം) ആയ വിശ്വവും ഭേദവും സാരമാണ്. മന്ത്രങ്ങളുടെ അനേകശാഖകളും അന്യോന്യം ഭേദമുള്ളവയാണ്. അതിന്റെ അധിഷ്ഠാതാവ് അനന്തഭട്ടാരകനാണ്. മായയ്ക്ക് മുകളിലും ശുദ്ധവിദ്യ യ്ക്ക് താഴെയും എപ്രകാരം വിജ്ഞാനകല പ്രമാതാവാണോ, കർതൃത്വശൂന്യമാണോ, അത്രയും ശുദ്ധബോധരൂപമാണോ, അപ്രകാരം അതിൽനിന്ന് അഭിന്നവും പൂർവ്വാവസ്ഥയിൽ പരിചിതമായ സകല, പ്രലയാകലകളും അതിന്റെ പ്രമേയവുമാവുന്നു.

മായക്കു താഴെ ശൂന്യപ്രമാതാവിന്റെ പ്രലയകേവ ലി. അതിന്റെ പ്രമേയം(ജ്ഞേയം) ശൂന്യപ്രായം. പ്രലയകലക്ക് അനന്തരം പൃഥ്വി വരെ സകല അവസ്ഥിതമാണ്.അതിൽ എല്ലാം ഭിന്നമാണ്,പരിമിതമാണ്. അപ്രകാരം അനുഭൂതമാണ്. ഇതിന്റെ പ്രമേയവും പരിമിതം,ഭിന്നം. മന്ത്രമഹേശ്വരം മുതൽ സകല വരെയുള്ള പ്രമാതാവ് ശിവഭട്ടാരക

നാണ്(പൂജ്യ, ആദരണീയ,ശിവ). കേവലപ്രകാശരൂപമാണ്. അതിന്റെ സകലഅവസ്ഥയും പ്രകാശരൂപമാണ്. പരമശിവാവസ്ഥയിൽ വിശ്വരൂപവും വിശ്വമയവും ഉണ്ട്. പരമാനന്ദരൂപവും സഘനപ്രകാരവുമായ അതിൽ ശിവൻ മുതൽ പൃഥ്വി വരെ പ്രകാശിക്കുന്നത് അഭേദമായാണ്. വേറെ ഗ്രാഹ്യഗ്രാഹകരില്ല. പൂജ്യ(ഭട്ടാരക)പരമശിവനാണ് ഇങ്ങനെ സഹസ്രം ഭിന്നരൂപമായി പ്രകടമാവുന്നത്. ഭഗവാ ന്റെ സമസ്തവിശ്വശരീരരൂപം എപ്രകാരമോ അപ്ര കാരം.

സൂ. 4. ചിതി സങ്കോചാത്മാ ചേതനോപി
സങ്കുചിതവിശ്വമയഃ

ആ ചേതനാവ്യക്തി(വ്യഷ്ടി)യും ചിതിസങ്കോചത്താൽ സങ്കുചിതരൂപത്തിൽ വിശ്വമയമാകുന്നു. സമഷ്ടിചേതനയിൽ വിശ്വം അഭിന്നം. വിശ്വം അതിന്റെ ശരീരരൂപം. അതുപോലെയാണ് വ്യഷ്ടിചേതനയിൽ വിശ്വമയം. വ്യഷ്ടിചേതനയിൽ, ചിതി സങ്കുചിതമാണ്.അതിനാൽ അതിന്റെ വിശ്വം സങ്കുചിതമാണ്. പരമശിവന് സമസ്തവിശ്വവും ശരീരമാണ്. വ്യക്തിചേതനക്ക് 5 അല്ലെങ്കിൽ 6 അടിമാത്രമുള്ള ശരീരമാണ് വിശ്വം. ചിദാത്മവിശൈ്വക്യത്തിൽ ചിദ്രസത്തിന്റെ ഘനീഭൂതരൂപമായ ചിദ്രസാഖ്യാനതാരൂപത്തിൽ, ഭഗവാന്റെ ശരീരം സമ്പൂർണ്ണവിശ്വമാണ്. ചിതി സങ്കോചാത്മാവിൽ വടവൃക്ഷത്തിന്റെ ബീജത്തിൽ വൃക്ഷം എന്നപോലെ അത് സങ്കുചിതരൂപമാണ്. ഇതിന് സിദ്ധാന്തവചനം. വിഗ്രഹോ വിഗ്ര ഹീ ചൈവ സർവ്വവിഗ്രഹവിഗ്രഹീ . ഒരു ശരീര ത്തിൽ, ഒരു ശരീരിയിൽ എല്ലാ ശരീരികളുടേയും അന്തർഭാവം ഉണ്ട്. ത്രിശിരോമതത്തിൽഃ-
സർവ്വദേവമയകായസ്ഥം ചേദാനീം ശ്രുണുപ്രിയേ
പൃഥ്വീ കഠിനത്വേന ദ്രവത്വേ ഭഃ പ്രകീർത്തിതം
എന്നാരംഭിച്ച്, ത്രിശിരോ ഭൈരവഃ സാക്ഷാത് വ്യാപ്യ വിശ്വം വ്യവസ്ഥിതഃ എന്ന് ഉപസംഹരി ക്കുന്നു.

പ്രിയേ,കേട്ടാലും. എല്ലാ ദേവന്മാരും ശരീര ത്തിലിരിക്കയാൽ, ശരീരം സർവ്വദേവമയമാണ്. കാ ഠിന്യമുള്ളത് പൃഥ്വി. ദ്രവത്വമുള്ളത് ജലം. ഇപ്രകാ രം ത്രിശിരഭൈരവൻ വിശ്വത്തിൽ വ്യാപ്തമായി, സാക്ഷാത്ത്ായി, വ്യവസ്ഥിതമായിരിക്കുന്നു. ഇതാ ണ് സങ്കുചിതഗ്രാഹക(പ്രമാതാ)നായി വിശ്വമയമാ യിരിക്കുന്നത്. പ്രകാശിക്കുന്നതെല്ലാം ചിദ്രൂപമാണ്. അതിനാൽ എല്ലാ ഗ്രാഹകരും ശിവരൂപമാണ്. അവരുടെ വിശ്വം ശരീരമാണ്. അതിനാൽ ഞാനും ശിവരൂപമാണ് എന്ന് ഉള്ളിൽ പ്രകാശിക്കുന്നുണ്ട്.

അഖ്യാദിര്യതി ന ഖ്യാതി ഖ്യാതിരേവാവശിഷ്യതേ ഖ്യാതിചേത് ഖ്യാതിരൂപത്വാത് ഖ്യാതിരേവാവശി ഷ്യതേ. അജ്ഞാനമെന്നാൽ പ്രകാശമല്ലാത്തത്. അതി ൽ ഖ്യാതി അവശേഷിക്കുന്നില്ല. പ്രകാശിക്കുന്നില്ല. ഖ്യാതിയില് ചിദ്രൂപമാകയാൽ എല്ലാം ഉണ്ട്. അത ല്ലാതെ മറ്റൊന്നും അവശേഷിക്കുന്നില്ല. ഇതേ ആശ യം സ്പന്ദശാസ്ത്രത്തിൽ- യസ്മാത് സർവ്വമയോ ജീവ എന്ന് പറയുന്നു. തേന ശബ്ദാർത്ഥചിന്താസു ന സാവസ്ഥാ നയഃശിവഃ ജീവൻ വിശ്വമയനാണ്. അതിനാൽ ശിവാഭിന്നമാണ്. എന്നാരംഭിച്ച്, ഇക്കാര ണത്താൽ ശബ്ദമാകട്ടെ,അർത്ഥമാകട്ടെ, ഈ അവസ്ഥ യല്ലാത്തതൊന്നും ശിവമല്ല എന്ന് ഉപസംഹരിക്കു ന്നു. ശിവജീവയോരഭേദം ഇപ്രകാരം പറയുന്നു. ഈ തത്വപരിജ്ഞാനമാണ് മുക്തി. തത്വപരിജ്ഞാനം ഇല്ലായ്ക ബന്ധം. ഒരു പ്രശ്നം ഉദിക്കാം. ഗ്രാഹ കൻ(ജ്ഞാതാ) വികൽപ്പമയം. വികൽപ്പക്രിയ ചി ത്തകാരണമാണ്. ചിത്തമുള്ളപ്പോൾ ജ്ഞാതാവ് ശിവരൂപമാകുന്നതെങ്ങനെ.ശിവൻ നിർവ്വികൽപ്പ മാണല്ലോ. ഈ ശങ്ക വരുന്ന ചിത്തത്തിന് നിശ്ചിത രൂപപരിണാമം വരുത്താനായി സൂത്രം 5 ആരംഭി ക്കുന്നു.

സൂ 5. ചിതിരേവ ചേതനപദാദവരൂഢാ ചേത്യ സങ്കോചിനീ ചിത്തം

ചിതി പരസമവിത്ത്, സമഷ്ടിപദം. ചേതനപദം അസങ്കുചിതപ്രമാതാവിന്റെ പദം) . വ്യഷ്ടിഗതസം വിത്ത് ചിത്ത് ആകുന്നു. വ്യക്തിയുടെ ചേത്യം (ചേതനാദ്വാരഗ്രാഹ്യമായ പദാർത്ഥം)അനുസരിച്ച് അത് സങ്കുചിതമാവുന്നു. ചിതിതന്നെയാണ് ചിത്തം. സ്വസ്വരൂപം ഗോപ്യമാക്കി സങ്കോചിച്ച് ഗൌണമാക്കി പ്രകാശിക്കുന്നു. സ്വാഭാവികരൂപം പ്രകടമാവുമ്പോൾ, പ്രകാശമാത്രമായ പ്രധാനമാകയാൽ വിജ്ഞാനകലയുടെ അവസ്ഥ എടുക്കുന്നു. .വിമർശസഹിതമായ പ്രകാശത്തിന്റ പ്രധാനമാകയാൽ,വിദ്യാപ്രമാതാവിന്റെ അവസ്ഥയാണ്. ഈ വിമർശസഹിതപ്രകാശാവസ്ഥയിലും ക്രമത്തിൽ സങ്കോചം കുറവാകയാൽ, ഈശ,സദാശിവ, അനാശ്രിതശിവാവസ്ഥകളെടുക്കാൻ അതിന് പ്രാപ്തി ഉണ്ട്. സമാധിക്കുള്ള പ്രയത്നത്താൽ, ചിത്തിന്റെ പ്രധാനത്വത്തിൽ, ശുദ്ധാദ്ധ്വത്തിന്റെ പ്രമാതാക്രമത്തില് സങ്കോചസ്ഥിതിയിലെത്തുന്നു. ശൂന്യാദിപ്രമാതാവ് ചിത്തസങ്കോചപ്രധാനതയാലാണ്.ചിതി അപ്പോഴും ചേതനാസ്വരൂപമാണ്. നീല മുതലായ ബാഹ്യപ്രമേയം, സു ഖം മുതലായ ആന്തരപ്രമേയം, ഇത്യാദി സങ്കുചി തമായി, ബാഹ്യാന്തരപ്രമേയങ്ങളാവുന്ന രണ്ട് സ ങ്കോചം കൊണ്ടാണ് ചിത്തം ഉണ്ടാവുന്നത്.സമഷ്ടി ചേതന - ചിതി- സങ്കോചം കാരണം പരിഛിന്നമാ യി, വ്യഷ്ടിചേതന (ചിത്തം) ആവുന്നു. സഹജമാ യും സമാധിവൃത്തി കൊണ്ടും സ്വപ്രകാശം(ചിതി രൂപം) പ്രാപിക്കാനാവും. ആ പ്രമാതാവ് (ശുദ്ധാ ദ്ധ്വപ്രമാതാ) വീണ്ടും ക്രമത്തിൽ സങ്കോചാവസ്ഥ പ്രാപിക്കാനും സാദ്ധ്യത ഉണ്ട്.

അത ഏവ തു യേ കേചിത് പരമാർത്ഥാനുസാരി ണഃ തേഷാം തത്ര സ്വരൂപസ്യ സ്വജ്യോതിഷ്ടാം ന തുല്യതേ.

ശിവന്റെ ജ്ഞാനക്രിയാമായാശക്തികളാണ് അംഗരൂപപദാർത്ഥവിഷയത്തിൽ പശുദശയിലും (അണു,ജീവൻ) സത്വരജസ്തമോഗുണമാവുന്നത്. ചിതിശക്തിയാണ് സ്വാതന്ത്ര്യസ്വരൂപം. ജ്ഞാനക്രിയാമായാശക്തികളാണ് പശുരൂപം (സത്വ,രജ,സ്തമോഗുണം). ആയ ചിത്തം. വികൽപ്പദശയും വ്യഷ്ടിജീവന്റെ അന്തശ്ചേതനാതാത്വികസ്വരൂപത്തിൽത്തന്നെ ഇരിക്കുന്നു. അതിനാൽ താത്വികസ്വരൂപത്തിന്റെ അനുസ രണത്തിന്റെ അഭിപ്രായത്താൽ ശ്രീഗർഭസ്തോത്ര ത്തിൽ പറയുന്നു. ഏതെങ്കിലും പരമാർത്ഥത്തിന്റെ അനുസരണം ചെയ്യുന്നുവെങ്കിൽ അതിന്റെ സ്വരൂപ ത്തിന്റെ (ആത്മാവിന്റെ വാസ്തവികസ്വഭാവത്തി ന്റെ) സ്വപ്രകാശത്വത്തിന്റെ ലോപം ഉണ്ടാവുന്നില്ല. ചിത്തം മായാപ്രമാതാവിന്റെ രൂപമാണ്. അതിനാ ൽ 6ആം സൂത്രം പറയുന്നുഃ

സൂ. 6. തന്മയോ മായാപ്രമാതാഃ

മായാപ്രമാതാവ് ചിത്തമയമാണ്. മായയാൽ ആവൃതമായ അണു ചിത്തപ്രധാനമാണ്. ദേഹപ്രാണക്ഷേത്രത്തിൽ ചിത്തം പ്രധാനമാണ്. ശൂന്യഭൂമിയിലും (കേവലശൂന്യത്തിന്റെ ഭാനം മാത്രമുള്ള അവസ്ഥ) ചിത്തസംസ്കാരമാണുള്ളത്. ശൂന്യാനുഭവശേഷമുള്ള ഉത്ഥാനദശയിൽ കർത്തവ്യങ്ങളെ അനുസരിക്കുക എന്നത് അല്ലായിരുന്നെങ്കിൽ സംഭവ്യമാകുമായിരുന്നില്ല. (ശൂന്യാവസ്ഥയിൽ ചിത്തം നിർമൂലം നശിച്ചിട്ടില്ല).സംസ്കാരം വർത്തമാനമായി ക്രിയാശീലം ഉണ്ട്. ആ സംസ്കാരകാരണമാണ് ശൂന്യാനുഭവശേഷവും നാം വ്യവഹാരദശയിൽ നമ്മുടെ കാര്യങ്ങളുടെ സൂത്രം പിടിച്ചെടുത്ത് പ്രവർത്തി

ക്കുന്നത്. പ്രമാതാ ചിത്തമയമെന്ന് ഇത് തെളിയി ക്കുന്നു. ശിവസൂത്രത്തിൽ ഈ ആശയം ചൈതന്യ മാത്മാ, ചിത്തമാത്മാ എന്ന് പറഞ്ഞിരിക്കുന്നു. അതായത് സമഷ്ടിചിത്തായ ചൈതന്യം തന്നെയാണ് വ്യഷ്ടിചിത്തമായ ആത്മാവ്. മായാപ്രമാതൃദൃഷ്ടിയി ൽ വ്യഷ്ടിചേതനയായ ചിത്തം ആണ് ആത്മാവ്. സ്വരൂപത്തിന്റെ സമ്യഗ്ജ്ഞാനം ലഭിക്കുന്നതാണ് മു ക്തി. അസമ്യക്ജ്ഞാനത്തിൽനിന്ന് നാനായോനിയി ലെ ഭ്രമണത്തിൽനിന്ന് സംസരണം എന്ന് പറയാം. സ്വരൂപത്തെ ഏകൈകമായി വിശ്ലേഷിച്ച് അഭിപ്രാ യത്തെ പറയുന്നു.

സൂ. 7. സ ചൈകോ ദ്വിരൂപസ്ത്രിമയശ്ചതുരാണാ സപ്തപഞ്ചകസ്വഭാവഃ

1, 2, 3, 4, 5, 7 എന്ന് സ്വഭാവം വരുന്നു. നേര ത്തേ നിശ്ചയിച്ചപോലെ ചിത്തരൂപി ഭഗവാൻ ശിവൻ ഏകാത്മാവാണ്. പ്രകാശരൂപാത്മാവിന് ദേശകാലാദിഭേദങ്ങളില്ല. ജഡത്തിന് ഗ്രാഹകത്വം സിദ്ധമാവുകയുമില്ല. പ്രകാശമാണ് തന്റെ സ്വാ തന്ത്ര്യത്തിൽ പ്രാണം ഇത്യാദി സങ്കോചങ്ങളെ ധാരണം ചെയ്യുന്നത്. സങ്കുചിതാർത്ഥ(വിഷയ) ങ്ങളുടെ ഗ്രാഹക(ജ്ഞാതാ)നാവുന്നത്. ആ പ്ര കാശരൂപവും സങ്കുചിതാവഭാസരൂപകാരണത്താൽ രണ്ടായി തീരുന്നു. ആണവമായീയകർമ്മമലങ്ങളാൽ ആവൃത(ആച്ഛാദിത)മായി കാരണം മൂന്നായി തീരുന്നു. അത്(1) ശൂന്യം(2) പ്രാണം(3) പുര്യഷ്ടകം (4) സ്ഥൂലശരീരസ്വഭാവം എടുത്ത് ചതുരാത്മാവാ കുന്നു. ശിവാദിപൃഥ്വീപര്യന്തം പഞ്ചത്രിംശദ് തത്വ ങ്ങൾ അതിന്റെ സ്വഭാവമാമ്. (7 ഗുണിതം 5) ഏഴ് അഞ്ച് ഇവയെ വേറെവേറെയായും ഗ്രഹി ക്കാം. ആത്മാവ് ശിവൻ മുതൽ സകലവും 7 പ്ര മാതൃസ്വരൂപത്തിലാണ്. 7 പ്രമാതൃക്കൾഃ-ശിവ, മന്ത്രമഹേശ്വര,മന്ത്രേശ്വര,മന്ത്ര,വിജ്ഞാനകല,പ്രല

യാകല സകല. അഞ്ച് രൂപം- ചിത്തം,ജ്ഞാനം,ഇഛാ, ജ്ഞാനം ,ക്രിയാ.എന്ന് 5 രൂപം. അ. ജ്ഞാനവശ മായി കല,വിദ്യ, രാഗം, കാലം,നിയതി എന്ന് പഞ്ചകഞ്ചുകഗ്രസ്ഥമായി പഞ്ചസ്വരൂപമായ ജീവൻ .ഇപ്രകാരം 15 തത്വമയസ്വരൂപം. 7 പ്രമാതൃക്കളു ടെ സ്വഭാവത്തിൽ ചിത്ത് മുതലായ പഞ്ചശക്തിരൂ പത്തിൽ .ഏകശിവൻതന്നെ എന്ന് അറിയുമ്പോൾ അത് മുക്തിദായകമായിത്തീരുന്നു. ഭിന്നഭിന്നമെന്ന് കരുതി ജന്മം കഴിക്കുമ്പോൾ അത് ബന്ധമാണ്.

സൂ 8. തദ് ഭൂമികാഃ സര്വ്വദർശനസ്ഥിതയഃ

സർവ്വദർശനങ്ങളുടെ സ്ഥിതിയും (സിദ്ധാന്തം) അതി ന്റെ (തദ്. ആത്മാവിന്റെ) ഭിന്നഭൂമികകളാണ് ചാ ർവ്വാകദർശനം പോലും. നടസമാനമായി സ്വന്തം ഇഛ കൊണ്ട്, ഗൃഹീതമായ കൃത്രിമഭൂമികയാണ്. ചാർവ്വാകൻ ചൈതന്യവിശിഷ്ടം ശരീരമാത്മാ അ ഥവാ ചൈതന്യത്താൽ വിശിഷ്ടമായ ശരീരമാണ് ആത്മാവ്.എന്ന് പറയുന്നു നൈയായികർ ജ്ഞാനാ ദിഗുണഗണാശ്രയം (ജ്ഞാനാദിഗുണസമൃദ്ധിയെ ആ ശ്രയിച്ച) ബുദ്ധിയുടെ ഉഛേദം (എവിടെ ബുദ്ധി ഇ ല്ലയോ അത്) ആയ ശൂന്യപ്രായമാണ് ആത്മാവ് . എന്റെ(അഹം) എന്ന പ്രതീതിയിൽ ജ്ഞാനം വരു മ്പോൾ, സുഖദുഃഖാദി ഉപാധികളിൽ കുടുങ്ങിയ ആത്മാവിനെ അറിയുന്ന മീമാംസകരും ബുദ്ധിയിൽ ആത്മാവ് മറഞ്ഞിരിക്കുന്നതായി കരുതുന്നു. ജ്ഞാ നസന്താനമാണ് തത്വം എന്ന് സൌഗതബുദ്ധിവൃത്തി യിലും, പറയുന്നു. ശ്രുത്യന്തവിത്തുകൾ(വേദാന്തി) പ്രാണനെ ആത്മാവെന്ന് പറയുന്നു. ..ഇവിടെ ഭാ ഷ്യകാരൻ ഉപനിഷത്തിൽ ആദ്യം എല്ലാം ശൂന്യമാ യിരുന്നു എന്ന് പറയുന്നതിനെ ആധാരമാക്കി വേ ദാന്തി അഭാവത്തെ ബ്രഹ്മമെന്ന് പറയുന്നതായി വി

ചാരിക്കുന്നു. ഈ ഭാഷ്യം തെറ്റാണെന്ന് ശാങ്കരവേ ദാന്തം മനസ്സിരുത്തിപ്പഠിച്ചാൽ മനസ്സിലാവും. (സു ധാസിന്ധു ഉപനിഷദ് വ്യാഖ്യാനം നോക്കുക). മാ ദ്ധ്യമികർ പഞ്ചരാത്രത്തിൽ ഭഗവാൻ വാസുദേവൻ സർവ്വത്തിലും ഉത്കൃഷ്ടപ്രകൃതികാരണമായിരിക്കു ന്നു. ജീവന്റെ സർവ്വോത്കൃഷ്ടമായ (പരാ) പ്രകൃതി യുടെ പരിണാമം അറിയാനുള്ള കാരണം അത് അവ്യക്തത്തിൽ ഒളിച്ച് വെച്ചിരിക്കയാണ്. സാംഖ്യ ർ വിജ്ഞാനാകലഭൂമിയെ ആശ്രയിക്കുന്നു. ആദ്യം ഇതുമാത്രമായിരുന്നു സത്യം (ഉപനിഷത്ത്) എന്നത നുസരിച്ച് ചില വേദാന്തികൾ ഈശ്വരതത്വപദത്തെ ആശ്രയിക്കുന്നു. വൈയാകരണർ ആ സത്യത്തെ പശ്ന്തിരൂപമായ ശബ്ദമാണ് ബ്രഹ്മമയം, അതിനാൽ സദാശിവപദവും പരമാർത്ഥമാണെന്ന് പറയുന്നു ണ്ട്. ഇപ്രകാരം അന്യദർശനവിഷയത്തിലും അനു മാനിക്കണം. ത്രികദർശനത്തിലെ ഒരു അംശത്താൽ അവ പരിസീമിതമാണ്. ഇത് ആഗമത്തിലും പറയു ന്നുണ്ട്. ബുദ്ധിതത്വേ സ്ഥിതാ ബൌദ്ധാ ഗുണേഷ്വേ വാർഹതാഃസ്ഥിതാഃ സ്ഥിതാഃ വേദവിദഃ പുംസി അവ്യക്തേ പാഞ്ചരാത്രികഃ

താന്ത്രികർഃ- വിശ്വോത്തീർണ്ണാമാത്മതത്വം ഇതി താന്ത്രികാഃ വിശ്വമയം ഇതി ത്രികാദിദർശനവിദഃ ബൌദ്ധർ ബുദ്ധി തത്വത്തിൽ,ആർഹതർ ഗുണത്തി ൽ, വേദവിത്തുകൾ പുരുഷനിൽ, പഞ്ചരാത്രികർ, അവ്യക്തത്തിൽ സ്ഥിതരാണ്. താന്ത്രികർ വിശ്വത്തി നും പരമാണ് അണുതത്വമെന്ന് പറയുന്നു. കുലാദി ആമ്നായങ്ങൾ (അദ്ധ്യാത്മികശാസ്ത്രം) അനുരാഗം എന്തിലാണോ ആ ആത്മതത്വമാണ് വിശ്വമയമെന്ന് പറയുന്നു. എത്ര ശാസ്ത്രമുണ്ടോ അവയെല്ലാം ചി ത്തരൂപി ഭഗവാന്റെ വിഭിന്നഭൂമികകളാണ്. അവ

യിൽ ഭഗവാന്റെ സ്വാതന്ത്ര്യം പ്രദർശിപ്പിക്കപ്പെടു ന്നു. ഈ ഭൂമികകളുടെ ഭേദം ആ സ്വാതന്ത്ര്യത്തി ന്റെ ആത്മഗോപനം ,ആത്മപ്രകാശം ഇവയുടെ താ രതമ്യം കാരണമാണ്. പരിമിതസൃഷ്ടിയുടെ ഓരോ രോ അംഗത്താൽ ഓരോന്നും പരമാത്മാവിന്റെ ഇ ഛയാൽ ഭിന്നഭൂമികകളിൽ താദാത്മ്യം പ്രാപിച്ച് ഇരിക്കുന്നു. ശാസ്ത്രദ്വാരാ ഇത് സ്പഷ്ടമാക്കിക്കൊ ണ്ടിരിക്കുന്നു. നേരത്തേ വർണ്ണിതമായ പ്രമാതാക്ക ളുടെ വ്യാപ്തിയുടെ സാരം ദേഹാദികളാൽ സീ മിതമായിരുന്നാലും കൂടി, (ആത്മതത്വം വിശ്വത്തിന് പരം, വിശ്വമയം രണ്ടുമാണ്) ഉച്ചതമമായ മഹാ വ്യാപ്തി ശക്തിപാതം കൂടാതെ പ്രാപ്തമാകയില്ല. അതിനാല് പറയപ്പെടുന്നുഃ-

വൈഷ്ണവാദ്യാസ്തു യേ കേചിദ് വിദ്യാരാഗേണ രഞ്ജിതാഃ ന വിന്ദതി പരം ദേവം സർവ്വജ്ഞം ജ്ഞാനശാലിനം. ഇതുപോലെ സ്വഛന്ദതന്ത്രം പടലം 20ലെ ശ്ലോകത്തിൽഃ-ഭ്രമയത്യേവ താൻ മായാ ഹ്യ മോക്ഷേ മോക്ഷലിപ്സയാ .

നേത്രതന്ത്രത്തിലെ ശ്ലോകം- ത ആത്മോപാസകഃ ശൈവം ന ഗഛന്തി പരഃപദം. പരിഛിന്നമായ ദേഹാദികളിൽ അനുരാഗം വെച്ച് അതിനെ ആത്മാ വെന്ന് ബുദ്ധിവെച്ചവർ, ശിവരൂപമായ പരമപദം പ്രാപിക്കയില്ല. എന്നാലും, എല്ലാ ജ്ഞാനരൂപത്തി ലും അന്തർമുഖമായ വിശ്രാന്തിയുടെ ഭൂമികകൾ അഭിവ്യക്തിക്കുള്ള ഉപായം തീർച്ചയായും ഉണ്ട്. ഇതനുസരിച്ച് സൂത്രത്തിന്റെ പൂർണ്ണാർത്ഥം- എല്ലാ ദർശനത്തിലുമുള്ള അന്തർമുഖവിശ്രാന്തി ചിദാനന്ദ ഘനസ്വരൂപമായ ആത്മതത്വമായ ശിവപ്രാപ്തിക്കു ള്ള ഉപായം തന്നെയാണ്. ബാഹ്യവസ്തുക്കളുടെ ഉപസംഹാരം (നിരാകരണം) കൊണ്ട് ആന്തരികശാ ന്തപദം ലഭിക്കുന്നു. ഭിന്നഭിന്നോദയങ്ങളായി ലഭി ക്കുന്ന ജ്ഞാനക്രമത്തിന്റെ പ്രാരംഭം ഇതിലാണ്.

ഇപ്രകാരം ഇത് പൂജ്യതുരീയസംവിത്തിന്റെ (സൃഷ്ടിക്കുമുമ്പുള്ള അവസ്ഥ) ക്രമരഹിതമായ സദാ സ്ഫുരണം ചെയ്യുന്നതായി സ്ഥിതിചെയ്യുന്നു. കുലചാരവികൽപ്പങ്ങൾഃ-പൂർണ്ണം കുലം മുതലായ വ തുരീയത്തിൽനിന്ന് സകലസൃഷ്ടിയും ഉണ്ടാകയാ ൽ സിദ്ധമാകുന്നു. സർവ്വപദാർത്ഥവും അതിലാണ് പൂരിക്കപ്പെടുന്നത്. അതിനാലാണ് പൂർണ്ണമെന്ന് നാമം. സകലവും സംഹരിക്കപ്പെടുന്നതും തുരീയത്തിലാണ്. അപ്പോഴും അത് സദാപൂർണ്ണമായി ഇരിക്കുന്നു. അത് സകലവികൽപ്പത്തിനും പരമാണ്. (പൂർണ്ണാത് പൂർണ്ണമിദം എന്ന് ഉപനിഷത്ത് ഇതിനെ പറയുന്നു. ഭാസ്കരാചാര്യന്റെ ഖഹരപദത്തിന്റെ നിർവ്വചനം സുധാസിന്ധുവിൽ കാണുക). തുരീയത്തിലെ സംവിത്ശാന്തിയിൽ സൃഷ്ടിസ്ഥിതിസംഹാര ത്തിന്റെ കാരണം കൂടുന്നോ കുറയുന്നോ ഇല്ല. ശ്രീപ്രത്യഭിജ്ഞാടീകഃ- താവദർത്ഥാവലേഹേന ഉത്തി ഷ്ഠതി, പൂർണ്ണാ ച ഭവതി.

ചിദാർത്ഥപരമേശ്വരൻ സ്വാതന്ത്ര്യത്തിൽ അഭേദവ്യാ പ്തിയിൽ നിമജ്ജനായാലും ഭേദവ്യാപ്തിയെ സങ്കു ചിതഭ്രാന്തിയാക്കാനും ഇഛാദിശക്തികളാൽ അസങ്കുചിതംസങ്കുചിതഭ്രാന്തിയാക്കാനും മലാവൃതസംസാരി എന്ന് തോന്നിക്കാനും കഴിവുള്ളതാണ്. അപ്രതിഹതസ്വാതന്ത്ര്യരൂപമാണ് ഇഛാശക്തി.

സൂ. 9. ചിദ്വത്തഛക്തിസങ്കോചാത് മലാവൃതഃ സംസാരി.

ആത്മാവിന്റെ മഹത്തായ വിഭൂതിയാൽ നിരവധി കഞ്ചുകദ്വാരാ അണു(ജീവ)സംസാരിരൂപമാകാനും സാധിക്കുന്നു. സങ്കുചിതസതി അപൂർണ്ണമന്യതാരൂപം ആണവം മലം. ജ്ഞാനശക്തി ക്രമേണ സ

ങ്കോചിച്ച് സർവ്വജ്ഞത്വത്തിൽനിന്ന് പരിമിതജ്ഞാന
രൂപഭേദം. അന്തഃകരണബുദ്ധീന്ദ്രിയതാപത്തിപൂർവ്വം
അത്യന്തം സങ്കോചിച്ച് ഭിന്നവേദ്യപ്രഥാരൂപം മായീ
യം മലം. അത്യന്തം പരിമിതമായ ശുഭാശുഭ. ശക്തി
ക്രമേണ ഭേദത്തിൽ സർവ്വകർതൃത്വം
കർമ്മേന്ദ്രിയരൂപസങ്കോചഗ്രഹണപൂർവ്വം അത്യന്തം
പരിമിതമായ ശുഭാശുഭാനുഷ്ഠാനം കാർമ്മമലം.
സർവ്വകർതൃത്വ,സർവ്വജ്ഞത്വശക്തികൾ, പൂർണ്ണത്വ,
നിത്യത്വവ്യാപ്തകത്വശക്തി സങ്കോചിച്ച് കല, വിദ്യ,
രാഗം, കാലം, നിയതി രൂപങ്ങളിൽ സംസാരി. സം
സാരിഅവസ്ഥയിലും അഭിജ്ഞാനം ഉദിച്ചാൽ ശിവ

ത്വം ലഭിക്കും.

സൂ. 10. തഥാപി തദ്വത് പഞ്ചകൃത്യാനി കരോതി.
സംഹാരാവസ്ഥയിലും ജീവൻ പഞ്ചകൃത്യം ചെയ്യു
ന്നുണ്ട്.ഈശ്വരാദ്വയദർശികളായ ബ്രഹ്മവാദികളും
പറയുന്നുഃ- സൃഷ്ടിസംഹാരകർത്താരം വിലയസ്ഥി
തികാരകം അനുഗ്രഹകരം ദേവം പ്രണതാർത്തിവി
നാശനം . ഇപ്രകാരം ശ്രീമദ് സ്വഛന്ദാദിശാസനോ
ക്തരീതിയിൽ സദാ പഞ്ചകൃത്യകാരിത്വം ചിദാത്മാ
വിലുണ്ട്. എപ്രകാരം ഭഗവാൻ അശുദ്ധഅദ്ധ്വാവി ൽ
വിസ്താരക്രമത്തിൽ സ്വസ്വരൂപവികാസരൂപമാ യ
സൃഷ്ടി ചെയ്യുന്നുവോ അതുപോലെ സങ്കുചിത
ചിത്ത് ശക്തിയിൽ സംസാരദശയിലും പഞ്ചകൃത്യം
ചെയ്യുന്നു. ഈ പ്രത്യഭിജ്ഞഃ- തദേവം വ്യവഹാ രേപി
പ്രഭുർ ദേഹാദിമാവിശൻ ഭാന്തമേവാന്തര
ർത്ഥൗധമിഛതാ ഭാസയേദ്ബഹിഃ ദേഹത്തിൽ പ്ര
വേശിച്ചിട്ടും പ്രഭു തന്റെ പ്രകാശമാനമായ അർത്ഥ
സമൂഹങ്ങളെ സ്വേഛയാൽ പുറത്ത് വ്യക്തമാക്കു
ന്നു.ഇപ്രകാരം പ്രത്യഭിജ്ഞാകാരികയിൽ പറഞ്ഞ
അർത്ഥത്തിന്റെ ദൃഷ്ടിയാൽ ചിദ്രൂപമഹേശ്വരം
ദേഹപ്രാണാദിയിൽ പ്രവേശിച്ച് ബഹിർമുഖീഭാ
വത്തിന്റെ അവസരത്തിൽ നീലാദിവിഷയങ്ങളുടെ

കാലദേശാദിപരിമിതിയായി ആഭാസിതമായും നിയതദേശാദികളിൽ പ്രകാശിച്ചും ഇരിക്കുന്നത് സൃഷ്ടിക്രിയമാത്രമാണ്. അവ ഇല്ലാതാവുന്നത് സംഹാരക്രിയ. വിഷയങ്ങളും ചിത്പ്രകാശവുമായ ഐക്യം അനുഗ്രഹക്രിയ. ഈ പഞ്ചകൃത്യങ്ങളെ വിസ്തരിച്ച് സ്വന്ദസന്ദോഹം പറയുന്നുണ്ട്. പഞ്ച വിധകൃത്യാകാരിത്വം സദാ ദൃഢപ്രതിജ്ഞയോടെ പരിശീലിച്ച് പാലിക്കുന്നവർ, മഹേശ്വരോന്മീലമതി യാൽ സ്വരൂപവികാസമയമായ വിശ്വജ്ഞാനത്താൽ ജീവന്മുക്തരാവുന്നു. അല്ലാത്തവർ ദ്വൈതഭാവനയാൽ ബന്ധനസ്ഥരായി തുടരുന്നു. പഞ്ചപ്രകാരകൃത്യം ചെയ്യുന്നത് കേവലംഒരു പ്രകാരത്തിൽ മാത്രമല്ല. മറ്റൊരു രഹസ്യരൂപവുമുണ്ട്.

സൂ 11. ആഭാസനരക്തിവിമർശനബീജാവസ്ഥാപന വിലാപനതസ്താനി.

പ്രകാശനം (ആഭാസന) ആസ്വാദനം (രക്തി) ആത്മ ബോധം, ബീജാവസ്ഥാപനം, വിലാപനം(ഭേദം) ഇവ പഞ്ചകൃത്യം. മഹാർത്ഥദൃഷ്ടിയാൽ (സർവ്വോൽകൃഷ്ട ലക്ഷ്യദൃഷ്ടി) നേത്രേന്ദ്രിയാദി ദേവിമാരുടെ പ്രസരണ ക്രമത്തിൽ (ഭിന്നേന്ദ്രിയങ്ങളുടെ കാര്യദ്വാരാ) എന്തെ ല്ലാം പ്രകാശിക്കുന്നുവോ അതെല്ലാം സൃഷ്ടിയാണ്, അത് പ്രകാശനം (ആഭാസനം)എന്ന് അറിയുന്നു. സൃഷ്ടി പ്രകാശിപ്പിക്കപ്പെട്ട ശേഷം അതിൽ രക്തി (ആസ്വാദനം) കൊണ്ട് മനുഷ്യന് ആനന്ദം ഉണ്ടാവുന്നു. സ്ഥിതിദേവിദ്വാരാ ഉള്ള അനുഭവത്തിലാണ് ഇത് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഇതിന്റെ മറ്റൊരു സംജ്ഞ വിമർശനം(ആത്മബോധം) എന്ന ചമത്കാരമാണ്. ഈ സമയത്ത് സംഹാരം സംഭവിക്കുന്നു. ശ്രീരാമൻ പറഞ്ഞതു പോലെ,
സമാധിവജ്രേണാസ്യന്യേരഭേദോഭേദഭൂധരഃ
പരാദൃഷ്ടാശ്ച നഷ്ടശ്ച ത്വദ്ഭക്തിബലശാലിഭിഃ

ഭേദമാകുന്ന പർവ്വതത്തെ സമാധിയാകുന്ന വജ്രം കൊണ്ട്. ഭേദനം ചെയ്യാനാവാത്തവർ നിന്റെ ഭക്തി ബലം കൊണ്ട് ആത്മചേതനാവാനായി പ്രതീതമാവുന്നു. ഇപ്രകാരം ഭേദപർവ്വതം നഷ്ടമാകുന്നു. ജ്ഞാനരൂപത്തിൽ നിമഗ്നമായിട്ടും സാധകനിൽ വിചിത്രശങ്കകളുടെ സംസ്കാരം ഉണ്ടാവുന്നുവെ ങ്കിൽ വരാനിരിക്കുന്ന സംസാരബീജഭാവത്തിൽ എത്തി വിലയം (ആത്മസ്വരൂപത്തിന്റെ ലയനം) എന്ന അദ്ധ്യാരോപം ഉണ്ടാവുന്നു. ആ സംസാരബീ ജം ഭാവിയിൽ സ്ഥാപിതമാണ്. ഹഠപാകക്രമത്തിൽ അലംഗ്രാസയുക്തിയാല് ചിദഗ്നിസദ്ഭാവത്തെ പ്രാപ്തമാക്കുന്നു. (ചിദ്രൂപാഗ്നിയിൽ ദഹിച്ച് ചിദ്രൂപം തന്നെയാവുന്നു) പൂർണ്ണതാപ്രാപ്തിക്ക് കാരണം സാധകന്റെ അനുഗ്രഹത്തിന്റെ അനുഭവമാണ്. ഇപ്രകാരം പഞ്ചകൃത്യവും എല്ലാവരിലുമുണ്ട്. ചിലരി ൽ സദ്ഗുരുവിന്റെ അനുഗ്രഹത്താൽ മാത്രമാണ് പ്രകാശിതമാകുന്നതെന്ന് മാത്രം.

സൂ 12. തദപരിജ്ഞാനസ്വശക്തിഭിർവ്യാമോഹിത നാ സംസാരിത്വം

തദ് അപരിജ്ഞാനേ. പഞ്ചകൃത്യങ്ങളുടെ പരിജ്ഞാനം ഇല്ലായ്ക കൊണ്ട്. അജ്ഞാനം കൊണ്ട്, സ്വന്തം ശക്തികളെ മോഹിതമാക്കുന്നു. തന്നിലിരിക്കുന്ന ശക്തിയെ അജ്ഞതയാൽ അറിയാതെ പോകുന്നതിനെ യാണ് സംസാരിത്വം എന്ന് വിളിക്കുന്നത്. ശ്രീസർവ്വ വീരഭട്ടാരകൻ പറഞ്ഞു:- അജ്ഞാനാഛങ്കതേ ലോക സ്തതഃ സൃഷ്ടിശ്ച സംഹൃതിഃ ലോകത്തിൽ അജ്ഞാ നം ശങ്കയായും ജന്മമരണസൃഷ്ടിയായും ഇരിക്കുന്നു. മന്ത്രാ വർണ്ണാത്മികാഃ സർവ്വസർവ്വേ വർണ്ണാഃ ശി വാത്മകാഃ മന്ത്രമെല്ലാം വർണ്ണമാണ്, വർണ്ണമെല്ലാം ശിവരൂപമാണ്. ചിത്പ്രകാശാഭിന്നമായ പരാവാ ക്ക്, നിത്യോദിതമായ (നിത്യം ഉച്ചരിക്കപ്പെടുന്ന) ശ

ക്തിയാണ്. മഹാമന്ത്രരൂപമാണ് പൂർണ്ണമായ അഹം. അത്, ജ്ഞാനരൂപിയാണ്. അ മുതൽ ക്ഷ വരെ സമസ്തശക്തിസമൂഹത്തേയും സ്വഗർഭത്തിൽ ധാരണം ചെയ്ത അത് പശ്യന്തി, മദ്ധ്യമ, ഇത്യാദി ക്രമത്തിനു പുറത്ത് ഗ്രാഹക(ജ്ഞാതാ)അവസ്ഥയെ അവഭാസിപ്പിക്കുന്നുണ്ട്. ഗ്രാഹകഭൂമികയിൽ ശക്തി തന്റെ പരാരൂപം (വാസ്തവികസ്വരൂപം) ഗോപനം ചെയ്ത് മായാപ്രമാതാവിൽ പ്രതിക്ഷണം അല്ല,അല്ല എന്ന വികൽപ്പക്രിയയെ ഉദ്ഭാസിപ്പിക്കുന്നു. ഈ ക്രിയയിൽ അസ്ഫുടവും വിശേഷവുമായ പദാ ർത്ഥങ്ങളുടെ അവഭാസം ഉണ്ടാവുന്നു. അവികൽപ്പ ഭൂമിയെ സ്വസ്വരൂപത്തിൽ ശുദ്ധമെന്ന് (വികൽപ്പ ക്രിയയാൽ) ആഛാദിതരൂപമായി വെക്കുന്നു. ഈ അവസ്ഥയിൽ മൂഢജനം ബ്രാഹ്മി മുതലായ ദേവത കളിൽ അധിഷ്ഠിതമായ കകാരാദിവിച്ത്രശക്തിക ളിൽ വ്യാമോഹിതരായി പരിസീമിതമായ ദേഹ പ്രാണാദിവിവശരായി, ആത്മാവെന്ന് തെറ്റിദ്ധരി കക്കുന്നു. ബ്രാഹ്മ്യാദിദേവതകൾ പശു എന്ന ബദ്ധ ജീവദശയിൽ ജീവാവസ്ഥയിലുള്ള ഭേദസൃഷ്ടികളാ ണ്. ബദ്ധജീവനിൽ കേവലം ഭേദത്തിന്റെ വികൽപ്പ മാത്രത ഉൽപ്പന്നമാണ്. മുക്തദശയിൽ ഭേദം സംഹ രിക്കപ്പെടുന്നു. വികൽപ്പം നീങ്ങി മഹത്തായ അവികൽപ്പഭൂമി അഭിവ്യക്തമാവുന്നു. ജീവൻ ഭൈരവമുദ്രയിൽ പ്രവേശിക്കുന്നു. ശുദ്ധവികൽപ്പ ശക്തിയുടെ അവധാരണം നടക്കുന്നു. ചിദാനന്ദത്തി ന്റെ ആവേശത്തിൽ മഗ്നനാവുന്നു. അപ്പോൾ ഈ അനുഭവം ഉണ്ടാവുന്നു.

സർവ്വോ മമായം വിഭവ ഇത്യേവം പരിജാനതഃ
വിശ്വാത്മനോ വികൽപ്പാനാം പ്രസരേപി മഹേശ താ

(ഈ .പ്ര) സർവ്വവും എന്റെ വൈഭവം. സമ സ്തവിശ്വാനുഭവവും മമാത്മാവിന്റേത്. അതിൽ വികൽപ്പം പ്രസരിച്ചാലും കൂടി മഹേശത തന്നെ

യാണുള്ളത്. ഭഗവതി ചിതിശക്തിയാണ്. അവസാനത്തെ വമനം(സൃഷ്ടി) ചെയ്യതിനു കാരണം സംസാരരൂപിവാമ(വിപരീത). ആഹരത്തിനു കാരണം വാമേശ്വരി എന്ന് പറയുന്നത് സ്വന്തം ഖേചരിരൂപദ്വാരാ സകലപ്രമാതാക്കളുടേയും രൂപത്തിൽ. ഗോചരമായ രൂപത്തിൽ എല്ലാ അന്തഃകരണംത്തിന്റേയും രൂപമാണ്. ദിക്ചരിരൂപത്താൽ എല്ലാ ബാഹ്യേന്ദ്രിയങ്ങളുടേയും രൂപവുമാണ്. ഖേചരിരൂപത്താൽ സകലപദാർത്ഥരൂപവുമാണ്. പശുദശയി ൽ ശൂന്യപദത്തിൽ വിശ്രാമം ചെയ്യുന്ന (ആത്മസ്വ രൂപം ഗോപനം ചെയ്ത) ഖേചരിചക്രം കൊണ്ട് (ശക്തിസമൂഹം) സ്വന്തം പാരമാർത്ഥികചിദ്ഗഗന സ്വരൂപം മൂടിവെച്ച്, കുറച്ചുമാത്രം കർതൃത്വം കലാദിശക്തിരൂപത്തിൽ അവഭാസിപ്പിക്കയാണ്. ഗോചരിചക്രം കൊണ്ട് അഭേദനിശ്ചയാത്മകമായ പരമാർത്ഥസ്വരൂപം മറച്ച്, അന്തഃകരണദേവീരൂപത്തിൽ പ്രകാശിപ്പിക്കുന്ന പ്രധാനവ്യാപാരം ഭേദകാനിശ്ചയം (ബുദ്ധിയിൽ) ഭേദാഭിമാനം അനാത്മതാദാത്മ്യം സ്ഥാപിച്ച് അഹങ്കാരത്താൽ ഭേദവികൽപ്പനം (ഭിന്നരൂപത്തിൽ അറിയൽ) ആണ്. ദിക്ചരിച ക്രം അഭേദം പ്രകാശിപ്പിച്ച് ബാഹ്യേന്ദ്രിയദേവതാ രൂപത്തിൽ പ്രകടമാക്കുന്നതിന്റെ ആ പ്രമേയങ്ങളുടെ സ്വഭാവമായ പരസ്പരപൃഥക് രൂപത്തെ കാണലാണ്. എന്നാൽ ചിദ്ഗഗനചാരിരൂപമായ അഭേദ ശക്തിയാകട്ടെ ഇവയെയെല്ലാം അഭേദമായി പ്രകാശിപ്പിച്ച്, മുക്തദശയെ ഹൃദയത്തിൽ വികസിതമാക്കുന്ന പ്രകാശമാണ്. ഭട്ടദാമോദരൻഃ—

പൂർണ്ണാവച്ഛിന്നമാത്രാന്തർ ബഹിഷ്കരണഭാവഗാഃ
വാമേശാധ്യാഃപരിജ്ഞാനാജ്ഞാനാസ്യുർമുക്തിബന്ധദാഃ

സഹജചമത്കാരം (അദ്ധ്യാത്മവികാസം)കൊണ്ട്
ജനിച്ച അകൃത്രിമ(സ്വാഭാവിക)ആദരവോടെ മുക്ത
സ്തോത്രത്തിൽ പറയുന്നത്ഃ-വാമേശ്വരി മുതലായ
ശക്തികൾ ഖേചരീരൂപത്തിൽ പ്രമാതാവിൽ അവ
സ്ഥിതമായി, ഗോചരീരൂപത്തിൽ അന്തഃകരണത്തില്
ിയങ്ങളിലും ഭൂചരീരൂപത്തിൽ ഭാവപദാർത്ഥങ്ങ
ളിലും അവസ്ഥിതമായി പൂർണ്ണജ്ഞാനം കൊണ്ട്
ജീവനെ പൂർണ്ണമാക്കി മുക്തി തരുന്നു. അജ്ഞാനം
കൊണ്ട് അവനെ അവച്ഛിന്നമാക്കുകയും ചെയ്യു ന്നു.
(പരിമിതം) ബന്ധവും മോക്ഷവും തരുന്നു. ഇപ്രകാരം
ശക്തി കൊണ്ട് വ്യാമോഹിതനാവുന്നത്,
ഭ്രാന്തിയുണ്ടാക്കുന്ന സംസാരദശ. എന്നാലും പരമേ
ശ്വരന്റെ ഐശ്വര്യശക്തി നാശരഹിതം,അനുപമം .
അതിന്റെ സാരസ്ഫുരത(പ്രകാശം) കർതൃതാരൂപ മായി
സ്വസ്വരൂപം, ബദ്ധജീവനിലെ ജാഗ്രത് സ്വപ്ന സുഷുപ്തി
അവസ്ഥകളിലെല്ലാം സ്ഫുരിക്കുന്നുണ്ട്. തുരീയമായ,
ചിദാനന്ദഘനമായ സമസ്തവിശ്വ വ്യാപ്തവും
തുര്യാതീതതലത്തിൽ ഉന്മീലിതം ചെയ്യുന്നതുമാണ്.
ജീവനിലിരിക്കുന്ന അതിന് ആ പ്രകാശം ഗ്രഹിച്ച്,
മുക്തദശ ലഭിക്കാൻ സാധിക്കും. ശരീരി പരമേശ്വരഃ
ശരീരി തന്നെ ശിവഭട്ടാരകനെ ന്ന് ആഗമം.
മനുഷ്യദേഹമാസ്ഥായ ഛിന്നാസ്തേ പരമേശ്വരഃ
ഈശ്വരപ്രത്യഭിജ്ഞാടീകഃ ശരീരമേവ ഘടാദ്ധ്യപി
വാ യേ ഷഡ്ത്രിംശദ് തത്വമയം ശിവ രൂപതയാ
പശ്യന്തി തേപി സിദ്ധ്യന്തി. ഘടം ശരീരം ഇവയെ
ശിവരൂപമായി കാമുന്നതുകൊണ്ട് മുക്തി
സിദ്ധിക്കുന്നു. സർവ്വം ശിവമയം.

സൂ 13. തത് പരിജ്ഞാനേ ചിത്തമേവ അന്തർമുഖീ
ഭാവേന ചേതനപദാദ്ധ്യാരോഹാത് ചിതിഃ അതിന്റെ
പൂർണ്ണജ്ഞാനം ഉണ്ടാവുമ്പോൾ, ചിത്തം തന്നെ അ

ന്തർമുഖീഭാവത്താൽ, ചേതനാപദത്തിൽ അദ്ധ്യാരോഹണം ചെയ്ത്, ചിതിയായി ഭവിക്കുന്നു. പൂർവ്വ സൂത്രവ്യാഖ്യാനത്തിൽ വൈതത്ഥ്യം വരാതിരിക്കാനാണ് ഈ സൂത്രം.തത് എന്ന ശബ്ദം ആത്മാവിന്റെ പഞ്ചകൃത്യം എന്ന്. അതിന്റെ പരിജ്ഞാനം പൂർണ്ണ ജ്ഞാനം. അജ്ഞാനരൂപികാരണത്തെ ദൂരീകരിച്ച്, സ്വശക്തിയാൽ സ്വാതന്ത്ര്യലാഭം ഉണ്ടാവുമ്പോൾ, (സൂത്രം 5) ബഹിര്മുഖത ഉപേക്ഷിച്ച് അന്തർമുഖമാവുമ്പോൾ, ചേതനാപദത്തിലേക്ക് ആരോഹണം. (സങ്കോചകലകളെ ഉപേക്ഷിച്ച് വികാസം) സ്വസ്വരൂപപ്രാപ്തി ചിതിയാവുന്നു. ചിത്തം തന്റെ ചിന്മയി യായ പരാഭൂമിയിൽ പ്രവേശിക്കുന്നു. പരമാവസ്ഥ യായി ചിതിയായിത്തീരുന്നു. (പരിണാമം). മേഘാഛാദിതനായാലും സൂര്യൻ വസ്തുക്കളെ പ്രകാശിപ്പിക്കുന്നു. അത് (പ്രകാശിപ്പിക്കൽ) സൂര്യസ്വഭാവമാണ്. ചിത്ത് ശക്തിയുടെ സർവ്വഭേദങ്ങളാലും വിലീനമാക്കി, അഭേദത്തെ വ്യക്തമാക്കുന്ന സ്വഭാവമുള്ളതാണെങ്കിൽ മായയാൽ ആഛാദിതമായാലും അതിന് അഭേദപ്രതീതി ഉണ്ടാകേണ്ടതല്ലേ. ഇവിടെ ശങ്ക ദൂരീകരിക്കണം. ചിത്ത് സൂര്യനും മായ മേഘവുമാണ്. ഉപമയിൽ. അതിനായി സൂത്രം 14.

സൂ 14. ചിതിവഹ്നിരവരോഹപദേ ഛന്നോപി മാത്രയാമേയേന്ധനം പ്ലുഷ്യതി.

ചിതിരൂപിയായ അഗ്നി അവരോഹപദത്തിൽ മായയാൽ ആഛാദിതമായ സമയത്തും പ്രമേയ(ജ്ഞേയ പദാർത്ഥ)രൂപി ഇന്ധനത്തിന്റെ ചില അംശങ്ങളെ (ചില പരിമിതികൾക്കുള്ളിൽ) പ്രകാശിപ്പിക്കുന്നുണ്ട്.

ചിതിയെ അഗ്നിയായി പറയുന്നുഃ-അഗ്നിസമാനം വിശ്വത്തെ വിഴുങ്ങുന്ന സ്വഭാവം. അവരോഹണപദത്തിൽ മായിപ്രമാതാവ് (മായയിൽ മൂടപ്പെട്ട

ജ്ഞാതാവ്)സ്വാതന്ത്ര്യം ഛന്നമായിരിക്കുന്നു എന്ന ല്ലാതെ രണ്ടാമതൊന്നിനാൽ വിവശമല്ല. മായ കൊ ണ്ട് സ്വസ്വഭാവത്തെ ആഛാദനം ചെയ്തിരിക്കു മ്പോഴും അഗ്നിക്ക് ഇന്ധനത്തെ ജ്വലിപ്പിക്കാനാവും. ചിതി (ചിത്ശക്തി)മായയിൽ മറയപ്പെട്ടാലും മാത്രാ ർദ്ധത്താൽ നീല,മഞ്ഞ മുതലായ പ്രമേയരൂപി ഇ ന്ധനത്തെ പ്ലുഷ്യതി(എരിക്കുന്നു) ആത്മസാത്കരി ക്കുന്നു. ജ്ഞേയം ചിതിദ്വാരാ ആത്മസാത്കരിക്കു ന്നുവോ, എപ്പോൾ ജ്ഞേയം ജ്ഞാനമാവുന്നുവോ, ജ്ഞേയജ്ഞാനങ്ങൾ അഭേദമാവുന്നുവോ, അപ്പോൾ ജ്ഞേയവും ജ്ഞാനാംശമാണ്. മാത്രാശബ്ദം . ഇവി ടെ ചിതി ജ്ഞേയത്തെ കബളിതമാക്കിയ ശേഷവും അതിനെ പൂർണ്ണരൂപത്തിൽ ഗ്രസിക്കുന്നില്ല. അംശ ത്താൽത്തന്നെ ഗ്രസിതമാക്കുന്നു. ജ്ഞേയത്തിന്റെ സം സ്കാരദ്വാരാ വീണ്ടും അദ്ധ്യാപിതമാക്കുന്നു. ജ്ഞേ യം പൂർണ്ണരൂപത്തിൽ ജ്ഞാനമായി പരിണമിക്കു ന്നില്ല. സംസ്കാരരൂപമായി ചിത്തത്തിലിരിക്കുന്നു. ഉപയുക്താവസരത്തിൽ വീണ്ടും ജ്ഞേയരൂപത്തിൽ പ്രകടമാവുന്നു. എല്ലാ പ്രമാതാക്കളിലും ഗ്രസനത്തി നുള്ള ഗ്രാഹ്യശക്തിയുണ്ട്. ചിലർക്ക് അനുഭവത്താ ൽ സിദ്ധിക്കുന്നു. ശ്രീമദ് ഉൽപ്പലദേവൻ തന്റെ സ്തോത്രത്തിൽ പറഞ്ഞതുപോലെ , വർത്തന്തേ ജന്തവോശേഷാ അപി ബ്രഹ്മേന്ദ്രവിഷ്ണവഃ ഗ്രസതോസ്തതോ വന്ദേ ദേവവിശ്വം ഭവന്മയം എല്ലാ ജീവന്മാരും വർത്തിക്കുന്നത് ബ്രഹ്മാ, ഇന്ദ്ര,വിഷ്ണുവാൽ ഗ്രസിതമായിട്ടാണ്. അതിനാൽ ഈ ദേവന്മാരെ വിശ്വത്തെ ഭവന്മയമായി വന്ദി ക്കുന്നു. വിശ്വവന്ദനം ഈ ദേവവന്ദനമാണ്. ജ്ഞേ യമായ വിശ്വം ജ്ഞാനത്തിന്റെ അംശം മാത്രമാണ്. (ശിവസ്തോത്രം)സാധകർക്ക് കരണദേവിമാരുടെ (ഇ ന്ദ്രിയ)പ്രസാദം സമ്പാദിക്കുന്നതിന് ക്രമമുണ്ട്. സർഗ്ഗ ത്തിന്റെ (ബഹിസ്ഥാപനത്തിന്റെ) അഭ്യാസം അതിനു

ള്ള ഉപായത്തിന് ആലംബനം ചെയ്യുന്നു. സങ്കോച
ത്തെ പ്രതിസംഹരിച്ച്, വികാസത്തെ വർദ്ധിപ്പിക്കു
ന്നു.

സൂ 15. ബലലാഭേ വിശ്വമാത്മസാത്ക്കരോതി.

ചിത്ശക്തിയുടെ സ്വഭാവസിദ്ധബലത്തെ പ്രാപ്തമാ
ക്കാൻ സാധകൻ വിശ്വത്തെ ആത്മസാക്ഷാത്കരി
ക്കുന്നു. (സ്വസ്വരൂപത്തിൽ സമീകരണം ചെയ്യുന്നു)
ദേഹ,പ്രാണാദികോശങ്ങളാൽ മൂടിയ ചിതി(ചിത്ശ
ക്തി)തന്റെ സ്വരൂപത്തെ ഉന്മേഷബലമായി അറിയു
ന്നു.സ്പന്ദകാരികയിൽ എപ്പോൾ ആ ചിതിയുടെ
ബലം പ്രാപ്തമാക്കുന്നുവോ അപ്പോൾ (തദാക്രമ്യ ബലം
മന്ത്രാ----)എന്ന് പറഞ്ഞിരിക്കുന്നു. അപ്രകാ രം
സ്വബലം കിട്ടുമ്പോൾ ക്ഷിതിമുതൽ സദാശിവൻ
വരെയുള്ള വിശ്വത്തെ ആത്മസാത്കരിക്കുന്നു. വി
ശ്വം സ്വരൂപത്തിൽനിന്ന് അഭിന്നമായി ഭാസിക്കുന്നു.
ക്രമസൂത്രത്തിൽ പൂർവ്വാചാര്യൻ ഇത് പറഞ്ഞിട്ടു ണ്ട്.
യഥാ വഹ്നിരുദ്ധ്യോതിതോ ദാഹ്യം ദഹതി തഥാ
വിഷയപാശാൻ ഭക്ഷയേത് . ഇന്ധനത്തെ
എന്നപോലെ സാധകന്റെ വിഷയപാശത്തെ അഗ്നി
നശിപ്പിക്കുന്നു. ആരിൽ എപ്പോൾ എന്നോ ആർക്കാ
ണ് യോഗ്യത എന്നോ പറയാവതല്ല. ശങ്കിക്കേണ്ടതു
മില്ല. ചിതി സ്വന്തം സ്വാതന്ത്ര്യത്താലാണ് അവഭാ
സിക്കുന്നത്. സമാവേശഭൂമി സദാ പ്രകാശമാനമാ
ണെന്നതാണ് സത്യം. സദാ പ്രകാശമാനമായ സാധക
സ്വഭാവത്തിൽപിന്നെ എന്തിനാണ് യോഗം,സാധനക
ള് ഇവയുടെ അഭ്യാസം. പ്രത്യഭിജ്ഞാകാരൻ പറ
യുന്നുഃ- അത ഏവ ദേഹാദിപ്രമാതൃതാഭിമാന
നിമജ്ജനായ അഭ്യാസം ന തു സദാ പ്രഥമാനതാ
സാരപ്രമാതൃതാപ്രാർത്ഥ്യർത്ഥം.
ദേഹാദിപ്രമാതൃക്കളുടെ അഭിമാനത്തെ നിമജ്ജനം
ചെയ്യണം. സദാ പ്രകാശരൂപമായ ചിതിയെ പ്ര
മാതാവായി അറിയണം. ഇതിനാണ് അഭ്യാസം.

സൂ16. ചിദാനന്ദലാഭേ ദേഹാദിഷു ചേത്യമാനേഷ്വ പി ചിദൈകാത്മ്യപ്രതിപത്തിദാർഢ്യജീവന്മുക്തിഃ

ചിദാനന്ദം ലഭിച്ചുകഴിഞ്ഞാൽ,ദേഹാദികളുടെ അനുഭവം ഉണ്ടെങ്കിലും ചിദൈകാത്മതാബോധം ദൃഢമാവും ആ അവസ്ഥ ജീവന്മുക്തി. (ജീവിച്ചിരിക്കുമ്പോഴും താൻ മുക്തനാണെന്ന ബോധം) സമാവേശരൂപമായി ചിദാനന്ദം ലഭിക്കുന്നു. വ്യുത്ഥാനദശയി ൽ വീണ്ടും ദേഹപ്രാണ, നീല,സുഖാദിയുടെ ഭാനം ഉണ്ടായാലും സമാവേശസംസ്കാരബലത്താൽ യുക്തിക്രമത്താൽ പുഷ്ടമായി ചിത്തതാദാത്മ്യബോധം ദൃഢമാക്കുന്നതാണ് ജീവന്മുക്തി. ദൃഢത എന്നാ ൽ ചിത്തത്തോടുകൂടി ഏകാത്മതാബോധവും അവിചലമാവുന്നതാണ്. ജീവന്മുക്തി പ്രാണധാരണം ചെയ്യുമ്പോളും മുക്തയാണ്. എല്ലാ ബന്ധനസമൂഹവും ഛിന്നമായിരിക്കുന്നു. സ്പന്ദശാസ്ത്രം (വസുഗുപ്ത ന്റെ സ്പന്ദകാരിക) പറയുന്നുഃഃ ഇതിവായസ്യസംവിത്തിഃ ക്രീഡാത്വേനാഖിലം ജഗത് സ പശ്യൻ സതതം യുക്തോജീവന്മുക്തോന സംശ യഃ

ഇപ്രകാരം സമ്യഗ് ജ്ഞാനം ലഭിച്ചവന് ജഗത്ത് ഈശ്വരന്റെ ക്രീഡാരൂപമാണ്. സദാ(യോഗ)യുക്തനായി ഇരിക്കയാൽ സദാ ജീവന്മുക്തനാണ്. സംശയമില്ല. ചിദാനന്ദലാഭം എങ്ങനെ ഉണ്ടാവുന്നു.

സൂ. 17. മദ്ധ്യവികാസാഛിദാനന്ദലാഭഃ

മദ്ധ്യം. ഭഗവതിസംവിത്ത്. സകലത്തിനും അന്തസ്ഥം ,ആശ്രയം. സംവിത്താണ് മദ്ധ്യം. മായാദശയിൽ സ്വരൂപം മറച്ചുവെച്ച് സംവിത്ത് ആദ്യമായി പ്രാണ നിൽ പരിണതമാവുന്നതിൽ പ്രാണശക്തി. പ്രാക് സംവിത് പ്രാണേ പരിണതാ. അവരോഹക്രമത്തിൽ ബുദ്ധി ദേഹം മുതലായ ഭൂമികകളിലിരുന്ന് സഹസ്രനാഢീമാർഗ്ഗത്തെ അവലംബിക്കുന്നു. അവിടെയും (വ്യക്തിയിലും) മുഖ്യമായി

ബ്രഹ്മരന്ധ്രത്തിൽ അ ധോവക്ത്രം വരെ പലാശപത്രത്തിന്റെ മദ്ധ്യതന്തുസ മാനം മദ്ധ്യമനാഡിയിലിരിക്കുന്നു. ചിതിവൃത്തി മദ്ധ്യഭൂമിയിലിരിക്കുന്നതായി ഇതിനാൽ പറയുന്നു. ഉദയവും ലയവും അവിടെത്തന്നെ. അജ്ഞാനികളാ യ പശുലോകത്തിന് തന്റെ സ്വരൂപം മറച്ചുപിടി ക്കുന്നു. മദ്ധ്യത്തിലുള്ള സംവിത്ത് അന്തരതമം. പഞ്ചകൃത്യാഭ്യാസമെന്ന യുക്തിക്രമത്താൽ അത് വികാസം പ്രാപിക്കുന്നു. വികാസരൂപത്തിൽ അതിന്റെ രൂപം ചിദാനന്ദപ്രാപ്തിയാണ്. പിന്നെ ജീവന്മുക്തി സംഭവിക്കുന്നു. മദ്ധ്യവികാസത്തിനുള്ള ഉപായം(യുക്തി) പറയുന്നു.

സൂ 18. സങ്കൽപ്പക്ഷയശക്തിസങ്കോചവികാസ വാഹഛേദാദ്യന്തകോടിനിഭാലനാദയ ഇഹോപായാഃ

ഇവിടെ മദ്ധ്യശക്തിവികാസത്തിൽ, വികൽപ്പക്ഷയാദിയാണ് ഉപായം. വികൽപ്പക്ഷയം ശക്തിയുടെ സങ്കോചവികാസം, ബാഹ്യവിഷയധ്വംസം, ആദിഅന്തകോടികളുടെ അഭ്യാസം ഇവ മദ്ധ്യശക്തിവികാസത്തിൽ ഉദയം ചെയ്യുന്നു. സംവിത്താണ് സർവ്വത്തിനും കേന്ദ്രം. വികാസത്തിനുള്ള സരളമായ ഒരുപായം പ്രാണാ യാമ,മുദ്രാ,ന്യാസം മുതലായ കഷ്ടതരസാധനകളെ അനുഷ്ഠിക്കലാണ്. ചിത്തത്തെ ഹൃദയത്തിൽ സ്ഥാ പിച്ച്, പ്രകാശിപ്പിക്കുമ്പോൾ, മറ്റൊരു ചിന്തയും കൂടാതെ യഥാർത്ഥജ്ഞാതാവിനെ അറിയാൻ അ ഭ്യാസം ചെയ്യുമ്പോൾ വേഗത്തിൽ വികാസം വന്ന് ഉന്മുഖമായി, തുര്യ,തുര്യാതീരത്തിൽ സമാവേശദശ പ്രാപ്തമാകുന്നു. ഈശ്വരപ്രത്യഭിജ്ഞയിൽ പറയു ന്നപോലെ, വികൽപ്പഹാനേനൈകാഗ്ര്യാത് ക്രമേണേ ശ്വരതാപദഃ ശ്രീസ്പന്ദത്തിലും, യഥാ ക്ഷോഭഃ പ്രലീയതേ തദാ സ്യാത് പരമം പദം . സാധകൻ

വികൽപ്പം ത്യജിച്ച്, ഏകാഗ്രതയോടെ ക്രമത്തിൽ ഈശ്വരപദംപ്രാപിക്കുന്നു. ശ്രീജ്ഞാനഗർഭത്തിൽഃ-

വിഹായ സകലാഃ ക്രിയാ ജനനിമാനസിഃസർജതോ
വിദുക്തകരുണക്രിയാനുസൃതിപാരതന്ത്ര്യോജ്ജ്വലം
സ്ഥിതൈസ്ത്വദനുഭാവതഃ സപദി വേദ്യതേ സാപരാ
ദശാ ഹൃദിമതന്ദ്രിതാ സമസുഖാമൃതസ്യന്ദിനീ

ഹേ,ജനനീ, എപ്പോൾ സകലമാനസികക്രിയകളും ഉപേക്ഷിച്ച്, ഇന്ദ്രിയങ്ങളുടെ ക്രിയകളെ അനുസരിക്കുന്ന പാരതന്ത്ര്യത്തിൽനിന്ന് മുക്തമായി, ശുദ്ധഭാവത്തിൽ സ്ഥിതി ചെയ്യുന്നുവോ, അപ്പോൾ അവിടുത്തെ അനുഗ്രഹത്താൽ ഉത്കൃഷ്ടദശയുടെ അനുഭൂതി ഉണ്ടാവുന്നു. നിരുപമസുഖരൂപമായ അമൃതവർഷം ലഭിക്കുന്നു.സർവ്വപ്രഥമവും സർവ്വശ്രേഷ്ഠവുമായ ഉപായം ഇതാണ്. പ്രത്യഭിജ്ഞയിൽ ഇതാണ് പ്രതിപാദിതം. ശക്തിയുടെ സങ്കോചം മുതലായ ഉപായങ്ങൾ പ്രത്യഭിജ്ഞാശാസ്ത്രത്തിൽ പറയുന്നില്ല.ഏതെങ്കിലും ഒരുപായത്താൽ സമാവേശത്തിൽ പ്രവേശിക്കാനാവും. ശക്തിസങ്കോചമെന്നാൽ ഇന്ദ്രിയദ്വാരാ വിഷയങ്ങളിലേക്ക് ഗമിക്കുന്ന ശക്തിയെ ആകുഞ്ചനക്രമത്തിൽ, പ്രത്യഗാത്മാവിലേക്ക് ഉന്മുഖമാക്കലാണ്. അഥർവ്വശിഖോപനിഷത്തിലെ കഠവല്ലി ചതുർത്ഥവല്ലി പ്രഥമമന്ത്രം- പരാഞ്ചിഖാമി വ്യതൃണത് സ്വയംഭൂസ്തസ്മാത് പരാങ് പശ്യതിനാന്ത രാത്മനഃ കശ്ചിദ്ധീരഃ പ്രത്യഗാത്മാനമൈക്ഷദ് ആവൃത്തചക്ഷുരമൃതത്വമശ്നുൻ.

സ്വയംഭൂവായ പ്രജാപതി ഇന്ദ്രിയങ്ങളെ ബഹിർമുഖമാക്കി. അതിനാൽ ജീവൻ പുറത്തേക്ക് നോക്കുന്നു. അന്തരാത്മാവിലേക്ക് നോക്കുന്നില്ല. അമൃതത്വാനുഭവത്തിൽ ഇഛ തോന്നിയ ബുദ്ധിമാനായ വ്യ ക്തി കണ്ണിനെ ബാഹ്യവിഷയത്തിൽനിന്ന് പിന്തിരി പ്പിച്ച് അന്തർമുഖമാക്കുന്നു.കൂർമ്മം അംഗസങ്കോച ത്താൽ

ത്രാസസമയത്ത് ഹൃത്തിൽ പ്രവേശിക്കുന്ന പോലെ ,സർവ്വത്തിൽനിന്നും നിവർത്തിക്കുന്നു. (ഭഗ വദ് ഗീതാതാരതമ്യം)തദപോദ്ധൃതേ നിത്യോദിതസ്ഥി തിഃ അപ്പോൾ നിത്യോദിതസ്ഥിതി പ്രാപിക്കുന്നു. നിഗൂഢമാക്കിയ ആ ശക്തി സകലകരണചക്രവി സ്താരണത്താൽ വികസിക്കുന്നു. അന്തർലക്ഷ്യോ ബഹിർദ്ദൃഷ്ടിനിമേഷോന്മേഷവർജ്ജിതഃ ഉന്മേഷനിമേ ഷരഹിതമായ ദൃഷ്ടി. ഭൈരവീയമുദ്രാനുപ്രവേശന്മു ക്തിയാൽ, , പ്രസരണം. കക്ഷ്യാസ്തോത്രത്തിൽഃ-

സർവ്വാശക്തിശ്ചേതസാദർശനാദ്യാഃ സ്വേ സ്വേ യൌഗപദ്യേന വിഷ്വഗ് ക്ഷിപ്ത്വാ മദ്ധ്യേ ഹാടക സ്തംഭഭൂതസ്തിഷ്ഠാവിശ്വാധാര ഏകോവഭാസി.

സർവ്വശക്തികളും ചേതനയാൽ സ്വസ്വവിഷയങ്ങളി ൽ ഒരുമിച്ച് നാലുദിശകളിലും പ്രസരിച്ച് , സുവ ർണ്ണസ്തംഭം പോലെ അചലരൂപമായി, വർത്തമാന മായി, ഇരിക്കുമ്പോൾ ഏകമായ വിശ്വാധാരമായി പ്രതീതമാകുന്നു. അവഭാസിക്കുന്നു.. ഭട്ടകല്ലടൻഃ- രൂപാദിഷു പരിണാമാത് തത് സിദ്ധിഃ രൂപാദികളുടെ അനുഭവവേളകളിൽ പോലും ചേത നക്ക് താനാണ് സർവ്വവുമായി പരിണമിച്ചതെന്ന ആന്തരബോധം ഉണ്ട്. അതാണ് സിദ്ധി. ഊർദ്ധ്വകു ണ്ഡലിനിയിൽ പ്രസരം, വിശ്രാന്തി, ദശകളുടെ മാന സികഅഭ്യാസം വികാസം- അത് സൂക്ഷ്മശക്തിദ്വാ രാ ഭ്രൂഭേദത്താൽ(മോഹത്താൽ പ്രാണനിരോധം) ക്രമത്തിൽ പ്രാപ്തമായി, സൂക്ഷ്മപ്രാണശക്തി മൂ ക്കിൽ വായുസ്പന്ദനത്തിന്റെ നിയമനത്താൽ വിക സിതമായി, സങ്കോചിതമായി, ഷഷ്ഠവക്ത്ര രൂപി യായി, (മേരുകന്ദം) സ്ഥിതി ചെയ്യുന്നു. അധഃകുണ്ഡ ലിനിയിൽ പ്രാണശക്തിയായി പുഷ്ടി പ്രാപിച്ച, അധകുണ്ഡലിനീമൂലകന്ദമദ്ധ്യം അഗ്രഭാഗത്ത് സമാ വേശമാവുന്നു.വിജ്ഞാനഭൈരവൻ (വിജ്ഞാനഭട്ടാ

രകൻ) പറയുന്നുഃ- വഹ്നേർ വിഷസ്യ മദ്ധ്യേതു ചിത്തം സുഖമയം ക്ഷിപേത്. കേവലം വായുപൂർണ്ണംവാ സ്മരാനന്ദേന യുജ്യതേ. സുഖമയമായ ചിത്തത്തെ കേവലരൂപത്തിൽ(വിഷയസംബന്ധരഹിതമായി) വായുദ്വാരാ പൂർണ്ണരൂപത്തിൽ (മദ്ധ്യനാഡീസ്ഥിതയായ ക്രമമായ ഉച്ചാരത്താൽ സ്വരരഹിതവ്യഞ്ജനമാത്രരൂപപ്രാണവായുവിൽ നിറഞ്ഞ രൂപമായി) വഹ്നി, വിഷം ഇവയുടെ മദ്ധ്യത്തിൽ ഏകാഗ്രമാക്കണം. ആ ദശയിൽ യോഗി സ്മരാനന്ദത്തോടു യുക്തനാണ്.

വഹ്നി അനുപ്രവേശക്രമേണ സങ്കോചഭൂ. വിഷസ്ഥാനം പ്രസരയുക്ത്യാ വികാസപദം. രണ്ട് ബാഹുക്കളുടെ ഇടയിൽ പ്രാണാപാനങ്ങളിൽ അപാനൻ വാമഗതം. പ്രാണൻ ദക്ഷിണഗതം.സുഷുമ്നയുടെ ഇടത്തും വലത്തും. ഹൃദയത്തിൽ സ്വരരഹിതമായ കകാരഹകാരാദിവ്യഞ്ജനവർണ്ണങ്ങളാൽ വിഛേദം. ജ്ഞാനഗർഭത്തിൽ പറയുന്നപോലെഃ-
അനച്കകൃതായതിപ്രസൃതപാർശ്വനാഡീദ്വയഛിന്ദോ വിധൃതചേതസോ ഹൃദയപങ്കജസ്യോദരേ ഉദേതി തത്ര ദ്വാരിതാന്ധതമസഃ സ വിദ്യാങ്കുരോയ ഏഷ പരമേശതാം ജനയിതും പശോരപ്യലം.

ഹേ, ജഗദംബേ, ഹൃദയകമലത്തിൽ ആരുടെ ചി ത്തം സ്ഥിരമായോ, സുഷുമ്നയുടെ ഇരുവശവും മുള്ള നാഡികളിൽ സ്വരമില്ലാതെ കകാരത്തിന്റെ നിമന്ത്രണം കൊണ്ട്, നിരുദ്ധമാകുമ്പോൾ, അന്ധകാരകാരകമായ തമസ്സ്, വിദാരിതമാകുന്നുവോ, നിന്റെ ജ്ഞാനത്തിന്റെ ആ അങ്കുരം പശുവിലും കൂടി പരമേശ്വരത്വം ഉൽപ്പന്നമാക്കാൻ ക്ഷമത ഉള്ളതാണ്.
ആദ്യാന്തകോടിനിഭാലത എന്ന പദം . ത്രയം- ആദികോടി ഹൃദയം- അന്തകോടി ദ്വാദശാന്തം. അവയിൽ പ്രാണോല്ലാസവിശ്രാന്ത്യവസരത്തിൽ

നിഭാലനം-ചിത്തനിവേശനത്താൽ പരിശീലനം.
വിജ്ഞാനഭൈരവത്തിൽഃ-

ഹൃദ്യാകാശം നിലീനാക്ഷഃ പത്മസമ്പുടമദ്ധ്യഗാഃ
അനന്യചേതാഃ സുഭഗേ പരം സൌഭാഗ്യമാപ്നുയാ ത്.
ഹേ, സുഭഗേ, ആരുടെ ഇന്ദ്രിയങ്ങൾ ഹൃദാകാ
ശത്തിൽ ലീനമായോ, അവൻ മറ്റൊന്നും ചിന്തിക്കു
ന്നില്ല. (ഏകാഗ്രചിത്തം) പരമസൌഭാഗ്യം പ്രാപി ച്ചു
കഴിഞ്ഞു. വിജ്ഞാനഭൈരവം- യഥാ തഥാ യത്ര തത്ര
ദ്വാദശാന്തേ മനഃക്ഷിപേത് പ്രതിക്ഷണാം
ക്ഷീണവൃത്തേർ വിലക്ഷണ്യം ദിനൈർ ഭവേത്.
ചിത്തത്തെ ദ്വാദശാന്ത്യത്തിലുറപ്പിച്ചവർക്ക് പ്രതി
ക്ഷണം ചിത്തദ്യുതി ക്ഷീണമാവുന്നു.
ദിവസങ്ങൾക്ക കം വിലക്ഷണമാവുന്നു.
ആദിപദത്താൽ ഉന്മേഷദശ യുടെ അഭ്യാസം
അറിയണം. ഉന്മേഷഃ സ തു വി ജ്ഞേയഃ സ്വയം
തമുപലക്ഷയേത് (സ്പന്ദകാരിക)
രമണീയവിഷയചർവ്വണാദിയെ സംഗ്രഹിക്കുന്നു
സ്വയം അനുഭവിച്ച രമണീയവിഷയത്തിന്റെ ആസ്വാ
ദനംഎന്ന് ആദിപദത്തെ സംഗ്രഹിക്കുന്നു. -
വിജ്ഞാനഭൈരവത്തിൽഃ-

ജഗ്ധിപാനകൃതോല്ലാസരസാനന്ദവിജൃംഭണാത്
ഭാവയേദ് ഭരിതാവസ്ഥാം മഹാനന്ദമയോ ഭവേത്

ഗീതാദി വിഷയാസ്വാദമസൌമൈക്യതാത്മതാ
യത്രതത്ര മനസ്തുഷ്ടിർ മനസ്തത്രൈവ ധാരയേത്
തത്രതത്രപരാനന്ദസ്വരൂപസപ്രകാശതേ

തിന്നുന്നതിലും കുടിക്കുന്നതിലുംഉള്ള ആനന്ദം
അനു ഭവിച്ച്, അത് വീണ്ടും വീമ്ടും വേണമെന്ന്
ആശി ക്കുന്നു. അതിന്റെ പൂർണ്ണാനന്ദാവസ്ഥയെ
ധ്യാനിക്കു ന്നു. ഇപ്രകാരമാണ് മഹാനന്ദം
പൂർണ്ണമാവുന്നത്. ഗീതാദിവിഷയങ്ങളിൽ
പരമാനന്ദം അനുഭവിച്ച യോഗി(സംഗീതയോഗി)

ഏകാത്മബാവം പ്രാപിച്ച്, ഏകാഗ്രചിത്തനായി തന്മയീഭവിച്ച് ആനന്ദതാദാ ത്മ്യം അനുഭവിക്കുന്നു. ഏതിലാണോ മനസ്സിന് പ്രസന്നത ലഭിക്കുന്നത്, അതിൽ ധ്യാനം ഉറയ്ക്കു ന്നു. (ധ്യാനാഭ്യാസത്താല്) അതിൽ പരമാനന്ദത്തി ന്റെ സ്വരൂപം ഭാനമാകുന്നു. ആനന്ദപൂർണ്ണമായ ആത്മാവിന് അന്യപ്രകാരമായ ഭാവനകൾ ഇല്ലാ താവുന്നത്, മദ്ധ്യവികാസത്താലാണ്. മദ്ധ്യവികാ സത്താൽ ചിദാനന്ദലാഭം, ചിദാനന്ദപ്രാപ്തി. പര മയോഗിയുടെ സമാധിയിൽ സമാവേശം മുതലായ സമാനാർത്ഥവാചിശബ്ദങ്ങൾ. സമാധിയിൽ നിത്യപ്ര കടമായി ഇരിക്കുന്നതിനുള്ള (നിത്യോദയം) ഉപാ യം താഴെ പറയുന്നു.

സൂ 19. സമാധിസംസ്കാരവന്തി വ്യത്ഥാനേ ഭൂയോ ഭൂയശ്ചിദൈക്യാമർശാന്നിത്യോദിതസമാധിലാഭഃ

(സമാധി മുതലായ അവസ്ഥകളെ അറിയുന്നതിന് - https://archive.org/details/suvarna-bindu-yogasuthra-and-bhashya-of-vachaspathimisra-2019/mode/2up എന്ന റഫറൻസ് നോക്കുക)

പരിപൂർണ്ണസമാധിസംസ്കാരത്തിൽ ചേതനയുമായി ഐക്യചിന്തനയാൽ ശാശ്വതസമാധിലാഭം. വ്യുത്ഥാ നാവസരത്തിലും കൂടി സമാധിരസത്താൽ അഭിന്ന നായിത്തന്നെ വർത്തിക്കുന്നു. ക്രമസൂത്രത്തിൽ പറ യുന്നുഃഃ ക്രമമുദ്രയാ അന്തഃസ്വരൂപയാ ബഹിർമുഖഃ സമാവിഷ്ടോ ഭവതി സാധകഃ തത്രാദൌ ബാഹ്യാത് അന്തഃപ്രവേശഃ അഭ്യന്തരാത് ബാഹ്യസ്വരൂപപ്ര വേശം ആവേശവശാത് ജായതേ ഇതി ബാഹ്യാഭ്യാ ന്തരോയം മുദ്രാക്രമഃ

സാധകന്റെ അന്തഃസ്വരൂപം ക്രമമുദ്രാദ്വാരാ പുറ ത്തേക്ക് നോക്കുമ്പോളും സമാവേശദശയിലിരിക്കു ന്നു. ക്രമമുദ്രയില് ആവേശത്തിന്റെ പ്രഭാവത്തിൽ ആദ്യം ചേതനക്ക് പുറത്തുനിന്ന് അകത്തേക്ക് പ്ര

വേശനം, പിന്നെ അകത്തുനിന്ന് പുറത്തേക്ക്- ഇപ്ര
കാരം മുദ്രാക്രമം ബാഹ്യാഭ്യന്തരമായി ചക്രം. ഒ
ന്നിനു ശേഷം ഒന്ന് എന്ന നിരന്തരക്രമം -മുദ്രാ-
(മുദ്രയതി)ചിത്ശക്തിയിൽ ആദ്യമേ സൃഷ്ടിസ്ഥിതി
സംഹാരരൂപമായി ആത്മസാക്ഷാത്കരിച്ചിട്ടുള്ളത്
അഥവാ മുദ്രണം ചെയ്തത്. ക്രമമുദ്ര. ആ ക്രമമു
ദ്രയിൽ തുരീയചിതിശക്തിയാൽ സൃഷ്ടിസ്ഥിതിസം
ഹാരക്രമത്തെ മുദ്രിതമാക്കി(സ്പഷ്ടരൂപത്തിൽ) ആ
ത്മസാത്കരിക്കുന്നു. പൂർണ്ണഅഹന്താരൂപമായ
അന്തഃസ്വരൂപതയാൽ ബഹിർമുഖവിഷയത്തിൽ
വസിക്കുമ്പോളും സമാവിഷ്ടനായി (പരമശക്തിയുടെ
വികാസത്തെ സാക്ഷാത്കരിച്ച്) സാധകൻ(പരമയോ
ഗി) ശക്തിവികാസം അനുഭവിക്കുന്നു. (അന്തഃസ്വരൂ
പത്തിലെ ക്രമമുദ്ര കാരണം). പൂർണ്ണാഹന്താസ്വരൂ
പമായ തുരീയചിതിശക്തിക്രമത്തെ മുദ്രിതമായി,
ആത്മസാത്ക്കരിക്കയാൽ

മുദ്രയുടെ കാരണങ്ങൾഃ-

1. പരമാനന്ദസ്വരൂപമാകയാൽ മുദ്ര ആനന്ദം വി
തരണം ചെയ്യുന്നു. മുദം രാതിദോദി വിതരതി
ഇതി മുദ്രാ(വ്യുത്പത്തി).
2. പാശവിലയനത്താൽ (ബന്ധവിമോചനം) . മുദ
ബന്ധം ദ്രാവയതി ഇതി മുദ്രാ എന്ന് വ്യുത്പ ത്തി.
3. വിശ്വാന്തർഭാഗത്ത് തുരീയസത്തയിൽ മുദ്രിതം
മോഹനബന്ധകാരണത്താൽ. (മുദ്രയതി ഇതി
മുദ്രാ)

സൃഷ്ടി മുതലായവയെ പ്രദർശിപ്പിക്കുന്നതാണ് ക്രമം.
സ്വയം സൃഷ്ടി ഇത്യാദി ക്രമത്തിൽ ഭാസി
ക്കുന്നതുമാണ്. ഇനി സംവിത്ത് സിദ്ധിയുടെ ഫലം
പറയുന്നു.

സൂ. 20. തദാപ്രകാശാനന്ദസാരമഹാമന്ത്രവീര്യാത്മക
പൂർണ്ണാഹന്താവേശാത് സദാ സർവ്വസർഗ്ഗസംഹാര

കാരി നിജ സംവിദ്ദേവതാചക്രേശ്വരതാപ്രാപ്തിർ ഭവതീതി ശിവം.

ക്രമമുദ്രാസിദ്ധിക്കുശേഷം, പ്രകാശാനന്ദസാരമായ മഹാമന്ത്രപൂർണ്ണ അഹന്തയാൽ സമാവേശം ഉണ്ടായി, സംവിത് ദേവതാസമൂഹത്തിൽ പ്രഭുത്വപ്രാ പ്തി വരുന്നു. ആ സമൂഹം വിശ്വസൃഷ്ടി, സംഹാ രം ചെയ്ത് ഇരിക്കുന്ന ശിവസ്വഭാവവും അറിയു ന്നു. നിത്യോദിതമായ സമാധിപ്രാപ്തി വരുന്നു. പരമോത്കൃഷ്ടവിമർശരൂപി അഹന്ത, സ്വാഭാവിക സ്വാത്മരൂപിചമത്കാരത്തിന്റെ ആനന്ദമാണ് പ്രകാശാനന്ദസാരം ,സ്ഘനചിദാനന്ദസാരം. മഹാമന്ത്രവീര്യാത്മകമായ അത് സകലമന്ത്രത്തിന്റേയും ജീവസ്വരൂപമാണ്. ഉഗ്രസ്വഭാവമായ കാലാഗ്നി തൊട്ട്, അന്തിമകല വരെ വിശ്വം സർഗ്ഗസംഹാരം(സൃഷ്ടിപ്രലയ)ചെയ്യുന്നത് സംവിദ് ദേവതാസമൂഹമാണ്. അതിൽ ഐശ്വര്യം,പ്രഭുത്വം ഇവയുടെ പ്രാപ്തി ഉണ്ട്. പരമയോഗം പ്രാപിച്ചവരുടെ വർത്തനം ഇപ്രകാരമാണ്.

ഇതി ശിവം എന്നതിന്റെ താൽപ്പര്യം- സർവ്വം ശിവസ്വരൂപം എന്നാണ്. ഇത് ഉപസംഹാരദ്യോതകമാ ണ്. ഈ ശബ്ദങ്ങളുടെ സംബന്ധം ഇതാണ്ഃ-ധ്യാന ത്തിൽ എന്ത് സംവേദ്യമാണോ, അതിന്റെ സ്വരൂപം സംവേദനം (പ്രമാണം)ആണ്. പ്രമാണത്തിന് താന്ത്രികസ്വരൂപം അന്തർമുഖി ആത്മചേതനാപൂർണ്ണമായ പ്രമാതാവാണ്. ആ പ്രമാതാവിനും സദാശിവേശ്വരതാസാരമാണ്. ദേഹം മുതലായ സങ്കുചിതഅനുബന്ധങ്ങളോട് താദാത്മ്യഭാവം വിഗലിതമായി, ശരീരസമസ്തം വിശ്വമാവുന്നു. സദാശിവേശ്വരതയുടെ പരമസാരം മഹേശ്വരനാണ്. അവന്റെ സമസ്തവിശ്വചമത്കാരം കൊണ്ട്, പരിപൂർണ്ണമാണ്. പ്രകാശത്തോടൊപ്പം ഏകസദ്ഭാവത്തോട് ഘടിതവുമാണ്. പാരമാർത്ഥികപ്രകാശത്തിന്റെ സഞ്ചാരമില്ലാതെ ഒ

രു വസ്തുവും പ്രകാശിതമാവുകയില്ല. (അഭിവ്യ ക്തം).
അത് പരമേശ്വരന്റെ ആനന്ദപ്രസരത്താൽ
പരിപൂർണ്ണമാണ്. സ്വാതന്ത്ര്യസാരമാണ്. കാരണം, അ
മുതൽ ക്ഷ വരെയുള്ള അമായീയശബ്ദരാശിയു ടെ
സ്മൃതികാരണം സമസ്തവാച്യവാചകമയസമ്പൂ
ർണ്ണജഗത്രൂപി ആനന്ദത്തിന്റെ ഐക്യഭാവം കൊ ണ്ടു
സമ്പന്നമാകയാൽ അത് സർവ്വഥാ പരിപൂർണ്ണ മാണ്.
ഒരു ആകാംക്ഷയും ഇല്ലാത്തതാണ്. അ മു തൽ ഏത്
അനുത്തരപദം(പരം)അകുലത്തിന്റെ സ്വ രൂപമോ.
ശക്തിയുടെ പ്രാചുര്യസ്വരൂപമായ ഹ കലാ വരെ
ഉള്ള വിശ്വം . സമാപ്തിദ്യോതകശബ്ദം മാത്രമാണ് ക്ഷ.
അ,ഹ ഇവരെ സംയോജദ്വാരാ പ്രത്യാഹാരം പോലെ
പിന്നെ സ്വീകരിച്ച അവിഭാ ഗ
(ഏകാകാശ)ദ്യോതകബിന്ദുരൂപത്തിൽ (പരമശി വ)
രൂപമാണ്.ഇപ്രകാരം ഇവിടെ സ്വാഭാവികവി മർശം
(അഹം ത്തിന്റെ ആന്തരികഅനുഭൂതി) ശബ്ദ
പുഞ്ചരൂപമാണ്. ഉൽപ്പലദേവൻഃ-
പ്രകാശസ്യാത്മവിശ്രാന്തിരർഹഭാവോഹികീർത്തി
തഃ ഉക്താ ച സൈവ വിശ്രാന്തിഃസർവ്വാപേക്ഷാ
നിരോ ധിതഃസ്വാതന്ത്ര്യമയകർതൃത്വം
മുഖ്യമീശ്വരതാപി ച വേദ്യമായ
സർവ്വപ്രകാശത്തിനും പിന്നിൽ വിശ്രാ ന്തി
അഹംഭാവം (ആത്മപ്രതീതി) പറയപ്പെടുന്നു.
വിശ്രാന്തിയെ സമസ്താപേക്ഷകളുടേയും നിരസന
ത്താൽ,പരമസ്വാതന്ത്ര്യം, ഈശ്വരത, മുഖ്യകർതൃത്വം
എന്ന് വിളിക്കുന്നു. ഈ അഹന്ത മഹതിയായ ശ
ക്തിഭൂമിയാണ്.ശിവശക്തികളുടെ മഹാൻ ആധാര
◌ാരണം സർവ്വമന്ത്രോദയവും വിശ്രാന്തിസ്ഥാനവും
ഇതാണ്. ഇതിന്റെ ബലത്താൽ സർവ്വക്രിയയും സം
ഭവിക്കുന്നു. ഇതിനാൽ ഏത് ഉദ്ദേശസിദ്ധിയും ല
ഭിക്കുന്നു.

ശ്രീസ്പന്ദകാരികഃ-തദാകമ്യബലം മന്ത്രാ-----
എന്നാരംഭിച്ച് ത ഏതേ ശിവധർമ്മിണഃ എന്നു വരെ.
(ഈ ബലം നേടി.......... സർവ്വം ശിവധർമ്മം
ശിവാത്മകം എന്നുവരെ)

ശിവസൂത്രം- മഹം ഹ്രദാനുസന്ധാനാന്മന്ത്രവീര്യാനുഭവഃ മഹാഹ്രദം മഹാസരോവരം. അനുസന്ധാനം കൊണ്ട് മന്ത്രശക്തിയുടെ അനുഭവം ഉണ്ടാവുന്നു. ഇതുവരെ സൂത്രത്തിലെ പ്രകാശാനന്ദഭൈരവത്തിന്റെ ഭാഷ്യം. ഇനി മഹാമന്ത്രവീര്യാത്മകപൂർണ്ണാഹന്താവേശാത്ഃ-
മഹാമന്ത്രശക്തിരൂപിപൂർണ്ണാഹന്തയിൽ ആവേശം പറയുന്നതിന്റെ താൽപ്പര്യം. ദേഹപ്രാണാദികളെ ഇതിൽ നിമജ്ജനം ചെയ്യുന്നതുകൊണ്ട് , ആപദപ്രാപ്തിസ്ഥിതേ- ജ്ഞേയമെല്ലാം പൂർണ്ണാഹന്തയുടെ രസത്തിൽ നിമഗ്നമായി തന്മയമായി കാണുന്നു. മനോബുദ്ധികളാൽ നിശ്ചയിക്കപ്പെടുന്ന സ്മരണങ്ങൾ,സങ്കൽപ്പങ്ങൾ വന്നാലും ഇതിലെല്ലാം ചിതിശക്തിയുടെ പ്രകാശം പൃഷ്ഠഭൂമിയായി സ്ഫുരണം ചെയ്യുന്നു. ചിതിശക്തിസ്ഫുരണം കൂടാതെ ഒന്നും പ്രകാശിതമാവുന്നില്ല. ഭിന്നഭിന്നസ്വഭാവമുള്ള മായാപ്രമാതൃക്കളായ(ജീവൻ)മനുഷ്യരുടെ ജ്ഞാന,സങ്കൽപ്പ,നിശ്ചയാദിരൂപത്തിൽ അതുതന്നെ കാണുന്നു. കാരണം ചിതിശക്തി ഏകമാണ്. ഈശ്വരപ്രത്യഭിജ്ഞാജ്ഞാനാധികരണത്തിൽ പറയുന്നുഃ-

യാ ചൈഷാപ്രതിഭാ തത്തദ് പദാർത്ഥക്രമരൂപിതാ
അക്രമാനന്തചിദ്രൂപാ പ്രമാതാ സ മഹേശ്വരഃ

ഭിന്നപദാർത്ഥക്രമത്തിൽ
രഞ്ജിതമാകുന്നസംവിത്ത്,
ക്രമരഹിത(കാലരഹിത)അനന്ത(ദേശരഹിത)ചിദ്രൂപ
,ശ്രേഷ്ഠപ്രമാതാപരമേശ്വര(മഹേശ്വര)നാണ്. ഇതേ
അർത്ഥം തരുന്ന ശ്ലോകം-

മായാശക്ത്യാവിഭോഃസൈവ ഭിന്നസംവേദ്യഗോചരാ
കഥിതാ ജ്ഞാനസങ്കൽപ്പാധ്യവസായാദിനാമഭിഃ
പ്രഭുവിന്റെ മായാശക്തിയാൽ ചിത്ശക്തിതന്നെയാ
ണ് ഭിന്നഭിന്നജ്ഞേയവിഷയങ്ങളും ജ്ഞാനവും സങ്ക
ൽപ്പവും അദ്ധ്യവസായവും(നിശ്ചയം) പലപല നാമ
ങ്ങളിൽ അറിയുന്നു എന്നുമാത്രം. ഇങ്ങനെ ഏക
മായ ചിദ്ശക്തി പലതായി പ്രകടമാവുന്നു. അനു
പ്രവേശം(സ്ഥിരത)കൊണ്ട് യുക്തിയാൽ ഉപലബ്ധ
മാവുന്നത്, അതിൽ പ്രവേശിക്കുമ്പോൾ പൂർവ്വകഥി
തയുക്തിയിൽ, ഇന്ദ്രിയങ്ങളുടെ ഉന്മീലനനിമീലനക്ര
മത്താൽ, സർവ്വവും സർവ്വമയമായ കാരണം, സദാ
സൃഷ്ടിസ്ഥിതിസംഹാരിയാണ്. പൂര്ണ്ണാഹന്തയുടെ
സ്പന്ദതത്വത്തിൽ ഏകസ്ഥാനത്ത് ഇവയെല്ലാം
ഇരിക്കുന്നു. സഹജസംവിത്തിദേവതാചക്രത്തിൽ
അന്തർബഹിർകരണങ്ങളുടെ മരീചിപുഞ്ജമിരി
ക്കുന്നു അവിടം ഈശ്വരത-ഈശ്വരസാമ്രാജ്യമാണ്.
സ്പന്ദകാരികഃ-യദാത്വാകത്ര സംരൂഢസ്തദാ തസ്യ
ലയോദ്ഭവൌ നിയഛൻഭോക്തൃതാമേതി തതച്ഛ
ക്രേശ്വരോ ഭവേത്. ഏകത്രാരോപയേത് സർവ്വം എന്ന്.
ചിത്സാമാന്യസ്പന്ദഭൂമി ഉന്മേഷാത്മാവായി
വ്യാഖ്യാനിക്കണം. പുര്യഷ്ടകേന സംരുദ്ധ എന്ന്
അവസാനം പുര്യഷ്ടകം പരാമർശിക്കുന്നു. ചിത്തി
ലാണ് പുര്യഷ്ടകവും സംരൂഢമായിരിക്കുന്നത്.
സ്ഥൂലസൂക്ഷ്മശരീരത്തെ ഒറ്റ സ്തുതിയിൽ പറയു ന്നുഃഃ

സ്വതന്ത്രശ്ചിതിചക്രാണാം ചക്രവർത്തീ മഹേശ്വരഃ
സംവിത്തിദേവതാചക്രജുഷ്ടഃ കോപിജയത്യസൌ

ബാഹ്യാന്തരേന്ദ്രിയങ്ങളിൽ അധിവസിക്കുന്ന സംവി
ത്ശക്തിസമൂഹത്താൽ സേവിതമായ ചിതിചക്ര
ത്തിന്റെ സ്വതന്ത്രചക്രവർത്തിസാമ്രാട്ട് മഹേശ്വരൻ.
അതിനെ അറിയുന്ന വിരളം വ്യക്തികൾ മാത്രമാ ണ്
യഥാർത്ഥവിജയികൾ. ദേഹപ്രാണസുഖാദികൾ
പ്രതിക്ഷണം മാറുന്ന മനുഷ്യൻ ഈ ചിതിയെ മ

ഹേശ്വരരൂപമായി പൂർണ്ണാനന്ദമായി അറിയുന്നില്ല. എന്നാലും ഈ ഉപദേശത്താൽ ജ്ഞാനരൂപമായ അമൃതസമുദ്രത്തിൽ വിശ്വത്തിന്റെ നാലു ദിശകളിലും അതിന്റെ ഫേനപിമ്ഢസമാനമായവയെ കണ്ട്, അത് ശിവമെന്ന് പറയുന്നു.

ദേഹപ്രാണസുഖാദിഭിഃ പ്രതികലം സംരുദ്ധ്യമാനോ ജനഃ പൂർണ്ണാമമ്ദഘനാമിമാം ന ചിനുതേ മഹേശ്വരീം സ്വാം ചിതിഃ മദ്ധ്യേ ബോധസുധാബ്ധിവിശ്വമഭിതസ്തത്ഫേനപിണ്ഡോപമം യഃ പശ്യേദുപദേശതസ്തു കഥിതഃസാക്ഷാത് സ ഏകഃ ശിവഃ

യേഷാം പുനഃശാങ്കരഃശക്തിപാതോ യേനഭ്യാസാത്തീക്ഷ്ണയുക്തിഷ്വയോഗ്യാഃ ശക്തോ ജ്ഞാതും നേശ്വരപ്രത്യഭിജ്ഞാമുക്തസ്തേഷാമേഷഃ തത്വോപദേശഃ സമാപ്തമിദം പ്രത്യഭിജ്ഞാഹൃദയം ദൃതിസ്തത്രഭവന്മഹാമഹേശ്വരാചാര്യവര്യശ്രീമദഭിനവഗുപ്തപാദപത്മോപജീവിതഃശ്രീ രാജാനക ക്ഷേമരാജാചാര്യസ്യ . ശുഭമസ്തു.

ശക്തിപാതമുള്ളവർക്ക് ശങ്കരാനുഭവം ലഭിക്കും. അഭ്യാസം ചെയ്യാതിരുന്നാൽ, പ്രസരം താർക്കിക ചിന്തനത്തിന് അസമർത്ഥമാവും. അതിനാൽ ഉൽപ്പലദേവവിരചിതമായ ഈശ്വരപ്രത്യഭിജ്ഞ രചിക്കപ്പെട്ടു. പ്രത്യഭിജ്ഞാ ഹൃദയമെന്ന ഈ തത്വോപദേശം അതിനെ അവലംബിച്ച് അഭിനവഗുപ്തന്റെ പാദപത്മോപജീവിയായ (ശിഷ്യൻ) ശ്രീ രാജാനകക്ഷേമരാജൻ രചിച്ച ലഘുസംക്ഷേപ മാണ്.

ഡോ സുവർണ്ണ നാലപ്പാട്ട്.